# ചെറുപുഴ

## ഗ്രാമപഞ്ചായത്ത്

### പതിനാലാം പഞ്ചവത്സര പദ്ധതി

## 2022 -27

# സ്റ്റാറ്റസ് റിപ്പോർട്ട്

### വാർഷിക പദ്ധതി 2026-2027

# പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്ത് :ചെറുപുഴ
ആസ്ഥാനം :ചെറുപുഴ
വിസ്തൃതി :75.64 ച.കീ.മീ.
അതിരുകള്
കിഴക്ക് :കർണ്ണാടക സംസ്ഥാനം
ഉദയഗിരി ഗ്രാമപഞ്ചായത്ത്
വടക്ക് :കർണ്ണാടക സംസ്ഥാനം
ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്
തെക്ക് : ഉദയഗിരി,ആലക്കോട് ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ് :പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്ത്
ജനസാന്ദ്രത
ജനസംഖ്യ : 37970
(2011 സെൻസസ് പ്രകാരം) ആൺ : 15004
പെണ് : 15729
പട്ടികജാതി ജനസംഖ്യ : 760
പട്ടികവർഗ്ഗ ജനസംഖ്യ :1558
ആൺ :729
പെൺ :829
വില്ലേജുകൾ : 3
തിരുമേനി
പുളിങ്ങോം
വയക്കര
പെരിങ്ങോം(ഭാഗികം)
ബ്ലോക്ക് :പയ്യന്നൂർ
താലൂക്ക് :പയ്യന്നൂർ
അസംബ്ലി നിയോജകമണ്ഡലം :പയ്യന്നൂർ
ലോകസഭ മണ്ഡലം :കാസർഗോഡ്
ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങൾ :20
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷന്:
(പുളിങ്ങോം 3 മുതൽ10 വരെ )
പ്രാപ്പോയില് 11 മുതല് 17 വരെ,2 )
(പാടിയോട്ടുചാൽ1,18,19,20)
ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ : 1(കരിവെള്ളൂര്)

വീടുകളുടെ എണ്ണം : 11583

| | | | | |
|---|---|---|---|---|
| ചെറുപുഴ ഗ്രാമപഞ്ചായത്ത് | | | | |
| ഭരണസമിതി 2025-2030 | | | | |
| വാർഡ് | വാർഡിന്റെ പേര് | പേര് | തസ്തിക | ഫോൺ നമ്പർ |
| 1 | കൊല്ലാട | മാനുവൽ മാപ്പപറമ്പിൽ | മെമ്പർ | 9447547025 |
| 2 | ചെറുപുഴ | ലളിത ബാബു | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9744546025 |
| 3 | കോലുവള്ളി | പ്രവീൺ കെ ഡി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9496833347 |
| 4 | ചുണ്ട | കെ സി ലക്ഷ്മണൻ | മെമ്പർ | 8547144775 |
| 5 | പുളിങ്ങോം | ജമീല കോളയത്ത് | മെമ്പർ | 9447008259 |
| 6 | ഇടവരമ്പ | ലീന വില്യം മാങ്കോട്ടിൽ | ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9946938589 |
| 7 | കരിയക്കര | ശ്രുതി രാജേഷ് | മെമ്പർ | 9562306776 |
| 8 | രാജഗിരി | വിജി കെ ജോൺ പൊടിമറ്റത്തിൽ | മെമ്പർ | 8590472005 |
| 9 | ജോസ്ഗിരി | ഷൈമ ജെനു തച്ചുകുന്നേൽ | മെമ്പർ | 8547547280 |
| 10 | കോഴിച്ചാൽ | റോഷി ജോസ് | മെമ്പർ | 9447373972 |
| 11 | ചട്ടിവയൽ | ജോസഫ് (പി ജെ ജോസ് ) | മെമ്പർ | 9645770189 |
| 12 | മരുതംപാടി | ജോളി സണ്ണി പതിയിൽ | മെമ്പർ | 9526615863 |
| 13 | തിരുമേനി | പ്രിൻസ് വെള്ളക്കട | മെമ്പർ | 9496705398 |
| 14 | എയ്യൻകല്ല് | മഞ്ജു വിനോദ് | മെമ്പർ | 7560894368 |
| 15 | പ്രാപ്പൊയിൽ | സീമ മുകുന്ദൻ | മെമ്പർ | 8606196987 |
| 16 | പാറോത്തുംനീർ | പി വി വിജയൻ | മെമ്പർ | 9446269029 |
| 17 | മുളപ്ര | അനീഷ് ആന്റണി കാലായിൽ | മെമ്പർ | 9656863181 |
| 18 | മഞ്ഞക്കാട് | ടി പി ചന്ദ്രൻ | മെമ്പർ | 9495296144 |
| 19 | കാക്കേഞ്ചാൽ | ലൈസമ്മ തോമസ് പനക്കൽ | പ്രസിഡണ്ട് | 9497857816 |
| 20 | മച്ചിയിൽ | സതീശൻ കാർത്തികപ്പള്ളിൽ | വൈസ് പ്രസിഡണ്ട് | 8848325740 |

## ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങള്

| | | | |
|---|---|---|---|
| 1 | ലൈസമ്മ തോമസ് പനക്കൽ | അദ്ധ്യക്ഷൻ | 9497857816 |
| 2 | മനോജ് വടക്കേൽ | ഉപാദ്ധ്യക്ഷൻ | 9656510399 |
| 3 | സതീശൻ കാർത്തികപ്പള്ളിൽ | ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | 8848325740 |
| 4 | ലളിത ബാബു | വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9744546025 |
| 5 | പ്രവീൺ കെ.ഡി | ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | 9496833347 |
| 6 | ലീന വില്ല്യം | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9946938589 |
| 7 | വി കൃഷ്ണൻ മാസ്റ്റർ | അംഗം | 9446445029 |
| 8 | കെ എം ഷാജി | അംഗം | 9400110476 |
| 9 | എ ബാലകൃഷ്ണൻ | അംഗം | 9495418620 |
| 10 | ഡെന്നി കാവാലം | അംഗം | 9495082825 |
| 11 | കെ കെ സുരേഷ്കുമാർ | അംഗം | 9447394589 |
| 12 | മഹമൂദ് ഹാജി | അംഗം | 9544668968 |
| 13 | സുനിൽ വി ആർ | അംഗം | 9846748289 |
| 14 | ബിനോയ് മുതുകാട്ടിൽ | അംഗം | 9745388117 |
| 15 | ബിറ്റാജ് തോമസ് | കൺവീനർ( സെക്രട്ടറി ചെറുപുഴ ഗ്രാമപഞ്ചായത്ത്) | 9495673910 |

## നിർവഹണ ഉദ്യോഗസ്ഥരുടെപട്ടിക

| പേര് | പദവി | ഓഫീസ് | ഫോൺ നമ്പര് |
|---|---|---|---|
| അഞ്ജു പി | കൃഷി ഓഫീസർ | കൃഷി ഓഫീസ് | 9383472265 |
| ഡോ ജിബിൻ . ചെറിയാൻ | വെറ്റിനറി സർജൻ | വെറ്റിനറി ഹോസ്പിറ്റൽ, ചെറുപുഴ | 9446221469 |
| ഡോഅരുൺ . | മെഡിക്കൽ  ഓഫീസര് | എഫ്.എച്ച്.സി പുളിങ്ങോം | 9496853357 |
| ഡോജയദീപ് . | മെഡിക്കൽ  ഓഫീസര് | ഹോമിയോ ഡിസ്പെൻസറി, തിരുമേനി | 9447545802 |
| ബീന സി.കെ | ഹെഡ്മാസ്റ്റർ | ഇടവരമ്പ ജി.എൽ.പി സ്കുൾ | 9497051187 |
| രാജീവ് സി.കെ | വിഒ.ഇ. | പുളിങ്ങോം സർക്കിൾ | 7510940462 |
| ഗീത പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് ഓഫീസ്,ചെറുപുഴ | 9526247844 |
| പൊന്നി എം.സി | ഡയറിഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ ഓഫീസ്, പയ്യന്നൂർ | 7012027178 |
| രാജു പി.കെ | അസി എഞ്ചിനീയർ | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 9745942401 |
| അനിൽകുമാര് പി | അസി.സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 9048157616 |
| ബിറ്റാജ് തോമസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 9495673910 |

പ്ലാൻ കോ-ഓർഡിനേറ്റര് : സെക്രട്ടറി

# പൊതുഭരണവും ധനകാര്യവും

| |
|---|
| കണക്കുകൾ രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ-ഗവേണൻസ് , തനത് വരുമാന വർധനവ് വികസന മാസ്റ്റർ പ്ലാന് തയ്യാറാക്കൽ, സേവന പ്രാദാനം മെച്ചപ്പെടുത്തൽ, സത്ഭരണം, വാതിൽപ്പടി സേവനം മുതയാലവ |

# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ  വിവരങ്ങൾ

ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ  വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്    :ചെറുപുഴ

ഭരണസമിതി തീരുമാനം നമ്പരും തീയ്യതിയും: 01/2027(02) തീയ്യതി 30/01/2026

| ക്രമ.നം | പേരും,വിലാസവും | ഫോൺ നമ്പർ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/പുരുഷൻ | എസ്.സി/എസ്.ടി/മറ്റുള്ളവ |
|---|---|---|---|---|---|
| 1 | സതീശൻ കാർത്തികപ്പള്ളി | 8848325740 | ചെയർമാൻ | പു | ജനറൽ |
| 2 | സലീം തേക്കാട്ടിൽ | 9497241851 | വൈസ് ചെയർമാൻ | പു | ജനറൽ |
| 3 | ജോസ് ഈരൂരിക്കൽ | 94477685142 | അംഗം | പു | ജനറൽ |
| 4 | പി കെ ചന്ദ്രശേഖരൻ | 9400432451 | അംഗം | പു | ജനറൽ |
| 5 | സുജേഷ് എം | 9447765201 | അംഗം | പു | ജനറൽ |
| 6 | ദിലീഷ്കുമാർ കെ എസ് | 9495082716 | അംഗം | പു | ജനറൽ |
| 7 | എ ടി വി ദാമോദരൻ | 7306008957 | അംഗം | പു | ജനറൽ |
| 8 | മുത്തലീബ് എ ജി | 8848652714 | അംഗം | പു | ജനറൽ |
| 9 | ജോസ് മാണിവേലിൽ | 9496050437 | അംഗം | പു | ജനറൽ |
| 10 | ദാമോദരൻ വി വി | 9961493905 | അംഗം | പു | ജനറൽ |
| 11 | എ സി പൗലോസ് | 9947814717 | അംഗം | പു | ജനറൽ |

| | | | | | |
|---|---|---|---|---|---|
| 12 | ബിജു വടക്കൻ | 9446238332 | അംഗം | പു | ജനറൽ |
| 13 | റോബിൻ മാത്യു | 8111967811 | അംഗം | പു | ജനറൽ |
| 14 | പി ജെ ജോസഫ് | 9497857832 | അംഗം | പു | ജനറൽ |
| 15 | ബാലൻ പി പി | 9744488854 | അംഗം | പു | ജനറൽ |
| 16 | സിജു കെ എ കോയിക്കൽ | 9947828336 | അംഗം | പു | ജനറൽ |
| 17 | ആന്റണി പുത്തൻപുര | 8281796434 | അംഗം | പു | ജനറൽ |
| 18 | ജിജി കൊച്ചുപറമ്പിൽ | 9446691818 | അംഗം | പു | ജനറൽ |
| 19 | കെ എം തോമസ് | 9495015552 | അംഗം | പു | ജനറൽ |
| 20 | ജോർജ് ഇട്ടിയപ്പാറ | 9447935763 | അംഗം | പു | ജനറൽ |
| 21 | സന്തോഷ് സി കെ | 9496796372 | അംഗം | പു | ജനറൽ |
| 22 | ജയിംസ് രാമത്തറ | 9495014374 | അംഗം | പു | ജനറൽ |
| 23 | ജായിസ് കണ്ടത്തിൽ | 8606752608 | അംഗം | പു | ജനറൽ |
| 24 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | | കൺവീനർ | | |

വികസന മേഖല  : പൊതുഭരണവും ധനകാര്യവും

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്:ചെറുപുഴ ഗ്രാമ പഞ്ചായത്ത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെമേൽവിലാസം:ചെറുപുഴ പി ഒ, കണ്ണൂർജില്ല. 05/02/2026 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.

| | | |
|---|---|---|
| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
| വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് |
| ചെയർപേഴ്സണ് | വൈസ്ചെയർപേഴ്സണ് | കൺവീനര് |

# ആമുഖം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ഒട്ടേറെ ചുമതലകളും ഉത്തരവാദിത്തങ്ങളും അധികാരങ്ങളും ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഈ അധികാരങ്ങളും സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനമായി ഗ്രാമപഞ്ചായത്തിനെ മാറ്റുക എന്ന ഉത്തരവാദിത്തമാണ് ഭരണസമിതിക്കുള്ളത്.

പൊതുഭരണം എന്നത് അടിസ്ഥാനപരമായി ഇവിടെ തദ്ദേശസ്ഥാപനത്തിന്റെ നയങ്ങളുടെയും പൊതുപദ്ധതികളുടെയും നടപ്പിലാക്കാലാണ്. തദ്ദേശ ഭരണകാര്യങ്ങളിലും ആസൂത്രണ വികസന പ്രവർത്തനങ്ങളിലും വർധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രാദേശിക ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനും 73-ാം ഭരണഘടന ഭേദഗതി വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തികവികസനവും സാമൂഹ്യനീതിയും കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനു ശേഷിയുള്ള തദ്ദേശസ്ഥാപനമായി ഗ്രാമപഞ്ചായത്തുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തി പൊതുഭരണം മെച്ചപ്പെടുത്തു-ന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്..

2000 ൽ നിലവില് വന്ന ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷകരാണെങ്കിലും സേവന മേഖലയിലെയും വ്യാപാര മേഖലയിലെ വളർച്ച ഗ്രാമപഞ്ചായത്തിനെ ഏറെ മുന്നോട്ട് പോകാൻ സഹായിച്ചിട്ടുണ്ട്. സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമവുമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതിലൂടെ ISO അംഗീകാരവും പഞ്ചായത്തിനെ തേടിയെത്തി.സമ്പൂർണ ശുചിത്വ പരിപാലനപരിപാടി നടപ്പാക്കിയതിലൂടെ നിർമ്മൽ പുരസ്കാരവും ഒ ഡി എഫ്, ഒ ഡി എഫ് പ്ലസ് പുരസ്കാരവും ഹരിത പദവി എന്നിവയും വിവിധ ഘട്ടങ്ങളിൽ നേടിയിട്ടുണ്ട്.

പൗരൻറെ ജനനം മുതല് മരണം വരെയുള്ള പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽഗ്രാമപഞ്ചായത്ത്ഓഫീസുമായി ബന്ധപ്പെടാതെ കടന്നുപോകുക അസാധ്യമാണ്. സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പരമപ്രധാനം.സത്ഭരണത്തിൻറെ ഭാഗമായി കംപ്യൂട്ടർവത്കരണം പൂർത്തിയാക്കി വിവരങ്ങള് വിരൽത്തുമ്പില് ലഭ്യമാക്കുന്ന തരത്തിൽ ഓഫീസ് പ്രവർത്തനങ്ങള് കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്.

2018 ലെയും 2019ലെയും സമാനതകളില്ലാത്ത പ്രളയദുരന്തവും 2020ൽ പൊട്ടിപ്പുറപ്പെട്ട കോവിഡ് മഹാമാരിയും പഞ്ചായത്തിൻറെ സാമ്പത്തിക അടിത്തറയെ സാരമായി ബാധിച്ചു.പുതിയ സംരംഭങ്ങൾക്കുവേണ്ട അടിസ്ഥാന സൌകര്യങ്ങള് ഒരുക്കുക, റോഡ് ശ്യംഖല കഴിയുന്നത്ര മെച്ചപ്പെടുത്തുക, മലയോര മേഖലയുടെ ടൂറിസം സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക, കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുക വഴി എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നത് വഴി അനന്തമായ വികസനസാധ്യതകളിലേക്ക് നമുക്ക് പ്രവേശിക്കാനാകും.

# അദ്ധ്യായം 1

## 2000 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

### 2000 ലെ അവസ്ഥ:

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൻറെ ഭാഗമായിരുന്ന ചെറുപുഴ ഗ്രാമപഞ്ചായത്ത് 2000 ഒക്ടോബര് 1 ന് നിലവില് വന്നു. പ്രവർത്തനമാരംഭിച്ച സമയത്ത് ആകെ 15 വാർഡുകളാണ് ഉണ്ടായിരുന്നത്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൻറെ മുകൾനിലയില് പരിമിത സൌകര്യത്തോടെ ആരംഭിച്ച പഞ്ചായത്ത് ഓഫീസ് 5 വർഷംകൊണ്ട് ബാലാരിഷ്ടതകൾ മറികടന്ന് സാധാരണ നിലയില് പ്രവർത്തിക്കാന് തുടങ്ങിയത്. പ്രസിഡണ്ട് ശ്രീ. പൈതലേൻ ദാമോദരന് അടങ്ങിയ 15 അംഗ പ്രഥമഭരണസമിതിയാണ് ഇന്നത്തെ വികസനത്തിന് തുടക്കം കുറിച്ചത്.ജംഗമ ആസ്തിയായി മാതൃപഞ്ചായത്തിൽ നിന്ന് റോഡ് റോളർ മാത്രമാണ് ലഭിക്കപ്പെട്ടത്.

| ക്രമ നമ്പർ | വിട്ട് കിട്ടിയ സ്ഥാപനങ്ങൾ |
|---|---|
| 1 | കൃഷിഭവൻ, ചെറുപുഴ |
| 2 | പുളിങ്ങോം പി.എച്ച്. സി |
| 3 | ഹോമിയോ ഡിസ്പെൻസറി, തിരുമേനി |
| 4 | വാഴക്കുണ്ടം എൽ. പി. സ്കൂൾ |
| 5 | അംഗണവാടികൾ - 24 എണ്ണം |
| 6 | വി.ഇ.ഒ ഓഫീസ്, ചെറുപുഴ |
| 7 | വെറ്റിനറി ഡിസ്പെൻസറി, ചെറുപുഴ |

### സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വാഴക്കുണ്ടം എൽ. പി. സ്കൂൾ
സെൻറ് അഗസ്റ്റിൻസ് എൽ. പി. സ്കൂൾ കോഴിച്ചാൽ
തിരുമേനി എസ്.എൻ.ഡി.പി എൽ. പി. സ്കൂൾ
ജെ.എം.യു.പി സ്കൂൾ ചെറുപുഴ
സെൻറ് ജോസഫ് യു.പി. സ്കൂൾ ജോസ്ഗിരി

ജി.എച്ച്.എസ് പ്രാപ്പൊയിൽ
ജി.എച്ച്.എസ് തിരുമേനി
ജി.എച്ച്.എസ്. എസ് കോഴിച്ചാൽ
ജി.എച്ച്.എസ് പുളിങ്ങോം
സെൻറ് മേരീസ് എച്ച്.എസ് ചെറുപുഴ

സർക്കാര് ഓഫീസുകൾ

വില്ലേജ് ഓഫീസ് പുളിങ്ങോം
വില്ലേജ് ഓഫീസ് വയക്കര (ഭാഗികം)
വില്ലേജ് ഓഫീസ്, തിരുമേനി
110 കെ.വി സബ് സ്റ്റേഷൻ, കുണ്ടംതടം

## ഇന്നത്തെ അവസ്ഥ:

ജനകീയാസൂത്രണപ്രസ്ഥാനത്തിൻറെ സമാനതകളില്ലാത്ത നേട്ടങ്ങള് ഒരുപരിധിവരെ നമുക്കും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം , പാർപ്പിടം, ദാരിദ്ര നിർമ്മാർജ്ജനം, ഗ്രാമീണ റോഡുകൾ, പാലങ്ങൾ, വനിതാ ശാക്തീകരണം, ശിശുപരിപാലനം മറ്റ് സാമൂഹ്യ ക്ഷേമ പ്രവര്ത്തനങ്ങൾ എന്നിവയില് വന് പുരോഗതി കൈവരിക്കാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

നാളിതുവരെ 85 കോടി രൂപയുടെ വികസന പ്രവർത്തങ്ങള് നടത്താന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. സമസ്ത മേഖയിലുമുള്ള വികസനത്തിന് പുറമേ 2015 -16 കാലഘട്ടത്തിൽ ലഭ്യമായ ഒന്നരക്കോടി പട്ടികവർഗ്ഗ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കാനംവയൽ പാലം, 1.50 കോടി ചെലവില് ചെറുപുഴ പഞ്ചായത്ത് ഓഫീസ് കെട്ടിടം, 45 ലക്ഷം രൂപ ചെലവുള്ള അപ്പാരല് പാർക്ക്, ജനകീയ ഹോട്ടൽ, ടേക്ക് എ ബ്രേക്ക് പദ്ധതികള്, പുളിങ്ങോം എഫ്.എച്ച്.സി., എന്നിവയെല്ലാം ഗ്രാമപഞ്ചായത്തിൻറെ പ്രവർത്തനനേട്ടങ്ങളില് എടുത്ത് പറയേണ്ടവയാണ്.

# അവസ്ഥാ വിശകലനം

## അടിസ്ഥാന വിവരങ്ങൾ

### സ്ഥാപനങ്ങൾ

ഘടക സ്ഥാപനങ്ങൾ

| സ്ഥാപനത്തിൻറെ പേര് | ജീവനക്കാർ എണ്ണം |
|---|---|
| കൃഷിഭവൻ ചെറുപുഴ | 3 |
| വി ഇ ഒ ആഫീസ് | 2 |
| വെറ്റിനറി ഡിസ്പെന്സറി | 9 |

| | |
|---|---|
| ഗവ: എൽ പി സ്കൂള് വാഴക്കുണ്ടം | 5 |
| കുടുംബാരോഗ്യ കേന്ദ്രം, പുളിഞ്ഞോം | 33 |
| ഗവ: ഹോമിയോ ഡിസ്പെൻസറി, തിരുമേനി | 3 |
| ഗവ: ഹോമിയോ ഡിസ്പെൻസറി,കോലുവള്ളി | 3 |
| ഗവ: ആയുർവേദ ഡിസ്പെൻസറി, ചെറുപുഴ | 3 |
| ഗവ: ആയുർവേദ ഡിസ്പെൻസറി, പ്രാപ്പൊയിൽ | 3 |
| ഐ സി ഡി എസ് , ചെറുപുഴ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്,LSGD ചെറുപുഴ | 4 |

മറ്റ് സ്ഥാപനങ്ങൾ

| | സ്ഥാപനത്തിൻറെ പേര് | എണ്ണം | |
|---|---|---|---|
| | | സർക്കാര് | സർക്കാരിതരം |
| 1 | ചെറുപുഴ പോലീസ് സ്റ്റേഷൻ | 36 | |
| 2 | കെ.എസ്.എഫ്.ഇ.ലിമിറ്റഡ്, ചെറുപുഴ | 8 | |
| 3 | കെ.എസ്.ഇ.ബി ഇലക്ട്രിക്കല് സെക്ഷന് ചെറുപുഴ | 37 | |
| 4 | കെ എസ് ഇ ബി സബ്സ്റ്റേഷൻ ചെറുപുഴ | 6 | |
| 5 | സബ് ട്രഷറി ചെറുപുഴ | 12 | |
| 6 | ഫോറസ്റ്റ് ഓഫീസ് | 2 | |
| 7 | കുടുംബാരോഗ്യ കേന്ദ്രം,പുളിഞ്ഞോം | 42 | |
| 8 | സെൻറ് സെബാസ്റ്റ്യൻസ് ഹോസ്പിറ്റല് ചെറുപുഴ | | 20 |
| 9 | ലീഡർ ഹോസ്പിറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് | | 29 |
| 10 | ചെറുപുഴ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ചെറുപുഴ | | 13 |
| 11 | ചെറുപുഴ മെഡിക്കൽ സെൻറര് ചെറുപുഴ | | 4 |
| 12 | ഗവൺമെൻറ് വെറ്റിനറി ഡിസ്പെൻസറി ചെറുപുഴ | 9 | |
| 13 | ആയുഷ് പ്രൈമറി ഹെൽത്ത് സെൻറര് ചെറുപുഴ (ആയുർവ്വേദം ) | 3 | |
| 14 | ആയുഷ് പ്രൈമറി ഹെൽത്ത് സെൻറര് പ്രാപ്പൊയിൽ(ആയുർവ്വേദം) | 2 | |
| 15 | ഗവ.ഹോമിയോ ഡിസ്പെൻസറി തിരുമേനി | 4 | |
| 16 | ആയുഷ് പ്രൈമറി ഹെൽത്ത് സെൻറര്, കോലുവള്ളി | 2 | |
| 17 | വില്ലേജ് ഓഫീസ് പുളിഞ്ഞോം | 5 | |

| | | | |
|---|---|---|---|
| 18 | വില്ലേജ് ഓഫീസ് തിരുമേനി | 5 | |
| 19 | വില്ലേജ് ഓഫീസ് വയക്കര | 8 | |
| 20 | ബി.എസ്.എൻ.എൽ ചെറുപുഴ | 6 | |
| 21 | എൽ ഐ സി ചെറുപുഴ | | 3 |
| 22 | അക്ഷയ കേന്ദ്രം പുളിങ്ങോം | | 1 |
| 23 | അക്ഷയ കേന്ദ്രം, ചെറുപുഴ | | 1 |
| 24 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, ചെറുപുഴ ഉപകാര്യാലയം | | 2 |
| 25 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് ചെറുപുഴ | | 6 |
| 26 | ജി.എച്ച്.എസ്.എസ് കോഴിച്ചാൽ | 34 | |
| 27 | ജി.വി.എച്ച്.എസ്.എസ് പുളിങ്ങോം | 33 | |
| 28 | ജി എച്ച് എസ്.എസ് പ്രാപ്പൊയിൽ | 44 | |
| 29 | സെൻറ് മേരീസ് ഹൈസ്ക്കൂള് ചെറുപുഴ | | 33 |
| 30 | ജെ.എം.യു.പി സ്കൂൾ ചെറുപുഴ | | 30 |
| 31 | സെൻറ് ജോസഫ് യു.പി.സ്കൂൾ ജോസ്ഗിരി | | 5 |
| 32 | ജി എൽ പി സ്കൂൾ വാഴക്കുണ്ടം | 5 | |
| 33 | എസ് എൻ ഡി പി എല് പി സ്കൂള് തിരുമേനി | | 6 |
| 34 | സെൻറ് അഗസ്റ്റ്യൻസ് എല് പി സ്കൂള്, കോഴിച്ചാൽ | 5 | |
| 35 | സെൻറ് ജോസഫ് എച്ച് എസ് എസ് ചെറുപുഴ | | 31 |
| 36 | ആർക്കേഞ്ചൽസ് സ്കൂള് കന്നിക്കളം | | 28 |
| 37 | വിശ്വജ്ഞാൻ ഇംഗ്ലീഷ് സ്കൂള് പുളിങ്ങോം | | 4 |
| 38 | സെൻറ് ആൻറണീസ് ഇംഗ്ലീഷ് മീഡിയം സ്കൂള് തിരുമേനി | | 6 |
| 39 | നവജ്യോതി കോളേജ് ചെറുപുഴ | | 39 |
| 40 | പോസ്റ്റ് ഓഫീസ്, ചെറുപുഴ (സബ്ബ് പോസ്റ്റ് ഓഫീസ് ) | 8 | |
| 41 | പോസ്റ്റ് ഓഫീസ്, തിരുമേനി | 3 | |
| 42 | പോസ്റ്റ് ഓഫീസ്, ജോസ്ഗിരി | 2 | |
| 43 | പോസ്റ്റ് ഓഫീസ്, കോഴിച്ചാൽ | 2 | |
| 44 | പോസ്റ്റ് ഓഫീസ്, ഇടവരമ്പ് | 1 | |
| 45 | പോസ്റ്റ് ഓഫീസ് ചുണ്ട | 2 | |
| 46 | പോസ്റ്റ് ഓഫീസ് പ്രോപ്പൊയിൽ | | 1 |
| 47 | പോസ്റ്റ് ഓഫീസ് കാനംവയൽ | | 2 |
| 48 | പോസ്റ്റ് ഓഫീസ് താബോർ | 3 | |

| | | |
|---|---|---|
| 49 | എസ് ബി ഐ ചെറുപുഴ | 7 |
| 50 | ഫെഡറൽ ബാങ്ക് ചെറുപുഴ | 9 |
| 51 | സൌത്ത് ഇൻഡ്യന് ബാങ്ക് ചെറുപുഴ | 7 |
| 52 | കേരള ഗ്രാമീണ ബാങ്ക് ചെറുപുഴ | 4 |
| 53 | കേരള ഗ്രാമീണ ബാങ്ക് കോഴിച്ചാൽ | 3 |
| 54 | എസ് ബി ഐ തിരുമേനി | 3 |
| 55 | കേരള ബാങ്ക്, ചെറുപുഴ | 6 |
| 56 | ഇസാഫ് ബാങ്ക്, തിരുമേനി | 3 |
| 57 | കാനറ ബാങ്ക് ചെറുപുഴ | 4 |
| 58 | പാടിയോട്ട്ചാൽ സർവ്വീസ് സഹകരണ ബാങ്ക്, ചെറുപുഴ | 6 |
| 59 | പാടിയോട്ട്ചാൽ സർവ്വീസ് സഹകരണ ബാങ്ക്, ചെറുപുഴ സായാഹ്ന ശാഖ | 3 |
| 60 | പാടിയോട്ട്ചാൽ സർവ്വീസ് സഹകരണ ബാങ്ക്, പ്രാപ്പൊയിൽ ബ്രാഞ്ച് | 6 |
| 61 | പാടിയോട്ട്ചാൽ സർവ്വീസ് സഹകരണ ബാങ്ക്, പുളിങ്ങോം സായാഹ്ന ശാഖ | 4 |
| 62 | പാടിയോട്ട്ചാൽ സർവ്വീസ് സഹകരണ ബാങ്ക്, പുളിങ്ങോം മെയിൻ ബ്രാഞ്ച് | 7 |
| 63 | പയ്യന്നൂര് കോ-ഓപ്പറേറ്റീവ് ടൌൺ ബാങ്ക് ലിമിറ്റഡ് ചെറുപുഴ | 5 |
| 64 | കാർഷിക വികസന ബേങ്ക്, ചെറുപുഴ | 4 |
| 65 | പുളിങ്ങോം റൂറൽ  കോ-ഓപ്പ് സൊസൈറ്റി പുളിങ്ങോം | 7 |
| 66 | പയ്യന്നൂർ ബ്ലോക്ക് മർച്ചൻസ് ആൻഡ് ഇൻഡസ്ട്രിയലിസ്റ്റ് വെൽഫെയര് കോ-ഓപ്പ് സൊസൈറ്റി ചെറുപുഴ ശാഖ | 4 |
| 67 | ചെറുപുഴ മർച്ചൻസ് കോ-ഓപ്പ സൊസൈറ്റി ചെറുപുഴ | 10 |
| 68 | ചെറുപുഴ പഞ്ചായത്ത് അഗ്രികൾച്ചറല് ഇംപ്രൂവ്മെൻറ് കോ- ഓപ്പ് സൊസൈറ്റി, ചെറുപുഴ | 4 |
| 69 | ചെറുപുഴ ടൌൺ വനിത സർവ്വീസ് സഹകരണ സംഘം, ചെറുപുഴ 3 | |
| 70 | കാക്കേഞ്ചാൽ ലേബര് വെൽഫേര് കോ-ഓപ്പ സൊസൈറ്റി, ചെറുപുഴ | 3 |
| 71 | മാതമംഗലം റൂറൽ അഗ്രിക്കൾച്ചറല് ലേബര് വെൽഫയര് കോ- ഓപ്പ് സൊസൈറ്റി പ്രാപ്പൊയിൽ ശാഖ | 3 |
| 72 | ചെറുപുഴ അർബന് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , ചെറുപുഴ | 9 |
| 73 | ആലക്കോട് റബ്ബർ ആൻഡ് അഗ്രികൾച്ചര് മാർക്കറ്റിംഗ് കോ – ഓപ്പറേറ്റീവ് സൊസൈറ്റി , ചെറുപുഴ | 1 |
| 74 | തിരുമേനി ക്ഷീരോൽപ്പാദക സഹകരണ സംഘം | 4 |

| | | | |
|---|---|---|---|
| 75 | കോഴിച്ചാൽ ക്ഷീരോൽപ്പാദക സഹകരണ സംഘം | | 2 |
| 76 | കോലുവള്ളി ക്ഷീരോൽപാദക സഹകരണ സംഘം | | 2 |
| 77 | താബോർ ക്ഷീരോല്പാദക സഹകരണ സംഘം | | 2 |
| 78 | ജോസ്ഗിരി ക്ഷീരോല്പാദക സഹകരണ സംഘം, ജോസ്ഗിരി | | 2 |
| 79 | ചെറുപുഴ ക്ഷീരോല്പാദക സഹകരണ സംഘം, ചെറുപുഴ | | 2 |
| 80 | പ്രാപ്പൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം, പ്രാപ്പൊയിൽ | | 3 |
| 81 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെറുപുഴ | | 5 |
| 82 | നിരവത്ത് ജൂബ് ചിപ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് ചെറുപുഴ ശാഖ | | 7 |
| 83 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് ചെറുപുഴ | | 3 |
| 84 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് ചെറുപുഴ | | 10 |
| 85 | മുത്തൂറ്റ് ഫിൻ കോർപ്പ് ലി.ചെറുപുഴ | | 5 |
| 86 | സെൽഫ് ഗ്രോത്ത് നിധി ലിമിറ്റഡ്, ചെറുപുഴ | | 3 |
| 87 | ശ്രീ ഗോകുലം ചിറ്റ്സ് ആൻഡ് ഫൈനാൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | | 5 |
| 88 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കമ്പനി ലിമിറ്റഡ് | | 11 |
| 89 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് ആൻഡ് പ്രൈവറ്റ് ലിമിറ്റഡ് | | 4 |
| 90 | ചെറുപുഴ ഗ്രാമപഞ്ചായത്ത് കാര്യാലയം | 24 | |
| 91 | എൽ എസ്ജി ഡി ചെറുപുഴ ഗ്രാമപഞ്ചായത്ത്. | 4 | |
| 92 | വി ഇ ഒ ഓഫീസ്, ചെറുപുഴ ഗ്രാമപഞ്ചായത്ത് | 2 | |
| 93 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ചെറുപുഴ ഗ്രാമപഞ്ചായത്ത് | 6 | |
| 94 | കുടുംബശ്രീ സി.ഡി.എസ്, ചെറുപുഴ ഗ്രാമപഞ്ചായത്ത് | 1 | |

# സത്ഭരണം

## കമ്പ്യൂട്ടർവൽക്കരണം

| സ്ഥാപനം | നെറ്റ് കണക്ടിവിറ്റി | | കമ്പ്യൂട്ടർ | | |
|---|---|---|---|---|---|
| | ഉണ്ട് | ഇല്ല | ആവശ്യമായത് | നിലവിലുള്ളത് | ഉപയോഗക്ഷമതയുള്ളത് |
| ചെറുപുഴ ഗ്രാമപഞ്ചായത്ത് | ഉണ്ട് | | 30 | 30 | 30 |
| കൃഷിഭവന് ചെറുപുഴ | ഉണ്ട് | | 4 | 4 | 1 |
| വി ഇ ഒ ആഫീസ് | ഉണ്ട് | | 1 | 1 | 1 |
| വെറ്റിനറി ഡിസ്പെന്സറി | ഉണ്ട് | | 1 | 1 | 1 |
| ഗവൺമെന്റ് എൽ പി സ്കൂള് വാഴക്കുണ്ടം | ഉണ്ട് | | 1 | 1 | 1 |
| പി എച്ച് സി പുളിങ്ങോം | ഉണ്ട് | | 2 | 2 | 1 |
| ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, തിരുമേനി | ഉണ്ട് | | 1 | 1 | 1 |
| ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കോലുവള്ളി | ഉണ്ട് | | 1 | 1 | 1 |
| ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പ്രാപ്പൊയിൽ | ഉണ്ട് | | 1 | 1 | 1 |

## കാര്യക്ഷമത ഘടകങ്ങൾ

| ക്ര.ന | ഘടകങ്ങൾ | അവസ്ഥ |
|---|---|---|
| 1 | ഫ്രണ്ട് ഓഫീസ് | തൃപ്തികരം |
| 2 | ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറിലൂടെ | ഉണ്ട് |
| | ഐ.എസ്.ഒ സർട്ടിഫിക്കറ്റ് | |
| 3 | ഭൌതിക സൌകര്യങ്ങൾ | ഉണ്ട് |
| | ജീവനക്കാർക്ക് | ഉണ്ട് |
| | പൊതുജനങ്ങൾക്ക് | ഉണ്ട് |
| 4 | ഓഫീസ് ക്രമീകരണങ്ങൾ | ഉണ്ട് |
| 5 | ഓഫീസ് ശുചിത്വം | ഉണ്ട് |
| 6 | റെക്കോർഡ് റൂം | ഉണ്ട് |
| 7 | പൌരാവകാശ രേഖ | ഉണ്ട് |

| | | |
|---|---|---|
| | പരിഷ്ക്കരണം | പരിഷ്ക്കരിച്ചു |
| | പ്രസിദ്ധീകരണം | പ്രസിദ്ധീകരിച്ചു |
| 8 | പ്രദർശന ബോർഡുകള് | ഉണ്ട് |
| 9 | ക്വാളിറ്റി സർക്കിള് | ഉണ്ട് |
| 10 | പരാതി പരിഹാരം | ഉണ്ട് |
| 11 | നിരന്തര പരിശീലനം | നടത്തി വരുന്നുണ്ട് |
| 12 | തുടർച്ചയായ പ്രവർത്തന വിലയിരുത്തല് | ഉണ്ട് |
| 13 | ജനാധിപത്യ വേദികളുടെ സജീവത | ഉണ്ട് |
| 14 | ഇ-ഗവേണൻസ്-സോഫ്റ്റ് വെയറുകളുടെ പരിപൂർണ്ണത | ഉണ്ട് |

## പശ്ചാത്തല സൌകര്യം

| ക്ര.ന | ഘടകങ്ങൾ | പര്യാപ്തത |
|---|---|---|
| 1 | കെട്ടിട സൌകര്യം | ഉണ്ട് |
| | -തദ്ദേശഭരണ സ്ഥാപനം | |
| | -ഘടക സ്ഥാപനങ്ങൾ | |
| 2 | നിലവിലുള്ള കെട്ടിടങ്ങളിലെ സ്ഥല സൌകര്യം | പരിമിതം |
| | -തദ്ദേശഭരണ സ്ഥാപനം | |
| | -ഘടക സ്ഥാപനങ്ങൾ | |
| 3 | കോൺഫറൻസ് ഹാള് | ഉണ്ട് |
| 4 | പുനരുദ്ധാരണം ആവശ്യമായ ആസ്തികൾ | കൃഷിഭവൻ<br>വെറ്റിനറി ഡിസ്പെൻസറി |
| | -തദ്ദേശഭരണ സ്ഥാപനം | |
| | -ഘടക സ്ഥാപനങ്ങൾ | |

## ഉപയോഗക്ഷമമില്ലാതെ കിടക്കുന്ന ആസ്തികളുടെ വിവരങ്ങൾ

| ക്ര.ന | ആസ്തിയുടെ വിവരം | അളവ് (സ്ക്വയർഫീറ്റ്) | സ്വന്തം/കൈമാറി കിട്ടിയത് |
|---|---|---|---|
| 1 | കെട്ടിടങ്ങള് | 645 | സ്വന്തം |

| | | | |
|---|---|---|---|
| 2 | ഭൂമി | ഇല്ല | ബാധകമല്ല |
| 3 | മറ്റ് ആസ്തികൾ | ഇല്ല | ബാധകമല്ല |

കണക്കുകളും രേഖകളുടെ സേവനങ്ങളും സേവന പ്രദാന പ്രവർത്തനങ്ങളും സുഗമമായി നിർവ്വഹിക്കുന്നതിന് ഇൻഫർമേഷന് കേരളമിഷൻറെ ആഭിമുഖ്യത്തില് വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ് വെയറുകളെയാണ് ആശ്രയിക്കുന്നത്. ആയത്പൂർണ്ണരൂപത്തില് ഇപ്പോഴും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. സോഫ്റ്റ് വെയറുകൾ പൂർണ്ണമായും പഞ്ചായത്ത് നിയന്ത്രണത്തിലല്ലാത്തതിനാല് ഇത് സംബന്ധിച്ച് ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാന് ഐ.കെ.എം നെ ആശ്രയിക്കേണ്ടിവരുന്നതും നിർവ്വഹണത്തെ സാരമായി ബാധിക്കുന്നതാണ്.

നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകള്

1. കെ സ്മാർട്ട് – ഓഫീസ് മാനേജ്മെൻറ്, സിവിൽ രജിസ്ട്രേഷന് അക്കൌണ്ടിംഗ്, തുടങ്ങിയവ
2. സുലേഖ – പദ്ധതി രൂപീകരണം
3. സേവന – സാമൂഹ്യ സുരക്ഷാ പെൻഷന്
4. സഞ്ചയ – ഇ- പെയ്മെൻറ്, എസ്.എം.എസ് സൌകര്യങ്ങള്
5. സാംഖ്യ – അക്കൌണ്ടിംഗ് ആപ്ലിക്കേഷന്
6. സ്ഥാപന – ജീവനക്കാരുടെ സേവന വേതന വിശദാംശങ്ങള്
7. സാങ്കേതം- കെട്ടിട പെർമിറ്റ് തുടങ്ങിയവ
8. സംവേദിത- വെബ് സൈറ്റ് ലഭ്യമാക്കാന്
9. സകർമ്മ – യോഗ മിനുട്സ്
10. സഞ്ചിത – ചട്ടങ്ങൾ, നിയമങ്ങൾ, ഉത്തരവുകൾ
11. സുഗമ - റോഡ് കട്ടിംഗ്
12. സചിത്ര- ആസ്തി വിവരങ്ങള്
13. സചിത്ര - ഭൂപടങ്ങള് തുടങ്ങിയ (ജി.ഐ.എസ്.)
14. സഹായ – വിദ്യാർത്ഥികളുടെ പഠന നിലവാരം
15. സമഗ്ര – വ്യത്യസ്തയിനം ആപ്ലിക്കേഷനുകള് ഒരൊറ്റ വിൻഡോയില് ലഭ്യമാക്കി സേവനങ്ങൾ ജനങ്ങളുടെ വിരൽതുമ്പില് എത്തിക്കുന്നതിനുള്ള മൊബൈല് അപ്ലിക്കേഷന്.

# അദ്ധ്യായം 2

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൻറെ ഭാഗമായിരുന്ന ചെറുപുഴ, പുളിങ്ങോം, തിരുമേനി പ്രദേശങ്ങളെ കൂട്ടി ചേർത്താണ് 2000 ഒക്ടോബര് 1-ാം തീയതി ചെറുപുഴ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. ജനകീയാസൂത്രണപ്രസ്ഥാനത്തിൻറെ സമാനതകളില്ലാത്ത

നേട്ടങ്ങൾ നമുക്കും കൈവരിക്കാന് സാധിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം , പാർപ്പിടം, ദാരിദ്ര നിർമ്മാർജ്ജനം, ഗ്രാമീണ റോഡുകൾ, പാലങ്ങൾ, വനിതാ ശാക്തീകരണം, ശിശുപരിപാലനം മറ്റ് സാമൂഹ്യ ക്ഷേമ പ്രവര്ത്തനങ്ങൾ എന്നിവയില് വന് പുരോഗതി കൈവരിക്കാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## മുൻകാല മാതൃകായ വിജയം കൈവരിച്ച പ്രൊജക്ടുകള് (Form 3)

| ക്ര. ന. | മേഖല/ഉപമേഖല | പ്രൊജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ചയഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവന മേഖല | 104/13 വികലാംഗർക്ക് ട്രൈസൈക്കിൾ നൽകല് | GEN | 1650000 | വികലാംഗർക്ക് സുരക്ഷിതമായ യാത്രാമാർഗ്ഗം | ഭിന്നശേഷിക്കാരായവർക്ക് യാത്രാ സൌകര്യം ഏർപ്പെടുത്തല് | വികലാംഗരായ പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിച്ചതായി കണ്ടെത്തി |
| 2 | സേവന മേഖല | 92/13 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വത്കരണം | GEN | 321325 | പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൌകര്യ വികസനം | വിവിധ സോഫ്റ്റ് വെയറുകളിലൂടെ പഞ്ചായത്ത് ഓഫീസ് നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി | പഞ്ചായത്ത് ഓഫീസ് പ്രവർത്തനം മെച്ചപ്പെട്ടു. |
| 3 | സേവന മേഖല | പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിന് സ്ഥലം വാങ്ങൽ | GEN | 71240 | സ്ഥലപരിമിതി നേരിടുന്ന പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടനിർമ്മാണം | പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ചു. | പഞ്ചായത്ത് ഓഫീസിന് മെച്ചപ്പെട്ട സൌകര്യം |
| 4 | സേവന മേഖല | 23/66 വികലാംഗർക്ക് മുച്ചക്ര സ്കൂട്ടർ | GEN | 27800 | വികലാംഗ യാത്രാ സൌകര്യം വർദ്ധിപ്പിക്കല് | ഭിന്നശേഷിക്കാരുടെ യാത്രാക്ലേശം പരിഹരിക്കപ്പെട്ടു. | അധ്വാനമില്ലാതെ യാത്രചെയ്യാൻ സൌകര്യം |
| 5 | സേവന മേഖല | 63/66 പഞ്ചായത്ത് ഓഫീസിലേക്ക് ഉപകരണങ്ങള് വാങ്ങല് | GEN | 150000 | അടിസ്ഥാന സൌകര്യ വികസനം | അടിസ്ഥാന സൌകര്യ വികസനം | അടിസ്ഥാന സൌകര്യ വികസനം |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | സേവന മേഖല | 151/22 പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ്പ് വാങ്ങൽ | GEN | 77000 | ഇ-സ്വയംപര്യാപ്തത | വേഗത അറിവ് വർധന | വിവരങ്ങൾ പെട്ടെന്ന് കണ്ടുപിടിക്കാനും ഡാറ്റാ സ്റ്റോര് ചെയ്യാനും എളുപ്പമായി |
| 7 | പശ്ചാത്തലം | പഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥലം വാങ്ങൽ | GEN | 1700000 | അടിസ്ഥാന സൌകര്യ വികസനം | പഞ്ചായത്ത് ഓഫീസ് സൌകര്യം കൂടുതൽ മെച്ചപ്പെടുത്തുക | വിശാലമായ പഞ്ചായത്ത് ഓഫീസ് മെച്ചപ്പെട്ട രീതിയിലുള്ള സൌകര്യങ്ങൾ |
| 8 | സേവന മേഖല | പഞ്ചായത്ത് ഓഫീസിന് പ്രിൻർ, ഹൈസ്പീഡ് സ്കാനർ വാങ്ങല് | GEN | 155000 | ഇ- സാക്ഷരത | ജീവനക്കാർക്ക് മെച്ചപ്പെട്ട സൌകര്യങ്ങൾ ലഭ്യമാക്കുക. | ജോലി നിലവാരം, സേവനങ്ങൾ നല്കുന്നതിനുള്ള കാലതാമസം എന്നിവ ഒഴിവാക്കപ്പെട്ടു. |
| 9 | പശ്ചാത്തലം | നിലാവ് പദ്ധതി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷന് | GEN | 1469112 | സ്ട്രീറ്റ് പ്രായോഗികമായി സ്ഥാപിക്കുക | സമ്പൂർണ്ണ തെരുവ്വിളക്ക് പരിപാലനം | തെരുവ് വിളക്കുകൾ 283 എണ്ണം LED യിലേക്ക് മാറ്റപ്പെട്ടു. |
| 10 | സേവന മേഖല | കോവിഡ് പ്രതിരോധ പ്രവർത്തനം, ക്വാറൻറയിൻ സെൻറർ, സിഎഫ്.എൽ. ടി.സി, ഡി.സി.സി. എന്നിവയിലേക്ക് മരുന്നും പ്രതിരോധഉല്പന്നങ്ങളും വാങ്ങൽ | GEN | 142191 | കോവിഡ് പ്രതിരോധ പ്രവർത്തനം | കോവിഡ് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം | കോവിഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങി പരിശോധന ഊർജ്ജിതമായി ആവശ്യമായ പ്രതിരോധ ഉപകരണങ്ങൾ വാങ്ങി നൽകി |
| 11 | സേവന മേഖല | 307/16 ഭിന്നശേഷിയുള്ളവര്ക്ക് മുചക്ര സ്കൂട്ടർ | GEN | 593200 | വികലാംഗ വികസനം | യാത്രാ നിലവാരം മെച്ചപ്പെടുത്തൽ | വികലാംഗ യാത്രാസൌകര്യം, സമയം എന്നിവയിലൂടെ മെച്ചപ്പെട്ട രീതിയിലുള്ള ഉന്നമനം |
| 12 | പശ്ചാത്തലം | കാനംവയൽ പാലം പരിശോധന ചാർജ് നൽകല് | GEN | 442800 | പട്ടികവർഗ്ഗ വികസനം | ഒറ്റപ്പെട്ട കോളനികളുടെ യാത്രാദുരിതം അകറ്റുക | കാനംവയൽ കോളനി – യാത്രാ ക്ലേശം പരിഹരിക്കപ്പെട്ടു. |
| 13 | | 170/22 കോവിഡ് പ്രതിരോധ പ്രവർത്തനം താത്കാലിക ജീവനക്കാർക്ക് വേതനം, | GEN | 91271 | കോവിഡ് രോഗികൾക്കും ക്വാറൻറൈയിനിലുള്ള | രോഗാകുലരായ പാവപ്പെട്ടവർക്ക് ഭക്ഷണ | ഭക്ഷണ ലഭ്യത ഉറപ്പാക്കി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഭക്ഷണം മറ്റ് ചെലവുകൾ | | | വർക്കും ഭക്ഷണമെത്തിക്കുക | ദാരിദ്രം ഒഴിവാക്കുക | |
| 14 | | 171/22 കോവിഡ് പ്രതിരോധ പ്രവർത്തനം – ശുചീകരണ സാധനങ്ങൾ വാങ്ങല് ശുചീകരണ പ്രവർത്തനം | GEN | 190311 | കോവിഡ് പ്രതിരോധങ്ങൾക്ക് പൊതു ജനങ്ങളെ സഹായിക്കുക | മാസ്ക് , കൈയ്യുറകൾ എന്നിവ വാങ്ങി വിതരണം ചെയ്തു. | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങള് മെച്ചപ്പെടുത്തി |
| 15 | | 269/20 പുതിയ പഞ്ചായത്ത് ഓഫീസിന് ഫർണിച്ചര് | GEN | 2300259 | അടിസ്ഥാന സൌകര്യ വികസനം | അടിസ്ഥാന സൌകര്യ വികസനം | ജീവനക്കാർക്കും ഭരണസമിതിക്കും മെച്ചപ്പെട ഇരിപ്പിടം മേശ, അലമാര |
| 16 | സേവന മേഖല | 307/18 ഭിന്നശേഷിക്കാർക്ക് മുച്ചക്ര സ്കൂട്ടർ | GEN | 59320 | ഭിന്നശേഷിക്കാർക്ക് യാത്രാസൌകര്യ വികസനം | യാത്രാസൌകര്യം വർദ്ധിപ്പിച്ചു. | തൊഴിലിടങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും സ്വാശ്രയത്വം തേടി. |

## പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്ടുകള് (Form 4)

| ക്ര. ന. | മേഖല/ഉപ മേഖല | പ്രൊജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമായി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങള് |
|---|---|---|---|---|---|---|---|---|
| 1 | സേവന മേഖല | 267/19 ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം | GEN | 7500000 | കുടിവെള്ള ക്ഷാമ പരിഹാരം | ഭാഗികമായി പരാജയപ്പെട്ടു | പ്രവൃത്തി ഏറ്റെടുത്ത സമീപനം | കാര്യക്ഷമത മോണിറ്ററിംഗ് എന്നിവ ഉറപ്പാക്കി പുനരജ്ജീവിപ്പിക്കുക |
| 2 | സേവന മേഖല | 44/18 പഞ്ചായത്ത് ഓഫീസിലേക്ക് | GEN | 128000 | ഫ്രണ്ട് ഓഫീസ് സംവിധാനം | പരാജയം | സേവനം വിരൽ തുമ്പിൽ | പുതിയ സോഫ്റ്റ് വെയർ ഭേദഗതി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കിയോസ്ക് സൌകര്യം ഏർപ്പെടുത്തുക. | | | മെച്ചപ്പെടുത്തുക | | | |
| 3 | സേവന മേഖല | 185/20 മാലിന്യ സംസ്കരണ പ്ലാൻറിന് സ്ഥലം വാങ്ങൽ | GEN | 681645 | മാലിന്യ നിർമ്മാർജ്ജനം | എം.സി.എഫ് സ്ഥാപിക്കൽ | യാത്രാ സൌകര്യം ഇല്ലയ കുന്നിനുമുകളിൽ | എം.സി.എഫ് ലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്ത് ഉപയോഗിക്കുക |

## 2025-2026 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രൊജക്ടുകളുടെ വിശദാംശങ്ങള്

## (Form 5 )

| ക്രമ നമ്പർ | | പ്രൊജക്ടിൻറെ പേര് | So/ New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രൊജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൌതികം | സാമ്പത്തികം (രൂപ) | ഭൌതികം | |
| 1 | | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | New | GEN | 300000 | പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ | - | പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ ചെലവ് | നടന്നു വരുന്നു |
| 2 | | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്റ്റൻഷന് | New | GEN | 1586000 | സ്ടീറ്റ് ലൈറ്റ് സ്ഥാപിക്കൽ | - | പൊതുജന ക്ഷേമം | പൂർത്തിയായി |
| 3 | 169/22 | ഐ.കെ.എം വിഹിതം നൽകല് | New | GEN | 167580 | പഞ്ചായത്ത് ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്താൻ | - | പഞ്ചായത്ത് ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്താൻ | പൂർത്തിയായി |

# അദ്ധ്യായം 3

## വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാര സാധ്യതകൾ.

കണക്കുകളും രേഖകളുടെ സേവനങ്ങളും സേവന പ്രദാന പ്രവർത്തനങ്ങളും സുഗമമായി നിർവ്വഹിക്കുന്നതിന് ഇൻഫർമേഷന് കേരളമിഷൻറെ ആഭിമുഖ്യത്തില് വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ് വെയറുകളെയാണ് ആശ്രയിക്കുന്നത്. ആയത് പൂർണ്ണരൂപത്തില് ഇപ്പോഴും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. സോഫ്റ്റ് വെയറുകൾ പൂർണ്ണമായും പഞ്ചായത്ത് നിയന്ത്രണത്തിലല്ലാത്തതിനാല് ഇത് സംബന്ധിച്ച് ഉയർന്നുവരുന്ന പ്രശ്നങ്ങള് പരിഹരിക്കാൻ ഐകെഎം നെ ആശ്രയിക്കേണ്ടിവരുന്നതും നിർവ്വഹണത്തെ സാരമായി ബാധിക്കുന്നതാണ്.ആധുനിക രീതിയിൽ ഐ എൽ ജി എം എസ്വഴി ഫ്രണ്ട് ഓഫീസ്,ബാക്ക് ഓഫീസ് ഇൻറർലിങ്ക് കംപ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സുലേഖ, സങ്കേതം തുടങ്ങിയ സോഫ്റ്റ്വെയറുകൾക്കൂടി സോഫ്റ്റ്വെയറിൽ ലിങ്ക് ചെയ്യേണ്ടതുണ്ട്.പഞ്ചായത്ത് ഓഫീസ് മാത്രമല്ല ഘടകസ്ഥാപനങ്ങൾ,അംഗൻവാടികൾ,പഞ്ചായത്ത് നിയന്ത്രിത കുടിവെള്ള പദ്ധതികൾ എന്നിവയ്ക്ക് സോളാർ സംവിധാനം അതിലൂടെ വൈദ്യുതി ലാഭിക്കുവാനുള്ള പ്രവർത്തനങ്ങള് നടത്തേണ്ടതുണ്ട്.

പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേണ് പരിഷ്ക്കരിക്കുകയും നിലവിൽ കാലങ്ങളായി ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളില് നിയമനം നടത്തുകയും ചെയ്താൽ മാത്രമേ സേവനാവകാശപ്രകാരം വിവിധ സർട്ടിഫിക്കറ്റുകള്,സേവനങ്ങൾ എന്നിവ യഥാവിധി യഥാസമയം നൽകാന് സാധിക്കുകയുള്ളു.

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും (Form 6)

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികള് | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾപരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്നയ ഏറ്റെടുക്കേണ്ടതായ പ്രവര്ത്തനങ്ങൾ എന്തെല്ലാം ? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരു തരം | | തദ്ദേശ സ്വയ്ഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയ്ഭരണ സ്ഥാപനത്തില് | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| | സേവന മേഖല | പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക | പൊതുജനങ്ങൾ | | | | കൂടുതൽ ഉത്തരവാദിത്വങ്ങൾ പഞ്ചായത്തിൽ നിക്ഷിപ്തമായത് ജീവനക്കാരുടെ അപര്യാപ്തത, അടിസ്ഥാന സൌകര്യങ്ങളുടെ കുറവ്, തൊഴിൽശേഷിക്കുറവ് | വാർഡുകള് കേന്ദ്രീകരിച്ച് സേവന പ്രദാന സംവിധാനം രൂപവത്കരിക്കുക, ഗ്രാമകേന്ദ്രങ്ങളും സാംസ്കാരിക നിലയങ്ങളും സ്ഥാപിക്കുക. കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ, എന്നിവ സ്ഥാപിക്കുക, പ്രവർത്തകർക്ക് ഓണറേറിയം ഏർപ്പെടുത്തുക. | | | |

# അദ്ധ്യായം 4

## വികസന പരിപ്രേഷ്യം

| ക്രമ നമ്പർ | മേഖല ഉപമേഖല | പരിപ്രേഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം 2032ലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | സേവനം | പൊതുജനങ്ങൾക്ക് പഞ്ചായത്ത് ആഫീസിൽ കയറിയിറങ്ങാതെ വാർഡുകള് തോറും ഇന്റർനെറ്റ് ഓൺലൈന് സൌകര്യത്തോടെ അപേക്ഷകൾ സ്വീകരിക്കാനുള്ള പൊതുസേവന കേന്ദ്രങ്ങൾ അനുവദിക്കുക | പൊതു ജന സേവനം | പഞ്ചായത്ത് ആഫീസിൽ നേരിട്ട് വരുന്നു. ചുരുക്കം ചിലർ ഓൺലൈനായി സബ്മിറ്റ് ചെയ്യുന്നു | പൊതുജനസേവനം വിരൽതുമ്പിലേക്ക്, കന്പ്യൂട്ടര്‍ വത്ക്കരണം സാർവത്രികമാക്കല് | വാർഡുകള് തോറും ഇ ഗവണേഴ്സ് കേന്ദ്രങ്ങൾ ഏർപ്പടുത്തുക | ആയതിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സൃഷ്ടിക്കൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | സേവനം | ഫ്രണ്ട് ആഫീസ് സംവിധാനം മെച്ചപ്പെടുത്തൽ ടോക്കണ് സിസ്റ്റം ഏറ്റെടുക്കൽ, ഫ്രണ്ട് ഓഫീസിൽ കുടിവെള്ള സൌകര്യം , മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ | പൊതു ജന സേവനം | ഫ്രണ്ട് ഓഫീസ് കെ സ്മാർട്ട് സേഫ്റ്റ്വെയര് ഉപയോഗിച്ച് സ്വതന്ത്രമായി പ്രവർത്തിക്കുന്നുണ്ട്. | സേവനം വിരൽത്തുമ്പില് ലഭ്യമാക്കാൻ ഓൺലൈന് സേവനങ്ങള് അഭിവൃഗദ്ധിപ്പെടുത്തണം. | ടോക്കൺ സിസ്റ്റം ഏർപ്പെടുത്താന് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ കൂളര് | പ്രോജക്റ്റ് രൂപീകരിച്ച് നടപ്പിലാക്കൽ |
| 3 | സേവനം | ഘടക സ്ഥാപനങ്ങൾക്ക് അംഗൻവാടി എന്നിവയ്ക്ക് സോളാർ സംവിധാനമൊരുക്കൽ | ചിലവുകൾ നിയന്ത്രിക്കൽ | വൈദ്യുത ബില് വർദ്ധനവ് | ഘടക സ്ഥാപനങ്ങളുടെ ഊർജ ഉപഭോഗ ചെലവിലുള്ള നിയന്ത്രണം | ഘടകസ്ഥാപനങ്ങൾക്ക് അംഗൻവാടികള് എന്നിവയ്ക്ക് സോളാർ സംവിധാനം ഏർപ്പെടുത്തുക | പ്രോജക്റ്റ് രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുക |

# പഞ്ചവത്സര പദ്ധതി കാലത്ത് ഏറ്റെടുക്കേണ്ട പ്രവര്‍ത്തനങ്ങള്

- ഘടകസ്ഥാപനങ്ങളും ആകര്‍ഷണീയവും ഫ്രണ്ട് ഓഫീസ് പ്രത്യേകമായും സേവനപ്രദാന സൌകര്യങ്ങള്‍ ലഭ്യമാക്കുകയും ചെയ്യുക.
- പഞ്ചായത്ത് ഓഫീസും ഘടകസ്ഥാപനങ്ങളും പൂര്‍ണ്ണമായും കമ്പ്യൂട്ടര് വല്കരിക്കുക. പേപ്പര്‍ലെസ്സ് ഓഫീസ് സംവിധാനം ഏര്‍പ്പെടുത്തുക.
- പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോടനുബന്ധിച്ച് വിശാലമായ കോണ്‍ഫറന്‍സ് ഹാള്‍ നിര്‍മ്മിക്കുക.
- വസ്തുനികുതി, തൊഴില്‍ നികുതി ചോര്‍ച്ച ഒഴിവാക്കുക. നികുതിപിരിവില്‍ മേല്‍നോട്ട സംവിധാനം കുറ്റമറ്റതാക്കുക.
- ഗ്രാമപഞ്ചായത്ത് വക ജനസേവനകേന്ദ്രം
- പഞ്ചായത്ത് ഓഫീസിന് മുമ്പിലുള്ള മുറ്റംകെട്ടല്‍, റോഡ് നിര്‍മ്മാണം, ഡ്രയിനേജ്, സോളാര്‍ ലൈറ്റുകള് സ്ഥാപിക്കല്, കോണ്‍ക്രീറ്റ് ആര്‍ച്ച് നെയിം ആര്‍ച്ച് ഫലകം സ്ഥാപിക്കല്‍
- പഞ്ചായത്ത് ഓഫീസിലും ഘടകസ്ഥാപനങ്ങളിലും പൂര്‍ണ്ണമായും സോളാര് വിളക്കുകള്‍ സ്ഥാപിക്കുക, സോളാര്‍ ഊര്‍ജ്ജം പ്രയോജനപ്പെടുത്തുക.
- ചെറുപുഴ വിയര്‍ കം ബ്രിഡ്ജ് മുതല് ചിറ്റാരിക്കാല് പാലം വരെയുള്ള പുഴപുറമ്പോക്ക് പ്രയോജനപ്പെടുത്തി പാര്‍ക്കിംഗ് സൌകര്യം, പച്ചത്തുരുത്ത്, ഉദ്യാനങ്ങള്‍ എന്നിവ നിര്‍മ്മിക്കുക.
- ചെറുപുഴ പുളിങ്ങോം ടൌണുകള്‍ സീറോ വേസ്റ്റ് ടൌണുകളാക്കുകയും, പാതയോരങ്ങളിലും ലഭ്യമായ സ്ഥലങ്ങളിലും പൂമരങ്ങളും പൂച്ചെടികളും വെച്ച് ആകര്‍ഷകമാക്കുക.
- എല്ലാ വാര്‍ഡുകളിലും കമ്പ്യൂട്ടര്‍വല്കൃത സേവാകേന്ദ്രങ്ങള് സ്ഥാപിക്കുക.
- സേവനപ്രദാന ഐ ടി സംരംഭങ്ങള്‍ ആരംഭിക്കുക.
- വിശാലമായ പാര്‍ക്കിംഗ് സൌകര്യങ്ങള് ഏര്‍പ്പെടുത്തുക.
- മാലിന്യ സംസ്കരണ പ്ലാന്‍റുകള് സ്ഥാപിക്കുക.
- എല്ലാ വാര്‍ഡുകളിലും കമ്പ്യൂട്ടര് വല്കൃത സേവാകേന്ദ്രങ്ങള് സ്ഥാപിക്കുക.
- തദ്ദേശ സ്ഥാപനത്തിന്‍റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും സ്മാര്‍ട്ട് ഓഫീസുകളാക്കി മാറ്റുക.
- .കൃഷിഭവന്‍ കെട്ടിടം.

# അദ്ധ്യായം 5

## സംയോജന സാധ്യതകൾ

പഞ്ചായത്തിന്റെ വളരെ പ്രാധാന്യമർഹിക്കുന്ന ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾക്കും മഴവെള്ളസംഭരണം മറ്റ് നീർത്തട സംഭരണ പദ്ധതികൾ എന്നിവയിലും കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന മൈക്രോ സംരംഭ പദ്ധതികളിലും മൃഗസംരക്ഷണ ദാരിദ്ര ലഘൂകരണ പദ്ധതികളിലും സ്ഥലവും ഘടനാപരമായ സംയോജന സാധ്യതകൾ കണ്ടെത്താവുന്നതാണ്. കൂടാതെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് സംയോജിത സ്വഭാവം കൈവരിക്കാവുന്നതാണ്.

# കൃഷി (ഉല്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്ജല സംരക്ഷണം മുതലായവ

# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ  വിവരങ്ങൾ

ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ  വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്      :ചെറുപുഴ

ഭരണസമിതി തീരുമാനം നമ്പരും തീയ്യതിയും: : 01/2027(02) തീയ്യതി 30/01/2026

| ക്രമ.നം | പേരും,വിലാസവും | ഫോൺ നമ്പർ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/പുരുഷൻ | എസ്.സി/എസ്.ടി/മറ്റുള്ളവ |
|---|---|---|---|---|---|
| 1 | ലളിത ബാബു | 9744546025 | ചെയർമാൻ | സ്ത്രീ | ജനറൽ |
| 2 | തങ്കച്ചൻ കാവാലം | 9447478929 | വൈസ് ചെയർമാൻ | പു | ജനറൽ |
| 3 | ജോസ് വലിയപുരക്കൽ | 9497509588 | അംഗം | പു | ജനറൽ |
| 4 | പി ഗോപിനാഥൻ | 9400432451 | അംഗം | പു | ജനറൽ |
| 5 | ചന്ദ്രൻ പി | 9495780233 | അംഗം | പു | ജനറൽ |
| 6 | തോമസ് മാത്യു മംഗലത്തിൽ | 9495725030 | അംഗം | പു | ജനറൽ |
| 7 | ഡെന്നി കാവാലം | 9495082825 | അംഗം | പു | ജനറൽ |
| 8 | ജോസഫ് വർക്കി | 9747673212 | അംഗം | പു | ജനറൽ |
| 9 | സെബാസ്റ്റ്യൻ കണ്ടത്തിൽ | 9495412739 | അംഗം | പു | ജനറൽ |
| 10 | നബീസ ബീബി | 9061553018 | അംഗം | സ്ത്രീ | ജനറൽ |
| 11 | തോമസ് വി സി | 9497297299 | അംഗം | പു | ജനറൽ |
| 12 | മാത്യു തറപ്പേൽ | 9526155169 | അംഗം | പു | ജനറൽ |
| 13 | കെ മോഹനൻ | 9495029046 | അംഗം | പു | ജനറൽ |

| | | | | | |
|---|---|---|---|---|---|
| 14 | മാത്യു ടി കെ | 9495061922 | അംഗം | പു | ജനറൽ |
| 15 | കെ രാജൻ | 9495790762 | അംഗം | പു | ജനറൽ |
| 16 | കുര്യാച്ചൻ തെരുവുംകുന്നേൽ | 9744976118 | അംഗം | പു | ജനറൽ |
| 17 | ബാലകൃഷ്ണൻ ടി പി | 9605215372 | അംഗം | പു | ജനറൽ |
| 18 | ജെയ്മോൻ കടുംബൻകുഴി | 9447668314 | അംഗം | പു | ജനറൽ |
| 19 | സിജു പള്ളത്തുകുഴി | 9447441010 | അംഗം | പു | ജനറൽ |
| 20 | ലിജിമോൻ ജോസഫ് | 7306469215 | അംഗം | പു | ജനറൽ |
| 21 | രാഘവൻ പനയന്തട്ട | 9496692900 | അംഗം | പു | ജനറൽ |
| 22 | ശശിധരൻ കൃഷ്ണഭവനം | 9400541307 | അംഗം | പു | ജനറൽ |
| 23 | ശ്രീധരൻ പി | 8547930599 | അംഗം | പു | ജനറൽ |
| 24 | കൃഷി ഓഫീസർ | | കൺവീനർ | | |

സ്ഥലം:

തീയ്യതി:

സെക്രട്ടറിയുടെ
പേരും ഒപ്പും

വികസന മേഖല :കൃഷി (ഉല്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്ജല സംരക്ഷണം മുതലായവ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്:ചെറുപുഴ ഗ്രാമ പഞ്ചായത്ത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെമേൽവിലാസം:ചെറുപുഴ പി ഒ, ജില്ലകണ്ണൂര്.05/02/2026 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.

| | | |
|---|---|---|
| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
| വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് |
| ചെയർപേഴ്സണ് | വൈസ്ചെയർപേഴ്സണ് | കണ്‍വീനര് |

# ആമുഖം

കണ്ണൂർ ജില്ലയിൽ വടക്കു കിഴക്ക് ഭാഗത്തു സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്താണ് ചെറുപുഴ.75.64ച.കി.മി.വിസ്തൃതിയുള്ള പഞ്ചായത്തിനെ 19 വാർഡുകളായി വിഭജിച്ചിരിക്കുന്നു.ശരാശരി സമുദ്രനിരപ്പിൽ നിന്നുള്ള ഉന്നതിയുടെ അടിസ്ഥാനത്തിൽ കേരളത്തെ മൂന്ന് വ്യത്യസ്ത ഭൂവിഭാഗങ്ങളായ തരംതിരിച്ചിട്ടുള്ളതിൽ ചെറുപുഴ മലനാട് എന്ന വിഭാഗത്തിൽ പെടുന്നു. കുന്നുകളുടെ മുകൾ ഭാഗങ്ങൾ, ചെരിഞ്ഞ പ്രദേശങ്ങൾ, താഴ് വരകൾ എന്നിങ്ങനെ മൂന്നായി തിരിക്കാം. ഭൂഗർഭ ജലലഭ്യത കിഴക്കാംതൂക്കായ പ്രദേശങ്ങളിൽ താരതമ്യേന കുറവും, മണ്ണൊലിപ്പ് സാധ്യത കൂടുതലും ഉള്ളവയാണ്.പ്രധാന പുഴയായ കാര്യങ്കോട് പുഴ പഞ്ചായത്തിൻറെ വടക്കുഭാഗത്തു കൂടി ഒഴുകുന്നു. 70% ഫലഭൂയിഷ്ടമായ കറുത്തമണ്ണാണ് കാണുന്നത്.പുളിങ്ങോം, തിരുമേനി വില്ലേജുകളിൽ അപൂർവമായി സോയിൽ പൈപ്പിംഗ് പ്രതിഭാസം കണ്ടുവരുന്നു. ക്വാറിയും ഖനന പ്രവർത്തികളും കൂടിച്ചേരുമ്പോൾ മലമടക്കുകളിൽനിന്ന് ശക്തമായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. കുത്തനെ ചരിഞ്ഞ പ്രദേശങ്ങളിൽ വലിയ പാറകൾ തെന്നിനീങ്ങുന്ന സാഹചര്യം വൻഭീഷണി ഉയർത്തുന്നു.

കാർഷിക മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ് രോഗകീട ബാധകള് ഇവ പരിഹരിക്കുന്നതിന് ശാസ്ത്രീയമായ രോഗകീട നിവാരണ മാർഗ്ഗങ്ങള് അവലംബിക്കേണ്ടതുണ്ട്. കൂടാതെ കർഷകർക്ക് ബോധവൽക്കരണവും നൽകേണ്ടതുണ്ട്. വിവിധയിനം ജൈവവളങ്ങളുടെ ഉൽപ്പാദനം ജീവാണു വളപ്രയോഗം, ജൈവവളങ്ങളുടേയും കീടനാശിനികളുടെയും ഉപയോഗം പ്രാധാന്യം എന്നിവയെപ്പറ്റിയെല്ലാമുള്ള അവബോധം കൃഷിക്കാർക്കിടയില് ഉണ്ടാകേണ്ടിയിരിക്കുന്നു.

“മണ്ണിനെവേണ്ടവിധം പരിപാലിക്കാൻ മറക്കുന്നത്, നമ്മെത്തന്നെ സ്വയം മറക്കുന്നതിന് തുല്യമാണെന്നുള്ള” മഹാത്മജിയുടെ വാക്കുകൾക്ക് ഇന്ന് പ്രസക്തിയേറുന്നു. ഫലഭൂയിഷ്ടമായ മണ്ണില്ലെങ്കിൽ ഭൂമിയില് ജീവന്റെ നിലനിൽപ്പ് തന്നെ അസാദ്ധ്യമാണ്. പ്രകൃതിയുടെ വരദാനങ്ങളില് പ്രഥമസ്ഥാനം മണ്ണിനാണെന്ന് പറഞ്ഞാല് തെറ്റില്ല. മനുഷ്യന്റെ അമിതഭോഗാസക്തിമൂലം ജീവസ്സുറ്റ മണ്ണിന്റെ മരണമണി മുഴങ്ങിക്കൊണ്ടിരുന്ന സമയത്താണ് പ്രകൃതിദുരന്തവും നമ്മെ വേട്ടയാടിയത്. ജൈവ സമീകൃത മണ്ണിലേ സുസ്ഥിരമായ കൃഷിവികസനം നടപ്പിലാക്കാൻ സാധിക്കൂ. കൃഷിയിടങ്ങളിലെ രാസ-ഭൗതിക-ജൈവഗുണങ്ങളുടെ സന്തുലനാവസ്ഥയാണ് മണ്ണിന്റെ ആരോഗ്യ സർവേയ്ക്ക് അടിസ്ഥാനം. ജീവന്റെ നിലനിൽപ്പിന് ആധാരമായ ജൈവസംസ്കാരത്തെ തിരിച്ചറിഞ്ഞ് മണ്ണിനെ മനസ്സിലാക്കി പാരമ്പര്യകൃഷി സമ്പ്രദായങ്ങളിലേക്ക് ഒരു തിരിച്ചുപോക്ക് നമുക്ക് അനിവാര്യമായിരിക്കുന്നു.

# അദ്ധ്യായം 1

## 2000 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

### 2000 ലെ അവസ്ഥ:

കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോര പഞ്ചായത്തായ ചെറുപുഴ സമുദ്രനിരപ്പിൽനിന്ന് 3000 അടി ഉയരത്തിലുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ്. വയക്കര, പുളിങ്ങോം, തിരുമേനി, വില്ലേജുകളിലായി 19967.7 ഹെക്ടർ കൃഷിഭൂമിയാണ്. പഞ്ചായത്തിലെ 85 ശതമാനം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ച് കഴിയുന്നവരാണ്. നാണ്യ വിളകളുടെ വിസ്തൃതി വർധിച്ചുവരികയാണ്. തെങ്ങ്, കമുക്, റബ്ബർ യിലേക്കാണ് കർഷകർ കൂടുതലായും ആകർഷകമാക്കുന്നത്. കുരുമുളകിന്റെ രോഗബാധ ആ കൃഷിയെ ആശ്രയിക്കുന്നതിൽ നിന്ന് കർഷകരെ വിമുഖരാകുന്നത്.

2000 കാലഘട്ടം എത്തിയപ്പോൾ പാടശേഖരങ്ങൾ അപ്രത്യക്ഷമായി. ഉയർന്ന കൂലിച്ചെലവും യഥാസമയം വിദഗ്ധ തൊഴിലാളികളുടെ അഭാവവും കൃഷി കുറയാൻ കാരണം ആയെങ്കിലും പാടശേഖരങ്ങളിൽ കമുക് കൃഷി ചെയ്യാനും, സ്ഥായിയായ വരുമാനം കണ്ടെത്താനുമുള്ള കർഷകരുടെ ആഗ്രഹവും നെൽകൃഷിയിൽ നിന്ന് മാറി ചിന്തിക്കാൻ കാരണമായി. നാണ്യവിളകളുടെ വ്യാപനത്തോടെ കിഴങ്ങുവർഗങ്ങളുടെ കൃഷിയും കുറഞ്ഞുവന്നു.

പുനംകൃഷി ഇല്ലാതായതോടെ പച്ചക്കറി ഉത്പാദനം കുറഞ്ഞു. നാടൻ ഇനം വാഴകൾക്കൊപ്പം നേന്ത്ര വാഴകൃഷി പുരോഗമിക്കുന്ന അവസ്ഥയും നിലവിൽവന്നു.നിർമ്മാണപ്രവർത്തനങ്ങൾ വർധിച്ചതിനാൽ മരത്തിന്റെ ഉപയോഗം വർദ്ധിക്കുകയും തേക്ക്, പ്ലാവ്, മഹാഗണി തുടങ്ങിയവയ്ക്ക് ഉയർന്ന വില ലഭിച്ചതും അത്തരം മരങ്ങൾ തോട്ടങ്ങളായി കൃഷി ചെയ്യുവാൻ ചില കർഷകർ തയ്യാറാവുകയും ചെയ്തു.

മണ്ണ്ജലസംരക്ഷണം

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഫലഭൂയിഷ്ഠമായ കറുത്തമണ്ണാണ് കൂടുതലായികാണപ്പെട്ടത്.

പഞ്ചായത്തിൻറെ ഭൂവിസ്തൃതി കണക്കുകൾ

| വില്ലേജിൻറെ പേര് | പുരയിടം | റോഡ്, തോട്, പുറംപോക്ക് | തരിശ് | ആകെ |
|---|---|---|---|---|
| വയക്കര | 4312 | 930 | 1791 | 7033 |
| തിരുമേനി | 5519.60 | 307.17 | | 5826.17 |
| പുളിങ്ങോം | 6819.23 | 297.70 | | 7116.93 |

മണ്ണൊലിപ്പ്കാരണംമണ്ണിൻറെവളക്കൂറ്നഷ്ടപ്പെടുകയുംമണ്ണ് ഊഷാരമായി തീരുകയും ചെയ്തു ഇതിന് പ്രതിവിധി എന്നോണംകയ്യാലനിർമ്മാണം, ബണ്ട് കെട്ടൽ, മഴക്കുഴിതുടങ്ങിയപ്രവർത്തനങ്ങൾ നടപ്പിലാക്കുകവഴിമണ്ണൊലിപ്പ്ഒരുപരിധിവരെതടയാൻ സാധിച്ചു.

പ്രധാന ജലസ്രോതസ്സുകൾ

തേജസ്വിനി പുഴ

ചിറ്റാരിപ്പുഴ

| | |
|---|---|
| | പ്രാപ്പൊയിൽ |
| | തിരുമേനി ടൌൺ |
| | ചുണ്ട ടൌൺ |
| പഞ്ചായത്ത് അധീന കിണറുകൾ | പാമ്പൻകല്ല് |
| | എയ്യൻകല്ല് |
| | കോഴിച്ചാൽ |
| | ചെറുപുഴ പി.എച്ച്. സി |
| | പുളിങ്ങോം |

## ഇന്നത്തെ അവസ്ഥ:

കാർഷിക മേഖലയുടെയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നിരവധി പദ്ധതികള് നടപ്പിലാക്കുകയുണ്ടായി.ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കൊണ്ടും ഉല്പാദന ക്ഷമത കൂട്ടാനുമുള്ള പദ്ധതികളാണ് കൂടുതലായും നടപ്പിലാക്കിയത് .ഇക്കാലത്തിനിടയിൽ ദീർഘ വീക്ഷണത്തോടെയുള്ള പല പദ്ധതികളും പൂർത്തിയാക്കാൻ സാധിച്ചു.നീർത്തടാധിഷ്ഠിത സമഗ്ര വികസനമെന്ന കാഴ്ടപ്പാട് ഒരു പരിധി വരെ പ്രയോഗത്തില് വരുത്താന് സാധിച്ചു.

## നെൽകൃഷി

പാഠശേഖരങ്ങൾ നാമാവശേഷമായി.പഞ്ചായത്തിലെവിടെയും ഇപ്പോൾ നെൽപ്പാടങ്ങളില്ല.

## തെങ്ങു കൃഷി

19 വാർഡുകളിലും ആയി ഏകദേശം 1450 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. ഉല്പാദനക്ഷമത തെങ്ങൊന്നിന് 60 തേങ്ങ ഉണ്ടായിരുന്നു. കാലാവസ്ഥാവ്യതിയാനം, മണ്ഡരി, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങളാണ് ആദ്യമായി പ്രത്യക്ഷപ്പെട്ടത് എങ്കിലും കൂമ്പുചീയൽ, ഓല മഞ്ഞനിറമാകൽ കൂമ്പ് ചെറുതാകൽ തുടങ്ങിയ രോഗങ്ങളും ഇപ്പോൾ കൂടുതലായി കണ്ടുവരുന്നു. പഞ്ചായത്തിലെ ഉയരംകൂടിയ പല പ്രദേശങ്ങളിലും തെങ്ങിൻതോപ്പുകൾ അക്ഷരാർത്ഥത്തിൽ അപ്രത്യക്ഷമായി. ഉത്പാദനക്ഷമത കുത്തനെ കുറഞ്ഞു.

രോഗകീടബാധകൾക്ക് ശരിയായ പ്രതിരോധം എന്തെന്ന് കണ്ടെത്താൻ കഴിയാത്തതും ചില രോഗപ്രതിരോധ മാർഗങ്ങൾക്ക് വേണ്ടിവരുന്ന വൻ ചെലവും യഥാസമയം ജോലിക്കാരെ ലഭിക്കാത്തതും രോഗ പ്രതിരോധ പ്രവർത്തനങ്ങളെ മന്ദഗതിയിൽ ആക്കി. തേങ്ങയുടെ വിലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന വലിയ ഉയർച്ച താഴ്ചകളും കർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. പഞ്ചായത്ത് തലത്തിലും വകുപ്പ് തലത്തിലും വിവിധ സ്കീമുകൾ നടപ്പിലാക്കിയെങ്കിലും കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ആയിട്ടില്ല. കേടുവന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തൈകൾ നടൽ, കുമ്മായം, വേപ്പിൻപിണ്ണാക്ക്, കടലപിണ്ണാക്ക്, ഇതര ജൈവവളങ്ങൾ ഇവയിലേതെങ്കിലും വിതരണം ചെയ്യൽ വർഷാവർഷം നടന്നുവരുന്നു.

കൊപ്ര അട്ടികൾ ധാരാളമായി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പൊതിച്ച തേങ്ങ തമിഴ്നാട്ടിലേക്കും മറ്റും കയറ്റി പോവുകയാണ്. തമിഴ്നാട്ടിലെ കാലാവസ്ഥ പോലും ഇവിടുത്തെ നാളികേര വിപണിയെ ബാധിക്കുന്നു. മൂല്യവർധിത ഉൽപ്പന്നങ്ങൾക്കായുള്ള യൂണിറ്റുകൾ ആരംഭിച്ചെങ്കിൽ മാത്രമേ കുറച്ചുകൂടി മെച്ചപ്പെട്ട വില കർഷകർക്ക് ലഭ്യമാകൂ.

സർക്കാർ താങ്ങുവില നൽകി നാളികേര സംഭരണം കൃത്യമായി നടപ്പിലാക്കുക എന്നതും പ്രധാനമാണ്. രോഗകീടബാധകൾക്കെതിരെ ചെലവുകുറഞ്ഞ പ്രതിരോധ മാർഗങ്ങൾ കണ്ടെത്തി പ്രചരിപ്പിക്കുകയും  പ്രതിരോധ ശേഷി കൂടിയ ഉത്പാദനക്ഷമത കൂടിയ തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും കർഷകർക്ക് ആശ്വാസം നൽകാൻ പര്യാപ്തമായവയാണ്. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

## റബ്ബർ

പഞ്ചായത്തിലെ നാണ്യവിളകളിൽ ഒന്നാംസ്ഥാനം റബറാണ്. 4500 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. ഇടത്തരം കർഷകരാണ് അധികവും. മെച്ചപ്പെട്ട വില നിലവിലില്ലാത്തതിനാൽ മറ്റ് നാണ്യവിളകൾ എല്ലാം ഉപേക്ഷിച്ച് കൂടുതൽ ആളുകൾ റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞു. പിന്നീടുണ്ടായ വിലത്തകർച്ച കാർഷികമേഖലയെ വളരെ ഗുരുതരമായി ബാധിച്ചു. യുവാക്കൾ കാർഷികവൃത്തിയോട് കാണിക്കുന്ന മടുപ്പ് മൂലം ടാപ്പിംഗ് തൊഴിലാളികളുടെ ക്ഷാമം നേരിടാൻ കാരണമായിട്ടുണ്ട്.

## കവുങ്ങ്

ജനകീയാസൂത്രണത്തിന്റെ ആരംഭ നാളുമുതൽ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ കർഷകരുടെ പ്രധാന വരുമാന മാർഗ്ഗം കവുങ്ങ് കൃഷി ആയിരുന്നു. സംരക്ഷണ ചെലവിലെ കുറവും ചുരുങ്ങിയ സ്ഥലത്തു നിന്നു ലഭ്യമാകുന്ന ഉയർന്ന വരുമാനവും കർഷകരെ ഈ കൃഷിയിലേക്ക് ആകർഷിച്ചു.

ഏകദേശം ഒന്നര പതിറ്റാണ്ടായി പ്രത്യക്ഷപ്പെട്ട മഞ്ഞളിപ്പ് രോഗം കമുകിന്റെ ഉൽപ്പാദനക്ഷമത വൻതോതിൽ കുറച്ചു. ആരോഗ്യം നഷ്ടപ്പെട്ട് കൂമ്പുകൾ വെട്ടി മാറ്റി പുതിയ കൃഷി ചെയ്തെങ്കിലും അവയും രോഗങ്ങളിൽനിന്ന് മുക്തമായിട്ടില്ല. മറ്റൊന്നും ലാഭകരമായി കൃഷി ചെയ്യാൻ കഴിയാത്തതിനാൽ ഇപ്പോഴും കർഷകർ കവുങ്ങ് കൃഷിയെ ശരണം പ്രാപിക്കുന്നു. 1996 ൽ 1970 ഹെക്ടർ സ്ഥലത്ത് കമുക് കൃഷി ചെയ്തിരുന്നെങ്കിലും 2021 ൽ അത് 1200 ഹെക്ടർ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്.

## കുരുമുളക്

പഞ്ചായത്തിലെ ഒരു പ്രധാന കൃഷിയായി അറിയപ്പെട്ടിരുന്ന കുരുമുളക് ഇപ്പോൾ വളരെ കുറഞ്ഞ സ്ഥലത്ത് മാത്രമാണ് കൃഷി ചെയ്തുവരുന്നത്. കുരുമുളക് തോട്ടങ്ങൾ വിരളമായെ കാണാനുള്ളൂ. രോഗബാധ തടയുന്നതിനും മേൽത്തരം തൈകൾ വിതരണം ചെയ്യുന്നതിനും കൃഷിവകുപ്പ് നടത്തുന്ന ശ്രമങ്ങൾ ചെറിയ മാറ്റങ്ങൾക്ക് കാരണമാകുന്നു.

## കശുമാവ്

റബ്ബർ കൃഷിയുടെ അതിവ്യാപനത്തിൽ നാശോന്മുഖത നേരിട്ട ഒരു കൃഷിയാണ് കശുമാവ് കൃഷി,പഞ്ചായത്തിൽ ഏതാനും കശുമാവ് തോട്ടങ്ങൾ നിലവിൽ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ തോട്ട വിളയായകശുമാവ് കൃഷി നാമമാത്രമേയുള്ളൂ. കശുമാവ് തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്തുവരുന്നു.

## പച്ചക്കറി കൃഷി

പൊതുവെ നാണ്യവിളകളെ  അപേക്ഷിച്  ഭക്ഷ്യ വിളകൾ വ്യാവസായിക അടിസ്ഥാനത്തിൽ പഞ്ചായത്തിൽ കാര്യമായില്ല.ബഹുഭൂരിപക്ഷം ജനങ്ങളും പച്ചക്കറികൾക്കുവേണ്ടി കമ്പോളത്തെ ആശ്രയിക്കുകയായിരുന്നു. എന്നാൽ പഞ്ചായത്തു തലത്തിലുള്ള നടീൽ വസ്തുക്കൾ വിതരണവും കൃഷി വകുപ്പിന്റെ ഇടപെടലുകളുംകൃഷി വ്യാപനത്തിന് കാരണമായിട്ടുണ്ട്. കൂടാതെ കോവിഡ്  മഹാമാരികാലത്തു കമ്പോളങ്ങളിൽ നേരിട്ട പച്ചക്കറി ക്ഷാമം സ്വയം പര്യാപ്തത നേടണം എന്ന മനോഭാവം ജനങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്.ഭൂമി തരിശിടുന്നത് ഒഴിവാക്കി ഭക്ഷ്യവിളകൾ കൃഷി ചെയ്യാൻ പല പദ്ധതികളും പഞ്ചായത്തുതലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

## മറ്റ് വിളകൾ

മറ്റ് പ്രധാന വിളകളായ വാഴ, ഇഞ്ചി,മഞ്ഞൾ,ജാതി,കൊക്കോ,കാപ്പി,കിഴങ്ങുവർഗങ്ങൾ, കുടംപുളി,ഗ്രാമ്പു,പ്ലാവ്,മാവ്, എന്നിവയും കുറഞ്ഞ സ്ഥലത്തു കൃഷി ചെയ്തു വരുന്നു.തെങ്ങിൽ നിന്നും കവുങ്ങിൽ നിന്നും ഉള്ള വരുമാനം കുറഞ്ഞു മറ്റു കൃഷികളായ ഫലവർഗ കൃഷിയിലും വാഴ,കിഴങ്ങുവർഗ കൃഷിയിലേക്കും തിരിയുവാൻ കാരണമായി.പഞ്ചായത്തിന്റെ അനുകൂല കാലാവസ്ഥ റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്,അവകാഡോ,മാങ്കോസ്റ്റിൻ,ഡ്രാഗൺഫ്രൂട്ട് എന്നിവ വ്യാപകമാക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നുണ്ട്.

## വനവൽക്കരണം

തേക്ക്,മാഞ്ചിയം,മഹാഗണി,തുടങ്ങിയ വനമരങ്ങൾ വച്ച് പിടിപ്പിക്കാൻ കർഷകർ താല്പര്യം കാണിക്കുന്നു.ഇതിനായി  വനം വകുപ്പ്പല പദ്ധതികൾ നടപ്പിലാക്കുന്നതും സൗജന്യമായി നടീൽ വസ്തുക്കളുടെ വിതരണവും വിലക്കയറ്റവും കർഷകരെ ഇതിലേക്ക് ആകർഷിച്ചിരുന്നു. എന്നാൽ മരത്തടിയുടെ വിലസ്ഥിരതയില്ലായ്മ കർഷകരെ വലക്കുകയാണ്.

## നടപ്പ് പദ്ധതികൾ

1) നെൽ കൃഷി :-കരനെൽ കൃഷി പ്രോത്സാഹനം

2) തെങ്ങ്:- ഉല്പാദന വർദ്ധനവിനായ് നല്ലയിനം നടീൽ വസ്തുക്കളുടെ വിതരണം,ജലസേചന സൗകര്യം വദ്ധിപ്പിക്കൽ,യന്ത്രങ്ങളുടെ വിതരണം,തുള്ളിനനവ്, ജലസേചന പദ്ധതികൾ

3) കുരുമുളക് :- കൃഷി വ്യാപനം,പുനരുദ്ധാരണം,പ്രദർശന തോട്ടങ്ങൾ രോഗ,നിയന്ത്രണ മരുന്നുകൾ കുരുമുളക് സമിതികൾമുഖാന്തരം വിതരണനം

4) കശുമാവ് :- കൃഷി വ്യാപനം, പുനരുദ്ധാരണ പദ്ധതികൾ, നല്ലയിനം നടീൽ വസ്തുക്കളുടെ വിതരണം.

5)കവുങ്ങ് :- അത്യുല്പാദന ശേഷിയുള്ള സങ്കരയിനം തൈകളുടെ വിതരണം, ജലസേചന സൗകര്യം വർധിപ്പിക്കൽ,തുരിശ് വിതരണം .

6)കൊക്കോ :-അത്യുല്പാദന ശേഷിയുള്ള വസ്തുക്കളുടെ വിതരണം പ്രദർശന തോട്ടങ്ങൾ

7)സുഗന്ധ വിളകൾ :- ജാതി ,ഗ്രാമ്പു,ഇഞ്ചി ,മഞ്ഞൾ കൃഷി വ്യാപനത്തിന് സാമ്പത്തിക സഹായം

8)പച്ചക്കറി കൃഷി :- കൃഷ്യവ്യാപനത്തിനു സബ്സിഡി.
വിത്ത്,തൈ വിതരണം,മട്ടുപ്പാവ് കൃഷി വ്യാപനം, സ്കൂൾ പച്ചക്കറി കൃഷി, തുടങ്ങിയവ

9) ഒരു കോടി ഫലവർഗം :-ഫലവൃക്ഷ കൃഷി വ്യാപനം,വിദേശ പഴങ്ങൾ, നാടൻ പഴങ്ങൾ എന്നിവയുടെ കൃഷ്യ പ്രോത്സാഹനം, സംസ്കരണം പരിശീലന പരിപാടികൾ എന്നിവ.

10)ഒരു ലക്ഷം യുവജനങ്ങളുടെ തൊഴിൽ ദാന പദ്ധതികൾ

11)വിള ഇൻഷുറൻസ്

12) സൗജന്യ വൈദ്യുതി

13)മണ്ണ് - ജല സംരക്ഷണം -മണ്ണ് പരിശോധന ഉൾപ്പെടെ

14) ബയോഗ്യാസ് പ്ലാന്റ് നിർമാണം

## വിപണന സൗകര്യം - മാർക്കറ്റുകൾ

## വെല്ലുവിളികൾ / പ്രശ്നങ്ങൾ

- മണ്ണിന്റെ ഫലപുഷ്ടത -കാലാവസ്ഥ വ്യതിയാനവും, അശാസ്ത്രീയ വളപ്രയോഗവും ഏകവിള കൃഷിയും കാരണം ക്ഷയിച്ചിരിക്കുന്നു ഉൽപാധന ക്ഷമതയെ സാരമായി ബാധിച്ചു.

- വന്യ മൃഗ ശല്യം -ഭഷ്യവിളകളെ കൃഷി ചെയ്യുന്നതിൽ നിന്ന് പ്രധാനമായും പിന്തിരിയാൻ കാരണമായി. വനമേഖലയോട് ചേർന്ന  പ്രദേശങ്ങളിൽ പ്രത്യേകിച്ചും പന്നി, ആന, മയിൽഎന്നിവയുടെ ആക്രമണം വ്യാപകമായി കാണുന്നു.
- വിപണി, വിലക്കുറവും -വ്യാപകമായി ഒരേ വിളകൾ ഒരേസമയത്ത്  കൃഷി ചെയ്യുന്നതിനാലും സംഭരണ വിപണന  സാധ്യത കുറവായതിനാലും  വിളവിനർഹമായ വില ലഭിക്കാതെ വരുന്നു.
- ഉൽപ്പന്ന സംസ്കരണ കേന്ദ്രങ്ങളുടെ അഭാവം (ചക്ക, പാഷൻ ഫ്രൂട്ട്, മാങ്ങ)
- ഗുണമേൻമയുള്ളതും രോഗ പ്രതിരോധ ശേഷിയുള്ളതുമായ  നടീൽ വസ്തുക്കളുടെ യഥാ സമയത്തുള്ള വിതരണം.(പഞ്ചായത്തിന്  അനുകൂലമായവ )
- ജൈവവള, കീടനിയന്ത്രണ മാർഗങ്ങളുടെ അഭാവം.
- കള കീടനാശിനിയുടെ അനിയന്ത്രിത ഉപയോഗം.
- മണ്ണ് പരിശോധന സൗകര്യം ഇല്ലാത്തത്
- രോഗ കീടബാധ
- തൊഴിലാളി ക്ഷാമം
- മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കത്തത്.

## സാധ്യതകൾ

- മണ്ണ് - ജലസംരക്ഷണ സാധ്യതകൾ.
- മണ്ണ് പരിശോധന ക്യാമ്പുകൾ നടത്തുക.
- ജൈവവള നിർമ്മാണ യൂണിറ്റ് - പഞ്ചായത്തു തലത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നിർമ്മിക്കുക.
- ജൈവവള, കീട നാശിനികളുടെ വിപണന സാധ്യത ഉറപ്പുഴ വരുത്തുക
- രോഗകീടബാധ തടയാനുള്ള പ്രവർത്തികൾ.
- ഫാം ടൂറിസം, ഇക്കോ ടൂറിസം സാധ്യതകൾ.
- പരിശീലനങ്ങളും, ബോധവൽക്കരണ ക്യാമ്പുകളും നടത്തുക.
- സംഭരണ -വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
- സംസ്കരണത്തിനായി F P O   ഉണ്ടാക്കുക.
- ദേശീയ ഗ്രാമീണ തൊഴിലിറപ്പു പദ്ധതിയുമായി സംയോജിച്ചു തൊഴലാളി ക്ഷാമം പരിഹരിക്കുക
- കർമ്മ സേനകൾ രൂപീകരിക്കുക
- കാർഷിക നഴ്സറി, പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.
- പട്ടുനൂൽ കൃഷി, പുഷ്പ കൃഷി, തേനീച്ച കൃഷി, വിദേശ ഫലങ്ങളുടെ കൃഷി.എന്നിവ പ്രോത്സാഹിപ്പിക്കണം.
- വനവൽക്കരണം / food forest പദ്ധതികൾ നടപ്പിലാക്കുക.
- വന്യമൃഗ ശല്യം ഒഴിവാക്കാൻ വ്യാപകമായി ജൈവവേലികൾ വൈറോൺ  വലയും നിർമിക്കുക.

- പഞ്ചായത്തു തല ആഴ്ചച്ചന്തകൾ ശാക്തീകരിക്കുക.കർഷകർക്ക് നേരിട്ട് വിപണത്തിനുള്ള വേദിയൊരുക്കുക.
- കർഷകരുടെ മോഡൽ ഫാമുകൾ തയ്യാറാക്കുക.
- നടീൽ വസ്തുക്കളുടെ യഥാസമയ ലഭ്യത ഉറപ്പുവരുത്തുക.

| ഇനം | 2021-22 | |
|---|---|---|
| | വിസ്തീർണം | ഉൽപ്പാദനം(MT) |
| നെല്ല്ഒന്നാം വിള | | |
| നെല്ലുണ്ടാം വിള | | |
| നെല്ല്ആകെ | | |
| തെങ്ങ് ( ഉൽപ്പാദനംലക്ഷം തേങ്ങ ) | 1550 | 149.188 |
| കവുങ്ങ് | 1095 | 246 |
| കുരുമുളക് | 420 | 140 |
| കശുമാവ് | 660 | 660 |
| വാഴ | 140 | 3500 |
| പച്ചകറികൾ | 30 | 180 |
| കപ്പ | 50 | 1250 |
| മറ്റ്കിഴങ്ങുവർഗങ്ങള് | 20 | 190 |
| കൊക്കോ | 30 | 90 |
| ഇഞ്ചി | 9 | 41.4 |
| മഞ്ഞൾ | 7 | 22.4 |
| പയറുവർഗങ്ങള് | 5 | 15 |
| ജാതി | 6 | 8.75 |
| ഏലം | 0.5 | 0.01 |
| റബ്ബർ | 4480 | 6200 |

# മണ്ണ് ജലസംരക്ഷണ മേഖല അവസ്ഥ വിശകലനം

## അടിസ്ഥാന വിവരങ്ങൾ

### വിവിധ ചെറുനീർത്തടങ്ങൾ സംബന്ധിച്ചവിവരം

| ക്രമ നമ്പർ | നീർത്തടത്തിൻറെ പേര് | വിസ്തീർണം (ഹെക്ടർ) | ഉൾപ്പെടുന്നപ്രദേശങ്ങൾ | ഉൾപ്പെടുന്നസ്വയഭരണ സ്ഥാപനങ്ങൾ |
|---|---|---|---|---|
| 1 | മീൻതുള്ളി-കോഴിച്ചാൽ | 704 | കോഴിച്ചാൽ, മീന്തുള്ളി | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 2 | ചെറുപുഴ-പാക്കാഞ്ഞിക്കാട് | 887 | ചെറുപുഴ, വാണിയംകുന്ന്, പാക്കഞ്ഞിക്കാട്,പാണ്ടിക്കടവ്,പെരുംകുടൽ | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 3 | ചുണ്ട | 577 | വിളക്കുവട്ടം,തൊട്ടിക്കുണ്ട്,ചുണ്ട,കല്ലംപിലവ്,സാധുമുക്ക്,വാഴക്കുണ്ടം | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 4 | കോലുവള്ളി | 317 | കോലുവള്ളി,മേലുത്താന്നി,കന്നിക്കളം,വയലായി, ഐക്കാട്, ചെവിടനാർകോട്ട,മൂന്നാംപ്ലാവ് | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 5 | കോക്കടവ് | 381 | തെക്കംമാവ്,കോക്കടവ്,പെരുംതടം,ചൂരപ്പടവ് | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 6 | കക്കയംചാൽ | 307 | കുണ്ടംതടം,നരമ്പ്,കക്കേൻചാല്,കുണ്ടയംകോട് | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 7 | കാനംവയൽ-രാജഗിരി | 646 | ജോസ്ഗിരി,രാജഗിരി, തിരുനെറ്റി,ചേന്നാട്ടുകൊല്ലി,മരുതംതട്ട് | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 8 | തേർത്തല്ലി | 560 | പെരുവട്ടം,കുണ്ടേരി,വേരിക്കുളം,തെരുംബ്തട്ട് | ചെറുപുഴഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 9 | ചന്ദ്രവയൽ-കൊല്ലട | 663 | കൊല്ലട,മച്ചി, ചീർക്കാട്, ഹാജിമുക്ക്,വാതിൽമട,കൊട്ടകുന്ന്,ചന്ദ്രവയൽ | ചെറുപുഴഗ്രാമപഞ്ചായത്ത്,പെരിങ്ങോം പഞ്ചായത്ത് |
| 10 | തിരുമേനി | 734 | കോക്കടവ്അമ്പലംഭാഗം തുടങ്ങിതിരുമേനിതോട്,കോറാളി, മുതുവംപാടി, പരുത്തിക്കല്ല്ഇരുട്ടുതോട്മരുതുംപാടി,പ്രാപ്പൊയിൽ ഈസ്റ്റ്,താന്നിച്ചാൽ,ആനക്കല്ല്, മൂലോത്തുംപൊയിൽ | ചെറുപുഴഗ്രാമപഞ്ചായത്ത് |
| 11 | പൊൻപുഴ | 605 | ഊമല,പുളിയിട്ടവയാൽ,കൊട്ടതലച്ചി,പൊൻപുഴ,കരിയിക്കര,ഇടവരമ്പ്,കുണിയംകല്ല്,പട്ടത്തുവയൽ | ചെറുപുഴഗ്രാമപഞ്ചായത്ത് |
## 2000 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

### 2000 ലെ അവസ്ഥ:

പഞ്ചായത്തിലെ 43% ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരുന്നു.ഭൂരിഭാഗവും കർഷക തൊഴിലാളികളോ നാമമാത്ര കർഷകരോ ആയിരുന്നു.ദാരിദ്യത്തിൻറെ തോതില് ഏറ്റക്ുറച്ചിലുകളുണ്ടെങ്കിലും നിരവധി കുടുംബങ്ങൾ ദാരിദ്യത്തിൻറെ തീവ്രത അനുഭവിക്കുന്നരായിരുന്നു അക്കാലത്ത്. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുംപട്ടികജാതി കോളനിയില് താമസിക്കുന്നവരുമായ നൂറുകണക്കിന് കുടുംബങ്ങൾ ദൈനംദിന ജീവിതം നയിക്കുവാന് പോലും പ്രയാസപ്പെടുകയായിരുന്നു.. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കോളിനികളും കുണ്ടേംകോട്, കാരോക്കാട്,മേലുത്താന്നി, ഉദയംകാണാക്കുണ്ട, സൂര്യഗിരി, കുറിച്യാക്കുന്ന്, കൊട്ടത്തലച്ചി, പട്ടത്തുവയൽ, ആറാട്ടുകടവ്, മുക്കുഴി, പരുത്തിക്കല്ല്,കോറാളി,കക്കോട്,നെടുംചാൽ എന്നീ സ്ഥലങ്ങളും പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളായിരുന്നു.പരമ്പരാഗത തൊഴിലുകൾക്ക് സാധ്യത കുറഞ്ഞു പോയതിനാലും മറ്റു മേഖലകളിൽ തൊഴില് ലഭ്യത കുറവായതിനാല് ഈ പ്രദേശങ്ങളിലെ ദരിദ്രജനങ്ങള് ഏറെ കഷ്ടപ്പാട് അനുഭവിച്ചിരുന്നു. സുരക്ഷിതമായ ഭവനങ്ങളോ ശുചിത്വമേറിയചുറ്റുപാടോ ഇല്ലാത്ത നിരവധി കുടുംബങ്ങളായിരുന്നു മിക്കവയും.

കാർഷിക മേഖലയുടെ തകർച്ച ഇവിടുത്തെ ദരിദ്ര കുടുംബങ്ങൾക്ക് കനത്ത ആഘാതം ഏല്പിച്ചിരിക്കുകയുംറബ്ബർ,കശുമാവ്,കവുങ്ങ്, കുരുമുളക് തുടങ്ങിയനാണ്യവിളകൾ മാത്രം കൃഷി ചെയ്തിരുന്നവർകാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയെ തുടർന്ന് ആത്മഹത്യയുടെ വക്കിലെത്തിയ സാഹചര്യവുമുണ്ടായിരുന്നു.ഒരിനം കാർഷിക വിളമാത്രം കൃഷി ചെയ്യുന്നതും വിപണിയിലെ വില നോക്കി കൃഷിയിറക്കുന്നതും ഭക്ഷ്യവിളകൾ കൃഷിചെയ്യാതിരിക്കുന്നതും ഇവിടുത്തെ സാധാരണക്കാരെ കൂടുതൽ ദാരിദ്യത്തിലേക്ക് തള്ളവിടാന് കാരണമായിരുന്നു.അഭ്യസ്തവിദ്യരായ തൊഴിൽ രഹിതര് കാർഷിക വൃത്തിയോട്കാണിക്കുന്ന താല്പര്യകുറവ് പല കുടുംബങ്ങ-ളിലുമുണ്ടായിരുന്നു.കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച അത്തരം തൊഴിലാളികളെയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തൊഴില-വസരങ്ങൾ നഷ്ടപ്പെട്ട ഇക്കൂട്ടർ ധനകാര്യസ്ഥാപനങ്ങളില് നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാന് പോലും കഴിയാത്ത വിധത്തിൽ കടക്കെണിയിലായത് ഇവരുടെ കുടുംബങ്ങള് നിത്യ ദാരിദ്യത്തിലായിരുന്നു.

പട്ടികജാതി മേഖലയിലെ കുത്തഴിഞ്ഞ ജീവിത രീതിയും കുടുംബാസൂത്രണത്തിൻറെ അഭാവവും അവിവാഹിതരായ അമ്മമാരുടെ എണ്ണത്തിലുള്ള വർദ്ധനവും പല ദരിദ്ര കുടുംബങ്ങൾക്കും ഭീഷണിയായിരുന്നു.അക്കാലത്ത് പല പട്ടികജാതി കോളനികളിലും മദ്യ നിർമ്മാണം ഒരു കുടില് വ്യവസായമായിരുന്നു.

സമൂഹത്തിൽ ദാരിദ്യത്തിൻറെ കാഠിന്യം ഏറെയും അനുഭവിക്കുന്നത് സ്ത്രീകളാണ്. ആരോഗ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സ്ത്രീകള് ദാരിദ്യത്തിൻറെ തീവ്രത നേരിട്ടറിയുന്നു. അജ്ഞതയും അവസരമില്ലായ്മയും ദാരിദ്യവും മാത്രം കൈമുതലായ സ്ത്രീകളെ സമൂഹം ചൂഷണം ചെയ്യുന്നത് സർവ്വ സാധാരണമായിരിക്കുന്നു. സമൂഹത്തിലെ എല്ലാത്തരം ജോലികളിലും സ്ത്രീകൾ ഏർപ്പെടുന്നുണ്ടെങ്കിലും പുരുഷ തൊഴിലാളികളെ അപേഷിച്ച്തുല്യ ജോലിക്ക്തുല്യവേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ലായിരുന്നു.

പ്രശ്നങ്ങൾ

- അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
- യുവതി-യുവാക്കളുടെ തൊഴിലില്ലായ്മ
- മുതിർന്നവര് നേരിടുന്ന പ്രശ്നങ്ങള്
- ശിശുക്കളുടെ ആരോഗ്യപ്രശ്നങ്ങൾ
- അഗതികളുടെ സംരക്ഷണം

## ഇന്നത്തെ അവസ്ഥ:

പാർപ്പിടം

ചെറുപുഴ ഗ്രാമപഞ്ചായത്ത് പാർപ്പിട മേഖലയിൽ നിരവധി ആയ പ്രവർത്തനങ്ങൾ കാഴ്ചവച്ചു വരുന്നുണ്ട്. സംസ്ഥാന ഗവൺമെൻറിൻറെ തന്നെ അഭിമാന പദ്ധതിയായ ലൈഫ് മിഷൻ പദ്ധതി മുഖാന്തരം ഗ്രാമപഞ്ചായത്തിൽ ഇതിനകംതന്നെ 1530 ലധികം വീടുകൾ നിർമിച്ചു നൽകിയിട്ടുണ്ട്. ലൈഫ്മിഷൻ ഒന്നാംഘട്ട പദ്ധതിയിലുൾപ്പെടുത്തി 11 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.. കൂടാതെ പ്രധാനമന്ത്രി ആവാസ് യോജന, ഇന്ദിര ആവാസ് യോജന, ഇ എം എസ് ഭവന നിർമ്മാണ പദ്ധതി, പട്ടികജാതി- പട്ടികവർഗ വകുപ്പ് മുഖാന്തരം ഉള്ള ഭവന പദ്ധതി തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളിലായി ഉൾപ്പെടുത്തി നാളിതുവരെയായി 2000 ൽ പരം വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

കൂടാതെ പാർപ്പിട മേഖലയിൽ തന്നെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കി മാറ്റുന്നതിന് നിരവധി പദ്ധതികൾ നടത്തിവരുന്നു. വീടിൻറെ മേൽക്കൂരമാറ്റിവയ്ക്കൽ, പട്ടികജാതി പട്ടികവർഗ്ഗവിഭഗങ്ങളുടെവീടിന്വയറിങ്ആനുകൂല്യംനൽകൽ തുടങ്ങിയ വിവിധ പദ്ധതികൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ സജീവമാണ്. 19 വാർഡുകളിലും കുടുംബശ്രീയുടെ പ്രവർത്തനം കാര്യക്ഷമം ആണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രതികരണം ഉണ്ടാക്കുന്നതിന് ചെറുപുഴ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം 2005 സെപ്റ്റംബര് 7-ന് നിലവിൽ വന്നു. രാജ്യത്തെ ഗ്രാമീണ മേഖലയിലെ തൊഴിൽ ആവശ്യമുള്ള ഏതൊരു കുടുംബത്തിനും കുറഞ്ഞത് 100 ദിവസത്തെ തൊഴിലും എസ് ടി കുടുംബങ്ങൾക്ക് 200 ദിവസത്തെ തൊഴിലും നിയമം മൂലം ഉറപ്പാക്കിക്കൊണ്ട് അവരുടെ ജീവിത സുരക്ഷ ഉയർത്തുന്ന ഒരു കാൽവെപ്പാണ് ഈ നിയമത്തിലൂടെ യാഥാർത്ഥ്യമാകുന്നത്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം സമഗ്ര വികസനത്തിന് അനുയോജ്യമാവും വിധത്തില് വികസന പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിനും ഗ്രാമീണ മേഖലയില് തൊഴിലാളികൾക്ക് മികച്ച തൊഴിലവസരങ്ങൽ സൃഷ്ടിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി സഹായകരമായിട്ടുണ്ട്. പ്രവൃത്തി വിഭവ അടിത്തറയുടെ പുന:സ്ഥാപനവും ഇതുവഴി ഉൽപാദനക്ഷമതയുടെ വർദ്ധനവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ സമീപനങ്ങളും സവിശേഷതകളും നിയമത്തിൽ ഉടനീളം കാണാവുന്നതാണ്. ഈ നിയമത്തിൻറെ അടിസ്ഥാനത്തില് 2006 ഫെബ്രുവരി മുതല് കേരളത്തിലും തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കി വരുന്നു.

രാജ്യത്തെ ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം നടപ്പാക്കുന്നത്. അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഗ്രാമീണ കുടുംബത്തിന് 100 ദിവസത്തെ അധിക തൊഴിൽ ഉറപ്പു വരുത്തി കൊണ്ടാണ് ഈ പദ്ധതി അവരുടെ ജീവിത സുരക്ഷ വാഗ്ദാനം ചെയ്യുന്നത്.

തൊഴിലാളികളുടെ അഭിപ്രായങ്ങൾക്ക് മുന്തിയ പരിഗണന നൽകിയിട്ടുള്ള പദ്ധതി രൂപീകരണ സമീപനമാണ് തൊഴിലുറപ്പ് പദ്ധതിയിൽ സ്വീകരീകരിച്ചിട്ടുള്ളത്. തൊഴിൽ നൽകുന്നതിന് മുൻഗണനയും പ്രാധാന്യവും നൽകുന്നതിനാല് ഉദ്യോഗസ്ഥൻമാരുടെയും എഞ്ചിനീയർമാരുടെയും മറ്റുള്ളവരുടെയും നിർദ്ദേശങ്ങളല്ല, മറിച്ച്തൊഴിലാളികളുടെ അഭിപ്രായങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ കണക്കിലെടുക്കപ്പെടുന്നത്. തൊഴിലാളി പക്ഷത്ത് നിന്നു കൊണ്ട് വിഭാവനം ചെയ്യപ്പെട്ട പദ്ധതി എന്ന നിലയിൽ ആസൂത്രണത്തിൻറെ വിവിധ ഘട്ടങ്ങളിലൂടെ തൊഴിലാളികൾക്ക് വേണ്ടത്ര പങ്കാളിത്തം ഈ പദ്ധതി ഉറപ്പുനൽകുന്നു. ആർക്കൊക്കെയാണ് എത്ര ദിവസത്തേക്ക് എവിടെയാണ് തൊഴില് ഇതിനാവശ്യമായ പ്രവൃത്തികൾ ഏതൊക്കെയായിരിക്കണം തുടങ്ങിയ കാര്യങ്ങള് തൊഴിലാളികൾ തന്നെ തീരുമാനിക്കുകയും അതനുസരിച്ച് പദ്ധതികള് രൂപീകരിക്കുകയും ചെയ്യുന്നു.

2008 ലാണ് ചെറുപുഴ ഗ്രാമ പഞ്ചായത്തില് തൊഴിലുറപ്പു പദ്ധതി പ്രവൃത്തികള് ആരംഭിച്ചത്. ആദ്യ ഘട്ടത്തിൽ തൊഴിലാളികൾക്ക് തൊഴില് നൽകുക എന്നത് മാത്രമായുള്ള ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടന്നു വന്നത്. റോഡ് സൈഡ് സരക്ഷണം , ഓവുചാല് വൃത്തിയാക്കൽ ,കുളങ്ങൾ , തോടുകൾ വൃത്തിയാക്കല് , വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ താൽക്കാലിക തടയണ നിർമ്മാണം , തെങ്ങ് കവുങ്ങ് തടം തുറക്കൽ, പുതയിടയിൽ എന്നിങ്ങനെയുള്ള പ്രവൃത്തികൾ മാത്രമാണ് ഈ പഞ്ചായത്തില് ഏറ്റെടുത്ത് നടത്തിയത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജിവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിലുറപ്പ് പദ്ധതി സഹായകരമായിട്ടുണ്ട്. തുടർന്നു വന്ന വർഷങ്ങളില് ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികളിൽ ഊന്നല് നല്കികൊണ്ട് മികച്ച നേട്ടങ്ങൾ കൈവരിക്കാന് സാധിച്ചു. ചെറുപുഴ മത്സ്യമാർക്കറ്റിന് സമീപം സംരക്ഷണ ഭിത്തി നിർമ്മാണം, ചുണ്ട സ്കൂളിന് സംരക്ഷണ ഭിത്തി നിർമ്മാണം, തീർത്തും യാത്രായോഗ്യമല്ലാതിരുന്ന തിരുമേനി കോറാളി റോഡ്, സെവൻസ് സൂര്യഗിരി റോഡ്, ഊമല കൊട്ടത്തലച്ചി റോഡ്, താബോർ കൊട്ടത്തലച്ചി റോഡ്, പുളിയന്മാവ് തെക്കന്മാവ് റോഡ്, രാജഗിരി ഇടക്കോളനി റോഡ് എന്നിവയെല്ലാം കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കി. കൂടാതെ പഞ്ചായത്തിലെ 19 വാർഡുകളിലായി 21..5 കിലോമീറ്ററോളം റോഡുകള് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കിത്തീര്ക്കാൻ സാധിച്ചു. കല്ലംപ്ളാവ്, കുറിച്ച്യാക്കുന്ന് പൊതുകുളങ്ങളുടെ നവീകരണം, മച്ചിസാസ്കാരിക നിലയത്തിന് ചുറ്റുമതിൽ നിർമ്മാണം , പഞ്ചായത്തിലെ വിവിധ റോഡുകൾക്ക് കോൺക്രീറ്റ് കാന നിർമ്മാണം, 19 വാർഡുകളില് മിനി എം സി എഫ്, വർക്ക് ഷെഡുകൾ, റോഡുകൾക്ക് കലുങ്ക് നിർമ്മാണം, വ്യക്തിഗത ആസ്ഥികളായ കോഴിക്കൂട്, പശു തൊഴുത്ത്, പന്നിക്കൂട്, ആട്ടിൻകൂട് , തീറ്റപുൽ കൃഷി , സോക്കേജ് പിറ്റ് , കമ്പോസ്റ്റ് പിറ്റ് , കിണർ റീച്ചാർജിംങ്, കിണർ നിർമ്മാണം, അസോള ടാങ്ക്, കൃഷിക്കുളങ്ങൾ, എന്നീ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കുവാനും സാധിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൌകര്യ വികസനത്തിന് ഈ പദ്ധതി പ്രയോജനകരമായിട്ടുണ്ട്. വരും വർഷങ്ങളിലും പഞ്ചായത്തിൻറെ സമഗ്ര വികസനത്തിന് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

# അദ്ധ്യായം 2

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

### മുൻകാല മാതൃകായ വിജയം കൈവരിച്ച പ്രൊജക്ടുകള് (Form 3)

| ക്രം. ന. | മേഖല/ഉപ മേഖല | പ്രൊജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം( ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയംകൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | പാർപ്പിടം | ഇ.എം.എസ് ഭവന പദ്ധതി | GEN | 47800000 | 765 | 765 | 765 കുടുംബങ്ങൾക്ക് കെട്ടുറപ്പുള്ള വീട് |
| 2 | പാർപ്പിടം | ലൈഫ് ഭവനപദ്ധതി | GEN | 61853333 | 154 | 154 | 154 കുടുംബങ്ങൾക്ക് കെട്ടുറപ്പുള്ള വീട് |

# പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്റ്റുകള്

(Form 4)

| ക്ര. ന. | മേഖല/ഉപമേഖല | പ്രൊജക്റ്റിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം( ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ്യ നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമായി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | പട്ടികജാതി വിഭാഗം വീട് വയറിംഗ് | SO | SCSP | പൂർത്തിയാകാതെ ഉപേക്ഷിച്ചു | 32000 | 8 | 4000 | 1 |
| 2 | പട്ടികജാതി വിഭാഗത്തിന് കിണർ നിർമ്മാണം | SO | SCSP | പൂർത്തിയാകാതെ മൂന്നാം വർഷം ഉപേക്ഷിച്ചു | 252000 | 15 | 12000 | 8 |

# 2025-2026 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രൊജക്റ്റുകളുടെ വിശദാംശങ്ങള്

(Form 5 )

| Project No | Project Name Mal | Impl Code | Fund Description | FundTotal | Expenditure | Balance |
|---|---|---|---|---|---|---|
| 26 | വീട് വാസയോഗ്യമാക്കൽ ജനറൽ25-26 | VEO/LVEO | Development Fund(General) - 6438370 , Own Fund - 4061630 | 10500000 | 9631637 | 868363 |
| 28 | ലൈഫ് ഭവന നിർമ്മാണം ജനറൽ 2025-26 | VEO/LVEO | Development Fund(General) - 4000000 , State Sponsored Scheme Fund - 4000000 , Loans from Financial Institutions - 3000000 , Receipts from other LSG's (Block Panchayats) - 2000000 , Receipts from other LSG's (District Panchayat) - 3000000 | 16000000 | 5487266 | 10512734 |
| 29 | ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം ST 2025-26 | VEO/LVEO | Development Fund(T.S.P) - 636506 , State Sponsored Scheme Fund - 9000000 , Loans from Financial Institutions - 3300000 , Receipts from other LSG's (Block Panchayats) - 1000000 , Receipts from other LSG's (District Panchayat) - 4000000 | 17936506 | 4300125 | 13636381 |
| 30 | ലൈഫ് ഭവന നിർമ്മാണം പട്ടികജാതി SC 2025-26 | VEO/LVEO | Development Fund(S.C.P) - 100000 , State Sponsored Scheme Fund - 800000 , Loans from Financial Institutions - 1000000 , Receipts from other LSG's (Block Panchayats) - 800000 , Receipts from other LSG's (District Panchayat) - 2000000 | 4700000 | 730000 | 3970000 |
| 31 | ബ്ലോക്ക് പഞ്ചായത്തിന് പിഎംഎവൈ വിഹിതം കൈമാറൽ ജനറൽ 2025-26 | VEO/LVEO | Development Fund(General) - 3500000 | 3500000 | 0 | 3500000 |
| 32 | വീട് വാസയോഗ്യമാക്കൽ പട്ടിക വർഗ്ഗം 2025-26 | VEO/LVEO | Development Fund(T.S.P) - 500000 | 500000 | 0 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| 49 | അഗതി രഹിത കേരളം ആശ്രയ ഭവന പുനരുദ്ധാരണം2025-26 | VEO/LVEO | Own Fund - 100000 | 100000 | 0 | 100000 |
| 50 | അതി ദരിദ്ര നിർമ്മാർജ്ജനം ഭവന പുനരുദ്ധാരണം 25-26 | VEO/LVEO | Own Fund - 100000 | 100000 | 100000 | 0 |
| 139 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ 2025-26 | VEO/LVEO | Own Fund - 900000 , Receipts from other LSG's (Block Panchayats) - 800000 , Receipts from other LSG's (District Panchayat) - 800000 | 2500000 | 165000 | 2335000 |
| 140 | ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ പട്ടിക വർഗ്ഗം ST 2025-26 | VEO/LVEO | Own Fund - 1100000 , Receipts from other LSG's (Block Panchayats) - 500000 , Receipts from other LSG's (District Panchayat) - 710000 | 2310000 | 675000 | 1635000 |
| 177 | വീട് വാസയോഗ്യമാക്കൽ ജനറൽ | VEO/LVEO | Development Fund(General) - 3000000 | 3000000 | 2750000 | 250000 |
| 179 | അതി ദാരിദ്ര നിർമ്മാർജ്ജന പദ്ധതി- ഭവന പുനരുദ്ധാരണം | VEO/LVEO | Own Fund - 300000 , Receipts from other LSG's (Block Panchayats) - 0 , Receipts from other LSG's (District Panchayat) - 100000 | 400000 | 50000 | 350000 |
| 181 | വീട് വാസയോഗ്യമാക്കൽ പട്ടിക വർഗ്ഗം | VEO/LVEO | Development Fund(T.S.P) - 250000 | 250000 | 250000 | 0 |
| 182 | ബ്ലോക്ക് പഞ്ചായത്തിന് പിഎംഎഐ വൈ വിഹിതം കൈമാറൽ ജനറൽ 2024-25 | VEO/LVEO | Own Fund - 280000 | 280000 | 210000 | 70000 |

# അദ്ധ്യായം 3 :

## വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം , പരിഹാര സാധ്യതകൾ

ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ പദ്ധതിയിലൂടെ ധാരാളം ഭവന ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുങ്കിലും കലാകാലങ്ങളിലെ നിർമാണ സാമഗ്രികളുടെ വിലവർദ്ധനവ് ആനുകൂല്യം ലഭിക്കുന്ന തുകയുടെ നല്ലൊരുഭാഗം കൂലിയായി കൊടുക്കേണ്ടി വരുന്ന അവസ്ഥയും ആയതിനാൽ മെച്ചപ്പെട്ട രീതിൽ ഭവനം പൂർത്തികരണം സാദ്ധ്യമാക്കുന്നതിനുഗുണഭോക്താവിന് കഴിയാതെ വരുന്നു. പലപ്പോഴും മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ ലഭിച്ചു എന്ന കാരണത്താൽ പിന്നീട് ഭവന പദ്ധതിയിൽ നിന്നും പുറന്തള്ളപെടുന്നു. എന്നാൽ വീട് വാസയോഗ്യമാക്കുന്നതിനു നൽകുന്ന തുക അപര്യാപ്തമായി തുടരുകയും ചെയ്യുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുക അനുവദിച്ചുകൊണ്ട് അത്തരം കുടുംബങ്ങളുടെ പ്രശനങ്ങൾക്ക് ശാശ്വതപരിഹാരം കാണവുന്നതാണ്.ലൈഫ് പദ്ധതിയിൽ 25 സെന്റ് അധികരിക്കാത്ത ഭൂമി എന്ന മാനദണ്ഡം മലയോരമേഖലയിൽ യോജിച്ചതല്ല. ഈ മാനദണ്ഡം നിരവധി പാവപ്പെട്ട ഭവനരഹിതരെ ലൈഫ് പദ്ധതിക്ക് പുറത്തു നിർത്തുകയാണ്.

# പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും (Form 6)

| ക്ര.ന. | മേഖല ഉപ മേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾപരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്നയ ഏറ്റെടുക്കേണ്ടതായ പ്രവര്ത്തനങ്ങൾ എന്തെല്ലാം ? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശ സ്വയ്ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയ്ഭരണ സ്ഥാപനത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പാർപ്പിടം | വാസയോഗ്യമാല്ലാത്ത ഭവനങ്ങൾ | പഞ്ചായത്ത് | | | | സ്വന്തമായി ഭവനനിർമ്മാണത്തിന് ശേഷി ഇല്ലാത്തത് | കൂടുതൽ ഫണ്ട് ഇതിനായി മാറ്റി വയ്ക്കുക | ത്രിതല പഞ്ചായത്തുകൾ വീട് റിപ്പയറിംഗ് ഫണ്ട് മാറ്റി വയ്ക്കുക | വീട് വാസയോഗ്യമാക്കുന്നതിന് ലൈഫ് മിഷൻ മാതൃകയിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുക | |
| 2 | പാർപ്പിടം | ഭവനരഹിതർ | പഞ്ചായത്ത് | | | | സ്വന്തമായി ഭവനനിർമ്മാണത്തിന് ശേഷി ഇല്ലാത്തത് | കൂടുതൽ ഫണ്ട് ഇതിനായി മാറ്റി വയ്ക്കുക | | കൂടുതൽ ഫണ്ട് അനുവദിക്കുക | |
| 3 | പാർപ്പി | ഭൂരഹിത ഭവനരഹിതർ | പഞ്ചായത്ത് | | | | സാമ്പത്തിക ശേഷി | കൂടുതൽ ഫണ്ട് ഇതിനായി | | NGO സംഘടനകളുടെയും മറ്റ് ചാരിറ്റി | |

| | | | |
|---|---|---|---|
| So | ഇല്ലാത്തത് | മാറ്റി വയ്ക്കുക | സന്ന ദ്ധ സംഘടനകളുടെ യും സഹായം സ്വീകരിച്ച് ഫ്ലാറ്റ് സംവിധാനത്തി ലേക്ക് ഇവരെ പുനരധിവസിപ്പി ക്കുക. |

# അദ്ധ്യായം 4 : വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല ഉപമേഖല | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം 2032ലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പാർപ്പി So | ഭൂരഹിത ഭവനരഹിതർ ഇല്ലാത്ത ഗ്രാമം | | ഭവന നിർമ്മാണ ആനുകൂല്യത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്ന ഒരുപാട് പേർ ഉള്ള പഞ്ചായത്ത് | സമ്പൂർണ്ണ പാർപ്പിട പഞ്ചായത്ത് | 500 ഭവന നിർമ്മാണം | HUDCO വായ്പയും മറ്റ് സന്നദ്ധ സംഘടന സഹായവും ഉപയോഗിച്ച് പാർപ്പിടം എന്ന സ്വപ്നം താഥാർത്ഥ്യമാക്കുക. |

## പഞ്ചവത്സര പദ്ധതി കാലത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങള്

- തൊഴിലുറപ്പ് തൊഴിൽദിനങ്ങള് വർദ്ധിപ്പിക്കല്
- വീട് വാസയോഗ്യമാക്കൽ
- ഉല്പാദന പശ്ചാത്തലമേഖലകളിൽ ആസ്തിവർദ്ധനവ്

# അദ്ധ്യായം 5

## സംയോജന സാധ്യതകൾ

ലൈഫ് ഭവന നിർമ്മാണ പട്ടികജാതി ലൈഫ് ഭവനനിർമ്മാണ പട്ടികവർഗം, ലൈഫ് ജനറൽ എന്നിവ ജില്ലാ ബ്ലോക്ക് സംസ്ഥാന സഹകരണത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.ഉല്പാദന മേഖലയിലെ വിവിധ പദ്ധതികൾക്ക് അടിസ്ഥാന സൌകര്യങ്ങളായ ആട്ടിൻ കൂട്, കോഴിക്കൂട്, കുളങ്ങൾ, കലുങ്ക്, പശുതൊഴുത്ത്, വ്യക്തിഗതകൃഷിക്കുളങ്ങൾ, കമ്പോസ്റ്റ്പിറ്റ് തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു.

# സാമൂഹ്യനീതി

# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള്

| ക്രമ.നം | പേരും,വിലാസവും | ഫോൺ നമ്പർ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/പുരുഷൻ | എസ്.സി/എസ്.ടി/മറ്റുള്ളവ |
|---|---|---|---|---|---|
| 1 | ശ്രുതി രാജേഷ് | 9562306776 | ചെയർമാൻ | സ്ത്രീ | ജനറൽ |
| 2 | ഉഷാ മുരളി | 9747542171 | വൈസ് ചെയർമാൻ | സ്ത്രീ | ജനറൽ |
| 3 | സാബു ഇളംപുരയിടത്തിൽ | 9961661534 | അംഗം | പു | ജനറൽ |
| 4 | പി ആർ സുലോചന | 9446568143 | അംഗം | സ്ത്രീ | ജനറൽ |
| 5 | ശശികുമാര വി കെ | 9495051343 | അംഗം | പു | ജനറൽ |
| 6 | ശ്രീദേവി കെ | 99478331176 | അംഗം | സ്ത്രീ | ജനറൽ |
| 7 | ഷൈലജ പി കെ | 9847448096 | അംഗം | സ്ത്രീ | ജനറൽ |
| 8 | ഉമ്മുക്കുൽസു | 9847012018 | അംഗം | സ്ത്രീ | ജനറൽ |
| 9 | പ്രകാശ് പനന്താനം | 9946091667 | അംഗം | പു | ജനറൽ |
| 10 | രേഖ ജേക്കബ് | 9656591214 | അംഗം | സ്ത്രീ | ജനറൽ |
| 11 | ബൈജു അറയ്ക്കൽ | 9048712247 | അംഗം | പു | ജനറൽ |
| 12 | മൈക്കിൾ കുമ്പുക്കൽ | 9495743249 | അംഗം | പു | ജനറൽ |

| | | | | | |
|---|---|---|---|---|---|
| 13 | മായ ടീച്ചർ | 9495796382 | അംഗം | സ്ത്രീ | ജനറൽ |
| 14 | ഇട്ടിയവിര അബ്രഹാം | 9052219529 | അംഗം | പു | ജനറൽ |
| 15 | രമണി പി പി | 9656423821 | അംഗം | എസ്.ടി | ജനറൽ |
| 16 | ജോബിഷ് പാറശ്ശേരി | 7558956098 | അംഗം | പു | ജനറൽ |
| 17 | ബിബിൻ രാജ് എം | 7907391668 | അംഗം | പു | ജനറൽ |
| 18 | ഇബ്രാഹീം വി വി | 9495179053 | അംഗം | പു | ജനറൽ |
| 19 | ഒ ഇ അബ്രഹാം | 9656676962 | അംഗം | പു | ജനറൽ |
| 20 | സോജിയ  തയ്യിൽ | 9400392010 | അംഗം | സ്ത്രീ | ജനറൽ |
| 21 | ജോസിയ പുത്തൻപുര | 9496678959 | അംഗം | സ്ത്രീ | ജനറൽ |
| 22 | ജിമ്മി നെല്ലിക്കൽ | 9947632034 | അംഗം | പു | ജനറൽ |
| 23 | സുബൈദ | 9846068955 | അംഗം | സ്ത്രീ | ജനറൽ |
| 24 | ചാക്കോ വടക്കൻ | 7510359165 | അംഗം | പു | ജനറൽ |
| 25 | ICDS സൂപ്പർവൈസർ | | കൺവീനർ | | |

വികസന മേഖല :സാമൂഹ്യനീതി

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്:ചെറുപുഴ ഗ്രാമ പഞ്ചായത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെമേൽവിലാസം:ചെറുപുഴ പി ഒ, കണ്ണൂർജില്ല.05/02/2026 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.

| | | |
|---|---|---|
| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
| വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് |
| ചെയർപേഴ്സണ് | വൈസ്ചെയർപേഴ്സണ് | കൺവീനര് |

# ആമുഖം

ഭിന്നശേഷിയുള്ളവരുടെയുംവയോജനങ്ങളുടെയുംനാനാവിധത്തിലുള്ളപ്രശ്നപരിഹാരത്തിന്മുന്തിയപരിഗണനനൽകികൊണ്ടാണ്മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെക്ഷേമം,കിടപ്പുരോഗികളായവിഭാഗത്തിൽപ്പെട്ടവരുടെസാന്ത്വനംഎന്നിവമുഖ്യവിഷയങ്ങളാണ്. ഭിന്നശേഷിക്കാരുടെയുംവയോജനങ്ങളെയുംക്ഷേമത്തിനായിനിശ്ചിതശതമാനംഫണ്ട്മാറ്റിവച്ചുകൊണ്ട്പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. പഞ്ചായത്ത്തലത്തിൽ ചെയ്യാൻ കഴിയാത്തവബ്ലോക്ക്ജില്ലാപഞ്ചായത്തുകളുടെസഹകരണത്തോടെനടത്താനുംശ്രമിച്ചുവരുന്നു.

# അദ്ധ്യായം 1

## 2000 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

### 2000 ലെ അവസ്ഥ:

ഏറെപരിഗണന അർഹിക്കുന്നവയോജനവിഭാഗത്തിന്നാമമാത്രപെൻഷൻ ആനുകൂല്യങ്ങൾ അല്ലാതെആരോഗ്യസംരക്ഷണത്തിന്യാതൊരുവിധപ്രാധാന്യമോപദ്ധതികളോഅക്കാലത്ത്ഉണ്ടായിരുന്നില്ല. അക്കാലത്ത്പ്രാദേശികസർക്കാർ സർക്കാർ പദ്ധതികളെക്കുറിച്ച്വേണ്ടത്രഅവബോധംജനങ്ങളിലേക്ക്എത്തിയിരുന്നില്ല.

### ഇന്നത്തെ അവസ്ഥ:

വയോജനങ്ങളുംഭിന്നശേഷിയുള്ളവരും കുട്ടികളുമടങ്ങുന്ന അതിബൃഹത്തായ വിഷയമേഖലയാണ്സാമൂഹ്യനീതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്നദാരിദ്ര്യനിർമാർജന പദ്ധതികളും വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവർക്ക് വേണ്ടിയുള്ളക്ഷേമ പെൻഷനുകൾ എന്നിങ്ങനെയുള്ള നിരവധി വികസന പദ്ധതികൾ ഉൾപ്പെടുന്നു.

അതീവ്രശ്രദ്ധ കൊടുക്കേണ്ട വിഭാഗമായവയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ കാര്യത്തിൽ പഞ്ചായത്ത് സദാജാഗരൂകരാണ്. വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും സാമൂഹിക സാമ്പത്തികസുരക്ഷിതത്വം ഉറപ്പുവരുത്തുന്ന നിരവധി പദ്ധതികളാണ് പഞ്ചായത്ത്കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്നത്.

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 5104 വയോജനങ്ങൾ ആണുള്ളത് (റഫറൻസ് ICDS Annual Survey 2019)

60 മുതൽ 80 വയസ്സ്

- സ്ത്രീ : 2379
- പുരുഷൻ : 2138

80 വയസ്സിനു മുകളിൽ

- സ്ത്രീ : 346
- പുരുഷൻ : 241

വയോജനങ്ങൾക്കായി 24 വയോജന അയൽക്കൂട്ടം ചെറുപുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വയോജനക്ഷേമം മുൻനിർത്തി മാനസിക-ശാരീരിക ആരോഗ്യംമെച്ചപ്പെടുത്തുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾ പഞ്ചായത്ത്ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്. വയോജനങ്ങൾ ജീവിതസായാഹ്നം കൂടുതൽവർണ്ണാഭമാക്കി തീർക്കുവാൻ വയോജന പകൽവീടുകൾ പഞ്ചായത്ത് നേതൃത്വത്തിൽപ്രവർത്തിക്കുന്നുണ്ട്.

മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നത് കൊണ്ട് തന്നെ ഭിന്നശേഷിക്കാരുടെ സംരക്ഷണവുംമാനസികാരോഗ്യവും തന്നെയാണ് പ്രധാനപ്രശ്നം. ആവശ്യമായ പരിഗണനകൾ നൽകി ഇവരെസമൂഹത്തിലെ മുഖ്യ ധാരയിൽ എത്തിക്കുക എന്നുള്ളത് നമ്മുടെ ഉത്തരവാദിത്തമാണ്.

ഭിന്നശേഷിയുള്ളവർക്ക്മുച്ചക്രവാഹനം, സഹായ ഉപകരണങ്ങൾ നൽകൽ, ഭിന്നശേഷി വിദ്യാർഥികൾക്ക്സ്കോളർഷിപ്പ് തുക നൽകൽ തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് പഞ്ചായത്ത്ഭിന്നശേഷിയുള്ളവർക്ക് വേണ്ടി നടപ്പിലാക്കി വരുന്നത്.

ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക നൽകൽ പദ്ധതിക്കായി നല്ലൊരുതുക എല്ലാ സാമ്പത്തിക വർഷവും പഞ്ചായത്ത്

വകയിരുത്താറുണ്ട്.കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുകയായ 1000 രൂപയ്ക്ക് പുറമേ ബത്തയും വാർഷികഅലവൻസും സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനുള്ള തുകയും യൂണിഫോം അലവൻസുംഅടങ്ങുന്ന 28, 500 രൂപ കൊടുക്കാൻ പഞ്ചായത്തിന് സാധിക്കുന്നുണ്ട്. അർഹരായമുഴുവൻ ഭിന്നശേഷി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് കൃത്യമായി നൽകുന്നുണ്ട്.

2025-2026 സാമ്പത്തിക വർഷത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന 60കുട്ടികൾക്കുംശാരീരിക വെല്ലുവിളികൾ നേരിടുന്ന 16 കുട്ടികൾക്കും സ്കോളർഷിപ്പ് തുകനൽകുന്നുണ്ട്.

# അദ്ധ്യായം 2

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

ഭിന്നശേഷിയുള്ളവരുടെയുംവയോജനങ്ങളുടെയുംനാനാവിധത്തിലുള്ളപ്രശ്നപരിഹാരത്തിന്മുന്തിയപരിഗണനനൽകികൊണ്ടാണ്മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെക്ഷേമം,കിടപ്പുരോഗികളായവിഭാഗത്തിൽപ്പെട്ടവരുടെസാന്ത്വന പരിചരണംഎന്നിവമുഖ്യവിഷയങ്ങളാണ്. ഭിന്നശേഷിക്കാരുടെയുംവയോജനങ്ങളെയുംക്ഷേമത്തിനായിനിശ്ചിതശതമാനംഫണ്ട്മാറ്റിവച്ചുകൊണ്ട്പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. പഞ്ചായത്ത്തലത്തിൽ ചെയ്യാൻ കഴിയാത്തവബ്ലോക്ക്ജില്ലാപഞ്ചായത്തുകളുടെസഹകരണത്തോടെനടത്താനുംശ്രമിച്ചുവരുന്നു.

## മുൻകാല മാതൃകായ വിജയം കൈവരിച്ച പ്രൊജക്ടുകള് (Form 3)

| ക്രം. നം | മേഖല/ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സാമൂഹ്യനീതി (ഭിന്നശേഷി) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (2012-13) | GEN | 532000 | ഭിന്നശേഷി വിദ്യാർത്ഥികളുടെ ഉന്നമനം | സ്കോളർഷിപ്പ് നല്കുക വഴി സാമ്പത്തികമായി സഹായിച്ചു.. | പഠനം മുടങ്ങിപോയ ഭിന്നശേഷിയുള്ളവർക്ക് ചെറിയ കൈത്താങ്ങ് നല്കാൻ സാധിച്ചു. |
| 2 | വയോജനം | വയോജനങ്ങൾക്ക് കട്ടിൽ 2017-2018 | TSP | 475050 | വയോജന ക്ഷേമം | വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുക | ശാരീരിക അസ്വസ്ഥതകൾ ഏറെ ഉണ്ടാകുന്ന വയോജനങ്ങൾക്ക് സ്വന്തമായി ഒരു കട്ടിൽ നൽകുക വഴി അവരുടെ ക്ഷേമം ഉറപ്പാക്കാൻ സാധിക്കും. |
| 3 | വയോജനം | വയോജനങ്ങൾക്ക് കട്ടിൽ (SCST) 2017-2018 | SCSP | 224494 | വയോജന ക്ഷേമം | വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുക | ശാരീരിക അസ്വസ്ഥതകൾ ഏറെ ഉണ്ടാകുന്ന വയോജനങ്ങൾക്ക് സ്വന്തമായി ഒരു കട്ടിൽ നൽകുക വഴി അവരുടെ ക്ഷേമം ഉറപ്പാക്കാൻ സാധിക്കും. |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ഭിന്നശേഷി | ഭിന്നശേഷി കുട്ടികളുടെ കലാകായിക മത്സരങ്ങള് | GEN | 75000 | ഭിന്നശേഷി കുട്ടികളുടെ മാനസികോല്പാദനം | കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുക | വീട്ടിൽ അടച്ചിരിക്കുന്ന കുട്ടികളുടെ പൊതുസ്ഥലത്ത് എത്തിക്കാൻ സാധിച്ചു. |
| 5 | ഭിന്നശേഷി | ഭിന്നശേഷിയുള്ളവർക്ക് മുചക്രവാഹനം നൽകൽ(2018-2019) | GEN | 648000 | ഭിന്നശേഷിക്കാരുടെ ക്ഷേമം | വാഹനം നൽകുക വഴി ഭിന്നശേഷിക്കാർക്ക് സമൂഹവുമായി ബന്ധപ്പെടാനുള്ള അവസരം നൽകി. | |
| 6 | ഭിന്നശേഷി | ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നൽകൽ(2018-2019) | GEN | 28000 | ഭിന്നശേഷിക്കാരുടെ ക്ഷേമം | ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പാക്കുക | |
| 7 | ഭിന്നശേഷി | കേൾവി വൈകല്യമുള്ളവർക്ക് ശ്രവണസഹായി (2019-2020) | GEN | 325000 | ഭിന്നശേഷിക്കാരുടെ ക്ഷേമം | ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പാക്കുക | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | വയോജനം | വയോജനങ്ങൾക്ക് കട്ടിൽ( 2019-2020) | GEN | 1035300 | വയോജനങ്ങളുടെ ക്ഷേമം | 238 വയോജനങ്ങൾക്ക് കട്ടിൽ നല്കുക വഴി അവരുടെ ക്ഷേമത്തിൽ പങ്കാളിത്തം | ഈ പ്രൊജക്ടിനുള്ള സ്വീകാര്യത |
| 9 | വയോജനം | വയോജന സംഗമം(2020-2021) | GEN | 50000 | വയോജനങ്ങളുടെ മാനസീകോല്ലാസം | വീട്ടിൽ അടച്ചിരിക്കുന്ന വയോജനങ്ങളെ ഒത്തുകൂടിക്കാൻ സാധിച്ചു. | പ്രൊജക്ടിനു ലഭിച്ച സ്വീകാര്യത |
| 10 | ഭിന്നശേഷി | ഭിന്നശേഷി കുട്ടികളുടെ സംഗമം (2020-2021) | GEN | 75000 | ഭിന്നശേഷി കുട്ടികളുടെ മാനസികോല്ലാസം | ഭിന്നശേഷിക്കാരെ എല്ലാ വിഭാഗത്തിൽപ്പെട്ടവ രെയും ഒരുമിച്ച് സംഘടിപ്പിച്ച് അവർക്ക് മാനസികോല്ലാസത്തി നുള്ള അവസരം ഉണ്ടാക്കി. | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എല്ലാ സാമ്പത്തിക വർഷവും മാതൃകപരമായി നടത്തുന്നുണ്ട്. പഞ്ചായത്തിലുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് അവരുടെ വൈകല്യത്തിൻറെ അടിസ്ഥാനത്തിൽ കൃതയമായ തുക അനിവദിക്കുന്നുണ്ട്. |

# പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്ടുകള്
## (Form 4)

| ക്ര. നം | മേഖല/ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ചതുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|---|
| 1 | | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം | GEN | ഭിന്നശേഷിക്കാരുടെ ഉന്നമനം | - | - | - | കൃത്യമായ മോണിറ്ററിംഗ് |

2025-2026 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രൊജക്റ്റുകളുടെ വിശദാംശങ്ങള്

(Form 5 )

| Project No | Project Name Mal | Impl Code | Fund Description | FundTotal | Expenditure | Balance |
|---|---|---|---|---|---|---|
| 9 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | SUP (ICDS) | Development Fund(General) - 1320000 , Receipts from other LSG's (Block Panchayats) - 660000 , Receipts from other LSG's (District Panchayat) - 220000 | 2200000 | 943000 | 1257000 |
| 10 | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങള് നൽകല് | SUP (ICDS) | Development Fund(General) - 200000 | 200000 | 0 | 200000 |
| 11 | ഭിന്നശേഷി കലോത്സവം | SUP (ICDS) | Development Fund(General) - 75000 | 75000 | 65500 | 9500 |
| 15 | കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർക്ക് വേതനം നൽകല് | SUP (ICDS) | Development Fund(General) - 204000 | 204000 | 0 | 204000 |
| 16 | അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി -പോഷകാഹാര വിതരണം | SUP (ICDS) | Own Fund - 75000 | 75000 | 44075 | 30925 |
| 17 | വയോജനങ്ങൾക്ക് കട്ടില് | SUP (ICDS) | Development Fund(General) - 435000 | 435000 | 434800 | 200 |
| 18 | വയോജന സംഗമം | SUP (ICDS) | Development Fund(General) - 100000 | 100000 | 67700 | 32300 |
| 19 | വയോജനങ്ങൾക്ക് ശ്രവണ സഹായി | SUP (ICDS) | Development Fund(General) - 300000 | 300000 | 0 | 300000 |

| | | | | | | |
|---|---|---|---|---|---|---|
| 25 | കുട്ടികൾക്ക് യോഗ പരിശീലനം | HM(GLPS) | Development Fund(General) - 50000 , Development Fund(CFC Basic Grant ) - 50000 | 100000 | 0 | 100000 |
| 38 | പട്ടികവർഗ്ഗ രക്ഷിതാക്കളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | As SEC (GP) | Development Fund(T.S.P) - 750000 | 750000 | 625000 | 125000 |
| 66 | വയോജനങ്ങൾക്ക് യോഗ പരിശീലനം | SUP (ICDS) | Development Fund(General) - 100000 | 100000 | 0 | 100000 |
| 67 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ | SUP (ICDS) | Development Fund(General) - 200000 | 200000 | 0 | 200000 |
| 143 | അതി ദാരിദ്ര നിർമ്മാർജ്ജന പദ്ധതി-തുടർ പ്രവർത്തനങ്ങള് | VEO/LVEO | Own Fund - 50000 | 50000 | 4500 | 45500 |
| 149 | കോലുവള്ളി പകൽ വീടിന് ഉപകരണങ്ങൾ വാങ്ങി നൽകല് | SUP (ICDS) | Development Fund(General) - 100000 | 100000 | 41250 | 58750 |

# അദ്ധ്യായം 3

## വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം , പരിഹാര സാധ്യതകൾ

പ്രധാന പ്രശ്നങ്ങൾ പരിഹാര  സാധ്യതകള്

1. വയോജനങ്ങളുടെയും, ഭിന്നശേഷിക്കാരുടെയും സംരക്ഷണം
2. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട, ആരും സംരക്ഷിക്കാനില്ലാത്ത ആൾക്കാരുടെ പുനരധിവാസംട
3. അവശത അനുഭവിക്കുന്ന കിടപ്പുരോഗികളുടെ വയോജനങ്ങളുടെ സംരക്ഷണം
4. പഞ്ചായത്തിന് സ്വന്തമായി ബഡ്സ് സ്കൂൾ ഇല്ലാത്തതിൻറെ  ബുദ്ധിമുട്ടുകള്

ഏറ്റെടുക്കേണ്ട  പ്രവർത്തനങ്ങള്

1. പഞ്ചായത്തിലെ 3 വില്ലേജുകളിലും പൂർണ്ണമായി പ്രവർത്തന ക്ഷമമായ പകൽവീടുകള്
2. വയോജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വയോജന പാർക്ക്
3. ബഡ്സ് സ്കൂൾ ആരംഭിക്കുക. അതിനോടൊപ്പം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരെ സ്കൂളിൽ എത്തിക്കുന്നതിനായി വാഹന സൌകര്യം ആരംഭിക്കുക.
4. ഭിന്നശേഷിയുള്ളവർക്ക് അനുയോജ്യമായ  തൊഴില്  സംരംഭങ്ങള് ആരംഭിക്കുക.
5. എല്ലാ വില്ലേജിലും ഭിന്നശേഷിയുള്ളവർക്ക് ഫിസിയോ തെറാപ്പി  സെൻറര് ആരംഭിക്കുക.
6. പൊതുവ്യായാമ കേന്ദ്രം ആരംഭിക്കുക

# പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും (Form 6)

| ക്ര. ന. | മേഖല യ ഉപമേ ഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്ത്തിൻറ തീവ്രത(ശരി ഇടുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരുത രം | അതീവ ഗുരുത രം | | തദ്ദേശഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയം ഭരണസ്ഥാപനത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | ഭിന്ന ശേഷി | സാമ്പത്തികം, ശാരീരികം, സാമൂഹികം, മാനസികം | പഞ്ചായത്തിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവര് | | ✓ | | ഫണ്ടിൻ്റെ അപര്യാപ്തത | a)ഭിന്നശേഷി സൌഹൃദ പഞ്ചായത്താക്കി മാറ്റുക. b)ഭിന്നശേഷി സഹായഉപകരണങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുക. c)ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷന് കേന്ദ്രങ്ങൾ തുടങ്ങുക. | | | |
| 2 | വയോ ജനം | സാമൂഹികമായ ഒറ്റപ്പെടല്, മാനസികോല്ലാസം ഇല്ലായ്മ, | പഞ്ചായത്തിലെ വയോജനങ്ങൾ (60 വയസ്സിനു | | ✓ | | കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കാത്തത് | വയോജന പകൽ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. പ്രവർത്തനം ശക്തിപ്പെടുത്തുക | | | |

| | | |
|---|---|---|
| സുരക്ഷിതത്വ | | |
| ക്കുറവ് | മുകളിൽ) | |

# അദ്ധ്യായം 4 : വികസന പരിപ്രേഷ്യം

| ക്ര. ന. | മേഖല/ ഉപമേഖല | പരിപ്രേഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം ( 2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ഭിന്നശേഷി | പഞ്ചായത്തിനെ ഭിന്നശേഷി സൌഹൃദമാക്കുക. മാതൃകാപരമായ പദ്ധതികൾ എടുത്ത് നടപ്പിലാക്കുക. | | എല്ലാ ഭിന്നശേഷിക്കാരിലേക്കും സേവനങ്ങൾ എത്തിക്കാൻ സാധിക്കുന്നില്ല | എല്ലാ ഭിന്നശേഷിക്കാരിലേക്കും സേവനങ്ങൾ എത്തിക്കുന്ന വിധത്തിൽ പദ്ധതികള് രൂപീകരിക്കുക. ഭിന്നശേഷി സൌഹൃദ പഞ്ചായത്ത് ബഡ്സ് സ്കൂൾ സ്ഥാപിക്കുക. | 1)ഭിന്നശേഷിക്കാർക്ക് തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ 2) ഇലക്ട്രോണിക് വീൽചെയര് വിതരണം | 1)ഭിന്നശേഷി സർവ്വെ നടത്തി ഓരോരുത്തരുടെയും അവസ്ഥ പഠനം നടത്തുക. മുൻഗണനാക്രമത്തില് പദ്ധതികള് ആസൂത്രണം നടത്തുക. ഭിന്നശേഷി കൂട്ടായ്മകൾ സംഘടിപ്പിക്കുക. ഭിന്ന്ശേഷി വിഭാഗക്കാർക്ക് പദ്ധതികള് ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ടെങ്കിലും എല്ലാ വിഭാഗം ആളുകളിലും എത്തുന്ന വിധത്തിൽ വ്യത്യസ്തങ്ങളായ പദ്ധതികൾ ഏറ്റെടുക്കുക. അവസ്ഥ പഠനം നടത്തി പ്രശ്നങ്ങൾ മനസിലാക്കി മുൻഗണന ക്രമത്തില് പദ്ധതികൾ നടപ്പിലാക്കുക. പഞ്ചായത്തിനു കീഴിൽ ഭിന്നശേഷിയുള്ളവർക്ക് ബഡ്സ് സ്കൂളും. തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളും സ്ഥാപിക്കാവുന്നതാണ്. |
| 2 | വയോജനം | പഞ്ചായത്തിലെ 3 വില്ലേജുകളിലും എല്ലാ സൌകര്യങ്ങളോടും കൂടി | | വയോജനങ്ങൾക്ക് പരിപാലന കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നി | a)വയോജന പകൽ പരിപാലന കേന്ദ്രങ്ങൾ എല്ലാവിധ സൌകര്യങ്ങളോടുകൂടി 3 വില്ലേജുകളിലും | a) പകൽ പരിപാലന കേന്ദ്രം ശക്തിപ്പെടുത്തുക. b)കൃത്യമായ ഇടവേളകളിൽ | ജനകീയ കൂട്ടായ്മകള് രൂപീകരിക്കുക. പൊതുജനങ്ങളുടെ കൂടെ സഹകരണത്തോടു കൂടി വയോജന കേന്ദ്രങ്ങൾ സ്ഥാപിക്കുക. വയോജനങ്ങളെ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| വയോജന പകൽ പരിപാലന കേന്ദ്രം | ല്ല. | സ്ഥാപിക്കുക. വാഹന സൌകര്യം ഉണ്ടാവണം. | മെഡിക്കല് ക്യാമ്പ് c)വയോജനസഹമായ ഉപകരണങ്ങളുടെ വിതരണം | വാഹനസൌകര്യം ഉണ്ടാവണം. കെയർ ഗീവറെ നിയമിക്കുക. |

`

## പഞ്ചവത്സര പദ്ധതി കാലത്ത് ഏറ്റെടുക്കേണ്ട പ്രവര്‍ത്തനങ്ങള്

- ഭിന്നശേഷി സ്വാശ്രയ സംഘങ്ങൾക്ക് സഹായം
- വയോജനങ്ങൾക്ക് വിനോദ വിശ്രമ കേന്ദ്രങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക
- വയോജങ്ങളെ പൊതുസമൂഹവുമായി ബന്ധപ്പെടുത്തുന്നതിന് ദേശീയാഘോഷ ദിനങ്ങളിലും മറ്റു നിശ്ചിത ഇടവേളകളിലും 'സീനിയർ മേള' കൾ സംഘടിപ്പിക്കുക
- എല്ലാ മുതിർന്ന പൗരന്മാർക്കും ഹെൽത്ത് കാർഡുകൾ അനുവദിക്കുക
- ഭിന്നശേഷിവിവരശേഖരണം
- ഭിന്നശേഷിക്കാർക്ക് മെഡിക്കല് ക്യാമ്പ്
- ഭിന്നശേഷിക്കാർക്ക് വതിപ്പടി സേവനങ്ങൾ ലഭ്യമാക്കുക
- ഭിന്നശേഷിക്കാർക്ക് അനുവദിച്ച ഉപകരണങ്ങള് റിപ്പയര് ചെയ്യുന്നതിനുള്ള സംവിധാനം
- ഭിന്നശേഷിക്കാർക്ക് വീട്, വഴി, വെള്ളം തുടങ്ങിയവ അനുവദിക്കുക
- കുടുംബങ്ങളിലേക്ക് ഒറ്റപ്പെട്ട്പോയ വയോജനങ്ങൾക്ക് പകല് വിശ്രമ കേന്ദ്രങ്ങള് അനുവദിക്കുക
- വയോജനങ്ങൾക്ക് മെഡിക്കല് ക്യാമ്പ്

# അദ്ധ്യായം 5

## സംയോജന സാധ്യതകൾ

വയോജനങ്ങൾക്കുള്ള പകല് വിശ്രമ കേന്ദ്രം ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയായി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഭിന്ന ശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം,അംഗൻവാടി പോഷകാഹാര വിതരണം എന്നിവ ബ്ലോക്ക് ജില്ലാ സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ചു നടപ്പിലാക്കി വരുന്നു.

# ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

`

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള്

ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള്

| ക്രമ.നം | പേരും,വിലാസവും | ഫോൺ നമ്പർ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/പുരുഷൻ | എസ്.സി/എസ്.ടി/മറ്റുള്ളവ |
|---|---|---|---|---|---|
| 1 | വിജി കെ ജോൺ | 8590472005 | ചെയർമാൻ | സ്ത്രീ | ജനറൽ |
| 2 | ജോയ്സി ഷാജി | 9847681514 | വൈസ് ചെയർമാൻ | സ്ത്രീ | ജനറൽ |
| 3 | റെനി മൈലാടൂർ | 9446893385 | അംഗം | പു | ജനറൽ |
| 4 | രജിത വി വി | 9747140410 | അംഗം | സ്ത്രീ | ജനറൽ |
| 5 | രാജു ചുണ്ട | 9947066783 | അംഗം | പു | ജനറൽ |
| 6 | കോമളവല്ലി കെ | 9446050398 | അംഗം | സ്ത്രീ | ജനറൽ |
| 7 | സുനിൽ ആമ്പിലേരി | 9447685203 | അംഗം | പു | ജനറൽ |
| 8 | ഷാന്റി ജോർജ് | 9188637384 | അംഗം | സ്ത്രീ | ജനറൽ |
| 9 | ലിസ്സമ്മ ചാത്തംകുന്നേൽ | 9562057817 | അംഗം | സ്ത്രീ | ജനറൽ |
| 10 | ജോണി പൊള്ളക്കാട്ട് | 9526644037 | അംഗം | പു | ജനറൽ |

`

| | | | | | |
|---|---|---|---|---|---|
| 11 | പ്രസന്ന ടീച്ചർ | 9745295832 | അംഗം | സ്ത്രീ | ജനറൽ |
| 12 | ദീപ വല്യാട്ട് | 9605458062 | അംഗം | സ്ത്രീ | ജനറൽ |
| 13 | സിന്ധു മുരളീധരൻ | 9656397142 | അംഗം | സ്ത്രീ | ജനറൽ |
| 14 | മിനി ചായനാനി | 8547655083 | അംഗം | സ്ത്രീ | ജനറൽ |
| 15 | രാജു മാസ്റ്റർ | 9495103980 | അംഗം | പു | ജനറൽ |
| 16 | സൗദാമിനി ടി പി | 9605241604 | അംഗം | സ്ത്രീ | ജനറൽ |
| 17 | പത്മിനി കാരാള | 8113845976 | അംഗം | സ്ത്രീ | ജനറൽ |
| 18 | നസിയത്ത് | 9744482105 | അംഗം | സ്ത്രീ | ജനറൽ |
| 19 | വിമല ടീച്ചർ | 9747318664 | അംഗം | സ്ത്രീ | ജനറൽ |
| 20 | സിമി കല്ലേൽ | 9496717991 | അംഗം | സ്ത്രീ | എസ് സി |
| 21 | ജമീല ഹസ്സൻ | 9847784060 | അംഗം | സ്ത്രീ | ജനറൽ |
| 22 | മോളി ഓടയ്ക്കൽ | 9946840377 | അംഗം | സ്ത്രീ | ജനറൽ |
| 23 | തോമസ് സെബാസ്റ്റ്യൻ | 8281157880 | അംഗം | പു | ജനറൽ |
| 24 | അനില ദേവസ്യ | 9747723758 | അംഗം | സ്ത്രീ | ജനറൽ |
| 25 | ICDS സൂപ്പർവൈസർ | | കൺവീനർ | സ്ത്രീ | ജനറൽ |

സ്ഥലം:

തീയ്യതി: സെക്രട്ടറിയുടെ പേരും ഒപ്പും

`

വികസന മേഖല: ജെൻഡറും വികസനവും കുട്ടികളുടെ വികസനവും

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്:ചെറുപുഴ ഗ്രാമ പഞ്ചായത്ത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെമേൽവിലാസം:ചെറുപുഴ പി ഒ, കണ്ണൂർജില്ല.05/02/2026 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.

| | | |
|---|---|---|
| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
| വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് |
| ചെയർപേഴ്സണ് | വൈസ്ചെയർപേഴ്സണ് | കൺവീനര് |

# ആമുഖം

1996 ആഗസ്റ്റ് 17നാണ് കേരളത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനത്തിനായി ജനകീയ ആസൂത്രണം എന്ന നൂതന പരിപാടിക്ക് തുടക്കം കുറിച്ചത്. കാൽനൂറ്റാണ്ട് പിന്നിട്ടപ്പോൾ ജനകീയാസൂത്രണത്തിൽ സുപ്രധാന നേട്ടങ്ങളിലൊന്ന് വികസനത്തിൽ സ്ത്രീ പരിപ്രേഷ്യം കൂടി നൽകാനായി എന്നതാണ്.അധികാര വികേന്ദ്രീകരണവും പഞ്ചായത്തീരാജ് സംവിധാനവും ലിംഗപദവി തുല്യതയിൽ അധിഷ്ഠിതമായ ഭരണ നിർവ്വഹണത്തിന് വഴിയൊരുക്കുകയുണ്ടായി.

പ്രാദേശിക ഭരണ സംവിധാനത്തില് ലിംഗപദവിയുടെ അടിസ്ഥാനത്തില് അർഹമായ പങ്കാളിത്തം ഉറപ്പ് വരുത്താനും വിഭവങ്ങൾ വകയിരുത്തുന്നതിലും വിനിയോഗത്തിലും സ്ത്രീകളെയും മറ്റ് അവശത അനുഭവിക്കുന്നവരെയും പരിഗണിക്കുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.സമൂഹത്തില് കാലാകാലങ്ങളായി സ്ത്രീകള് ഉൾപ്പെടെയുള്ളവര് അനുഭവിക്കുന്ന വിവേചനത്തിന്റെയും,ചൂഷണത്തിന്റെയും അസമത്വത്തിന്റെയും കാരണങ്ങൾ വിശകലനം ചെയ്യാനും ഇതിന്റെ അടിസ്ഥാനത്തില് കണ്ടെത്തുന്ന കാരണങ്ങളുടെ വേരുകൾ ഇല്ലാതാക്കാനും തുല്യതയിലും നീതിയിലും അധിഷ്ഠിതമായി വ്യത്യസ്ത വിഭാഗങ്ങള് തമ്മിലുള്ള ബന്ധങ്ങൾ ആവിഷ്ക്കരിക്കപ്പെടാനും കഴിയണം.അതിനായി ലിംഗപദവി സൌഹാർദ്ദപരമായ ഒരു ഭരണക്രമം പ്രാദേശിക തലത്തില് രൂപപ്പെടേണ്ടതുണ്ട്.പ്രാദേശിക ഭരണ സംവിധാനത്തിന്റെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ ലക്ഷ്യം നേടണമെങ്കിൽ ലിംഗ പദവി അടിസ്ഥാനമാക്കി ആസൂത്രണ രീതികള് അവലംബിക്കേണ്ടതുണ്ട്.

മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പുവരുത്തുക എന്ന കുട്ടികളെ സംബന്ധിച്ച ദേശീയ കാഴ്ചപ്പാടിലധിഷ്ഠിതമായി കുട്ടികളുടെ ആവശ്യങ്ങളെ ഗൌരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന ബാല സൌഹൃദ സമീപനത്തിലൂന്നിക്കൊണ്ട് കുട്ടികളും പൌരൻമാരാണ് എന്ന കാഴ്ചപ്പാടോടുകൂടി പദ്ധതികള് ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് തദ്ദേശ ഭരണത്തിന്റെ കാതലായ കർത്തവ്യമാണ്.കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വ്യത്യസ്ത സേവന മേഖലകളുടെ പരസ്പര ബന്ധിതമായുള്ള ഇടപെടലിലൂടെ മാത്രമെ പരിഹരിക്കാനാകു

# അദ്ധ്യായം 1

## 2000 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

### 2000 ലെ അവസ്ഥ:

1998ൽദാരിദ്ര്യനിർമാർജനത്തിനായിരൂപംകൊണ്ടകുടുംബശ്രീഎന്നമഹായജ്ഞത്തിൻറെ ആരംഭത്തോടെയാണ്പാവപ്പെട്ടദരിദ്രകുടുംബങ്ങൾക്ക്ശേഷിക്കുറവിന്തെല്ലൊന്ന്പരിഹാരമായത്. അക്കാലമത്രയുംഭൂരിഭാഗംജനങ്ങളുംനാടൻതൊഴിൽകാർഷികവൃത്തിഎന്നിവയായതിനാൽസാമ്പത്തികഭദ്രതകുറവായിരുന്നു.ബാലാരിഷ്ടതകൾമറികടന്ന്കുടുംബശ്രീപിന്നീട്ഒറ്റപ്പെട്ടസംരംഭങ്ങൾ ഏറ്റെടുത്ത്നടപ്പിലാക്കാൻ തുടങ്ങി. കുടുംബശ്രീഹോട്ടലുകൾ അവിടവിടായി പ്രത്യക്ഷപ്പെട്ടു.

അങ്കണവാടികൾ

പ്രാഥമികവിദ്യാഭ്യാസത്തിൻറെആവിഷ്കരണതോടൊപ്പംകൂട്ടായ്മ, പങ്കിടൽ എന്നിവകൂടിപഠിപ്പിക്കുന്നസാമൂഹ്യക്ഷേമവകുപ്പിൻറെ കീഴിൽ 35 അംഗണവാടികൾ ആണ്പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

വനിതാ ക്ഷേമ വികസന പരിപാടികൾക്കപ്പുറം സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും സ്ത്രീക്കും പുരുഷനും തുല്യ പദവി ഉറപ്പാക്കുന്ന സാമൂഹ്യ പരിവർത്തന പദ്ധതികൾക്കുമായിരിക്കണം ഊന്നല് നല്കേണ്ടത്. കുടുംബശ്രീ, സ്വയംസഹായ സംഘങ്ങളിലൂടെ ഏറെ സ്ത്രീകൾ ഒത്തുചേരാന് തുടങ്ങിയെങ്കിലും ആശയാടിത്തറയും വിശകലനാത്മക ചിന്തയും വളർത്തി കൂടുതല് വൈദഗ്യം ആർജ്ജിക്കേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

- സ്ത്രീകളുടെ താഴ്ന്ന സാമൂഹിക പദവി
- ഉന്നത വിദ്യാഭ്യാസത്തിന് അവസരം പെൺകുട്ടികൾക്ക് നഷ്ടപ്പെടുന്നു.
- തുല്യജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
- തൊഴിൽ വിവേചനം
- സ്ത്രീധനം

`

- മദ്യം,പുകവലി തുടങ്ങിയ സാമൂഹ്യ തിന്മകളുടെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നു
- നിലവാരമുള്ള പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വായിക്കാനുള്ള താല്പര്യവും അവസരവും കുറവ്
- തൊഴിലവസരങ്ങൾ കുറവ്
- സ്ത്രീപീഠനം
- സ്ത്രീജന്യരോഗങ്ങളുടെ വർദ്ധനവും സൌകര്യങ്ങളുടെ അപര്യാപ്തതയും
- സ്വന്തമായി തൊഴിലും വരുമാനവും ഇല്ലാത്ത അവസ്ഥ
- പണത്തിന്റെ മേലുള്ള അവകാശവും അധികാരവും ഇല്ലാത്ത അവസ്ഥ

ശക്തികൾ

- സ്ത്രീകളുടെ  ഉയർന്ന വിദ്യാഭ്യാസ നിലവാരം
- നേതൃത്വത്തിനുള്ള കഴിവ്
- വൈദഗ്ധ്യം നേടിയ വനിതകൾ
- സംഘടനാ ശക്തി കുടുംബശ്രീ
- വിഭവസമാഹരണ സാധ്യതകൾ
- സേവനസന്നത
- ഉത്തരവാദിത്വ ബോധം

ദൌർബല്യങ്ങള്

- അപകർഷതാ ബോധം
- അംഗീകാരമില്ലായ്മ
- അവസരങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുക
- ആത്മവിശ്വാസമില്ലായ്മ
- വിമർശനങ്ങൾ

കേരള സർക്കാർ വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അംഗനവാടി കളിലൂടെ നടപ്പാക്കിയ വാർഷിക സർവ്വേ റിപ്പോർട്ട് പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 16359 ആണ്. ജനസംഖ്യയിൽ ആനുപാതികമായി നിൽക്കുന്ന സ്ത്രീസമൂഹം ഇന്ന് വൻമുന്നേറ്റത്തിന്റെ പാതയിലാണ്. സ്ത്രീകൾ കടന്നു ചെല്ലാത്ത മേഖലകൾ ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്ന് തന്നെ പറയാം.

മാറ്റത്തിന്റെ വൻ കൊടുങ്കാറ്റായി 1998 ആരംഭിച്ച കുടുംബശ്രീയാണ് നമ്മുടെ പഞ്ചായത്തിൽ സ്ത്രീ മുന്നേറ്റത്തിന് വഴിതെളിച്ചത്. ദരിദ്ര്യവനിതകളുടെ  സ്വയംസഹായ ലക്ഷ്യമുള്ള ത്രിതല സമൂഹങ്ങളായി സംഘടിപ്പിച്ച ലഭ്യമായ ആശയ വിഭവ സ്രോതസ്സുകളുടെ ആവശ്യാധിഷ്ഠിത സമന്വയത്തിലൂടെ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലുള്ള വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ കുടുംബശ്രീ എന്ന സംഘടനാ സംവിധാനത്തിന് സാധിച്ചു.

`

## ഇന്നത്തെ അവസ്ഥ:

ജാഗ്രത സമിതി

വനിതകളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഗാർഹിക പീഡനങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി പഞ്ചായത്ത് തലത്തിലും ഓരോ വാർഡ് തലത്തിലും ആയി ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്.സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അതാത് കേന്ദ്രങ്ങളിൽനിന്ന് തന്നെ പരിഹരിച്ച് സാമൂഹ്ക സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ജാഗ്രതാ സമിതികൾക്ക് സാധിക്കുന്നുണ്ട്.

അംഗനവാടികൾ

ചെറുപുഴഗ്രാമപഞ്ചായത്തിലെ 35 അംഗനവാടികൾ ആണ് ഉള്ളത്. എല്ലാ അംഗനവാടികൾക്കുംസ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കുവാൻ പഞ്ചായത്തിന്സാധിച്ചിട്ടുണ്ട്.1996 - 97 സാമ്പത്തികവർഷത്തെ പഞ്ചായത്തിലെഅംഗനവാടികളുടെഎണ്ണവും, അതിൽ സ്വന്തം കെട്ടിടം ഉള്ള അംഗനവാടികൾ എണ്ണം വളരെകുറവായിരുന്നു. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിലെത്തുമ്പോൾ ഈരംഗത്ത് വന്ന മാനങ്ങൾ വളരെ അത്ഭുതാവഹമാണ്. അങ്കണവാടികൾക്ക് സ്വന്തംകെട്ടിടം ലഭ്യമാക്കുകയും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിഅംഗനവാടികളുടെ എണ്ണത്തിലും വർധന ഉണ്ടാകുകയും ചെയ്തു.

അംഗനവാടികുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷക പദ്ധതിവർഷംതോറും ഭീമമായ തുകയാണ് പഞ്ചായത്ത് വകയിരുത്തുന്നത്. പോഷകാഹാരവിതരണത്തിന് പുറമേ പ്രതിരോധകുത്തിവയ്പ്പ്, ആരോഗ്യ പരിശോധന, അമ്മമാർക്ക്ബോധവൽക്കരണം, അനൗപചാരിക വിദ്യാഭ്യാസം തുടങ്ങിയ വ്യത്യസ്ത സേവനങ്ങൾ ഇന്ന്അങ്കണവാടികൾ മുഖാന്തരം ജനങ്ങളിലേയ്ക്ക് എത്തുന്നുണ്ട്. 1996 ശൈശവാവസ്ഥയിൽആയിരുന്ന അംഗൻവാടികളുടെ പ്രവർത്തനം 2022 എത്തുമ്പോൾ ലക്ഷ്യമിട്ട മുഴുവൻസേവനങ്ങളും അംഗനവാടി വഴി നടപ്പിലാക്കാൻസാധിച്ചിട്ടുണ്ട്.

അങ്കണവാടികൾവഴി വിവിധങ്ങളായ പോഷകാഹാരങ്ങൾ നൽകി വരുന്നുണ്ട്. അംഗനവാടിയിൽ നിന്നും നിന്ന് ഭക്ഷണം കഴിക്കുന്നത്തിലൂടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 500 കലോറി ഊർജ്ജവും 15 ഗ്രാം മാംസവും ലഭിക്കുന്നു. ഈ പഞ്ചായത്ത് പ്രദേശത്ത്

`

ഒരിടത്തും പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്താനായിട്ടില്ല. നിലവിൽ ചെറുപുഴഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിൽ നിന്ന് ഭക്ഷണം വിതരണം ചെയ്യുന്നഗുണഭോക്താക്കൾ വിവരം താഴെ കൊടുക്കുന്നു.

3  മുതല് 6 വയസ്സ് വരെ പ്രായമുള്ള  കുട്ടികള്

- പെൺകുട്ടി – 260
- ആൺകുട്ടി – 265

6 മാസം  മുതല് 3 വയസ്സ് വരെ

- പെൺകുട്ടി – 342
- ആൺകുട്ടി – 332

ഗർഭിണികള് - 135
പാലൂട്ടുന്ന അമ്മമാർ - 139

## അംഗനവാടികളുടെ ഭൗതികാവസ്ഥ

| സെൻററ് നമ്പർ | സെൻററിൻറെ പേര് | വാർഡ് | സ്ഥലം | സർവ്വേ നമ്പർ | കെട്ടിടം നിർമ്മിച്ച വർഷം | ചുറ്റുമതിൽ | വൈദ്യുതി | ടോയ്‌ലറ്റ് | കുടിവെള്ളം | അവസാനം അറ്റകുറ്റപ്പണി നടത്തിയ വർഷം | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് | ശിശു സൌഹൃദ പെയിൻറിംഗ് | വേസ്റ്റ് മാനേജ്മെൻറ് സംവിധാനം | കിച്ചൺ ഗാർഡന് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ജോസ്ഗിരി | 9 | 5 | 127/1 | 2014 | YES | YES | YES | WELL | | NO | YES | YES | YES |
| 2 | കാനംവയൽ | 8 | 3.5 | 127/1 | 2013-14 | YES | YES | YES | WELL | | NO | YES | YES | YES |
| 3 | കോഴിച്ചാൽ | 8 | 5 | 124/1 | 2014-15 | NO | YES | YES | WELL | | NO | YES | YES | NO |
| 4 | മീന്തുള്ളി | 8 | 3 | 122/1 | 2002 | YES | YES | YES | WELL | 2020 | NO | NO | YES | YES |
| 5 | കരിയക്കര | 8 | 3 | 127/1 | 2002 | YES | YES | YES | BORE WELL | 2015-16 | NO | YES | YES | YES |
| 6 | പാലാന്തടം | 5 | 3 | 116/5 | 2000 | YES PARTIALLY | YES | YES | BORE WELL | 2013 | NO | YES | YES | YES |
| 7 | വിളക്കുവട്ടം | 4 | 3 | 101/1 | 2004 | YES | YES | YES | BORE WELL | 2020 | YES | NO | YES | YES |
| 8 | ചുണ്ട | 4 | 4 | 84/1 | 2004 | YES | YES | YES | BORE WELL | 2015-16 | NO | YES | YES | YES |
| 9 | കോലുവള്ളി | 3 | 4 | 107/2 | 1996 | YES | YES | YES | BORE WELL | 2018 | NO | YES | YES | YES |
| 10 | ഭൂദാനം | 2 | 5 | 86/5 | 2006 | YES | YES | YES | PIPE | 2019 | NO | YES | YES | YES |
| 11 | പാണ്ടിക്കടവ് | 2 | 3 | 37/9 | 1997 | YES | YES | YES | BORE WELL | 2013 | NO | YES | YES | YES |
| 12 | ചട്ടിവയൽ | 11 | 3 | 129/1 | 2012 | YES PARTIALLY | YES | YES | JALANIDHI | 2016-17 | NO | YES | YES | YES |
| 13 | മുതുവം | 13 | 5 | 130/A | 2006 | YES PARTIALLY | YES | YES | BORE WELL | 2017-18 | NO | YES | YES | YES |
| 14 | തിരുമേനി | 13 | 5 | /30 | 2011-12 | YES | YES | YES | BORE WELL | 2015-16 | NO | YES | YES | YES |
| 15 | പരുത്തിക്കല്ല് | 12 | 3 | 130/A | 2011-12 | YES PARTIALLY | YES | YES | NIL | 2016 | NO | YES | YES | YES |
| 16 | കോക്കടവ് | 14 | 3 | 114/1 | 2000 | YES PARTIALLY | YES | YES | BORE WELL | 2018 | NO | YES | YES | YES |
| 17 | കുണ്ടേരി | 14 | 4.5 | 46 | 2014 | YES | YES | YES | BORE WELL | 2018-19 | NO | YES | YES | YES |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 18 | എയ്യൻകല്ല് | 14 | 5 | 164/4 | 2017 | NO | YES | YES | BORE WELL | | NO | YES | YES | YES |
| 19 | പ്രാപ്പൊയിൽ1 | 15 | 5 | | 2015-16 | YES | YES | YES | BORE WELL | | YES | YES | YES | NO |
| 20 | പാറോത്തുംനീർ | 16 | 3 | 341/3 | 1997 | YES | YES | YES | BORE WELL | 2019 | NO | YES | YES | YES |
| 21 | പെരുന്തടം | 16 | 3 | 341/1 | 1998 | YES | YES | YES | WELL | 2014 | NO | NO | YES | YES |
| 22 | പ്രാപ്പൊയിൽ2 | 17 | 2.5 | 57/10 | 1998 | YES PARTIALLY | YES | YES | BORE WELL | | NO | YES | YES | YES |
| 23 | പാക്കഞ്ഞിക്കാട് | 18 | 3 | 112/1 | 2001 | YES | YES | YES | BORE WELL | 2020 | NO | NO | YES | NO |
| 24 | ചെറുപുഴ | 2 | 10 | 6/1 | 1989-90 | YES | YES | YES | BORE WELL | 2013 | NO | YES | YES | YES |
| 25 | കൊല്ലാട | 1 | 5 | 69/1 | 2001 | YES | YES | YES | BORE WELL | 2016 | NO | YES | YES | YES |
| 26 | മച്ചിയിൽ | 19 | 25 | 103/9 | 1999-2000 | YES | YES | YES | BORE WELL | 2013 | YES | YES | NO | NO |
| 27 | തട്ടുമ്മൽ | 15 | 10 | 259/1 | 1999 | YES | YES | YES | WELL | 2017 | NO | NO | YES | NO |
| 28 | വാതിൽമട | 19 | 8 | 6/7 | 2003 | YES | YES | YES | BORE WELL | 2020 | NO | YES | YES | YES |
| 29 | ചൂരപ്പടവ് | 11 | 5 | 470/4 | 2013 | YES | YES | YES | BORE WELL | 2015 | NO | NO | YES | YES |
| 30 | കുണിയംകല്ല് | 10 | 5 | 27/1 | 2013 | YES | YES | YES | BORE WELL | 2012-13 | NO | YES | YES | YES |
| 31 | കൂമ്പൻകുന്ന് | 7 | 5 | 127/1 | 2011 | YES | YES | YES | BORE WELL | | NO | NO | YES | YES |
| 32 | ചാത്തമംഗലം | 12 | 5 | 217/6 | 2011 | NO | YES | YES | BORE WELL | 2020 | NO | NO | YES | YES |
| 33 | മുളപ്ര | 17 | 5 | 79 | 2014-15 | YES | YES | YES | BORE WELL | | NO | YES | NO | NO |
| 34 | വയലായ് | 3 | 4 | 172/11 | 2005 | YES | YES | YES | BORE WELL | 2019 | YES | NO | YES | YES |
| 35 | മരുതംപാടി | 12 | 5 | 130/1 | 2011 | YES PARTIALLY | YES | YES | BORE WELL | 2016 | NO | YES | YES | YES |

`

| 2000-2001 | | 2025--2026 | |
|---|---|---|---|
| അങ്കണവാടികളുടെ എണ്ണം | 27 | അങ്കണവാടികളുടെ എണ്ണം | 35 |
| സ്വന്തം കെട്ടിടം ഉള്ളത് | 5 | സ്വന്തം കെട്ടിടം ഉള്ളത് | 34 |
| കുടിവെള്ളം | 2 | കുടിവെള്ളം | 34 |
| വൈദ്യുതി | 2 | വൈദ്യുതി | 35 |
| ചുറ്റുമതിൽ | 0 | ചുറ്റുമതിൽ | 32 |
| ശിശുസൌഹൃദ പെയിൻറിംഗ് | 0 | ശിശുസൌഹൃദ പെയിൻറിംഗ് | 20 |

അംഗനവാടി കുട്ടികളുടെ വിവരങ്ങൾ

| ക്രമനമ്പർ | അംഗണവാടിയുടെ പേര് | 2000-2001 കുട്ടികൾ | 2025-2026 കുട്ടികൾ |
|---|---|---|---|
| 1 | ജോസ്ഗിരി | 2 | 14 |
| 2 | കാനംവയൽ | - | 31 |
| 3 | കോഴിച്ചാൽ | 24 | 13 |
| 4 | മീന്തുള്ളി | 34 | 19 |
| 5 | കരിയക്കര | 28 | 30 |
| 6 | പാലാന്തടം | 40 | 17 |
| 7 | വിളക്കുവട്ടം | 16 | 9 |
| 8 | ചുണ്ട | 39 | 19 |
| 9 | കോലുവള്ളി | 44 | 34 |
| 10 | ഭൂദാനം | 12 | 13 |
| 11 | പാണ്ടിക്കടവ് | 24 | 13 |
| 12 | ചട്ടിവയല് | 10 | 6 |

| | | | |
|---|---|---|---|
| 13 | മുതുവം | 13 | 17 |
| 14 | തിരുമേനി | 19 | 14 |
| 15 | പരുത്തിക്കല്ല് | 15 | 7 |
| 16 | കോക്കടവ് | 25 | 15 |
| 17 | കുണ്ടേരി | 16 | 9 |
| 18 | എയ്യൻകല്ല് | 22 | 17 |
| 19 | പ്രാപ്പൊയിൽ1 | 41 | 9 |
| 20 | പാറോത്തുംനീർ | 38 | 10 |
| 21 | പെരുന്തടം | 25 | 7 |
| 22 | പ്രാപ്പൊയിൽ2 | 24 | 13 |
| 23 | പാക്കഞ്ഞിക്കാട് | 15 | 24 |
| 24 | ചെറുപുഴ | 35 | 22 |
| 25 | കൊല്ലാട | 38 | 25 |
| 26 | മച്ചിയിൽ | 28 | 16 |
| 27 | തട്ടുമ്മൽ | 34 | 35 |
| 28 | വാതിൽമട | 30 | 37 |
| 29 | ചൂരപ്പടവ് | - | 7 |
| 30 | കുണിയംകല്ല് | - | 5 |
| 31 | കൂമ്പൻകുന്ന് | - | 5 |
| 32 | ചാത്തമംഗലം | - | 13 |
| 33 | മുളപ്ര | - | 19 |
| 34 | വയലായ് | - | 14 |
| 35 | മരുതംപാടി | - | 6 |

2000-2001 കാലഘട്ടത്തില് നിന്ന് 2026 ല് എത്തുമ്പോള് ചെറുപുഴ പഞ്ചായത്തിലെ അങ്കണവാടികൾ പ്രശംസനാർഹനീയമായ മാറ്റങ്ങള് തന്നെയാണ് കൈവരിച്ചിട്ടുള്ളത്. ഓരോ

`

അങ്കണവാടിയേയും മികവിൻറെ കേന്ദ്രമാക്കി  മാറ്റാന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഓരോ വാർഷിക പദ്ധതി സമയത്തും കുട്ടികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും ഉള്ള വിഹിതം കൃത്യമായി നീക്കിവച്ച് മികവുറ്റ പദ്ധതികള് ആസൂത്രണം ചെയ്ത്  ജനങ്ങളിലെത്തിക്കാൻ പഞ്ചായത്ത് നിരന്തരം ശ്രദ്ധിക്കുന്നുണ്ട്

# അദ്ധ്യായം 2

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

1999 മുതല് കുടുംബശ്രീ ചെറുപുഴയില് ആരംഭിച്ചു. ആദ്യ കാലങ്ങളിൽ 150 അയൽക്കൂട്ടങ്ങള് പ്രവർത്തിച്ചിടത്ത് 2011ൽ 283 അയൽക്കൂട്ടത്തിൻറെയും 2021ൽ303 അയൽക്കൂട്ടങ്ങളായി വർദ്ധിക്കുകയും ചെയ്തു.

10 രൂപ ത്രിഫ്റ്റ് നിക്ഷേപത്തില് നിന്നും ഭൂരിപക്ഷം അയൽക്കൂട്ടങ്ങളും 50 മുതല് 100 വരെ ത്രിഫ്റ്റ് നിക്ഷേപം സ്വീകരിച്ച് വരുന്നു. ഭൂരിപക്ഷം സ്ത്രീകളും സാമ്പത്തികമായി സ്വയംപര്യാപ്തരായി.

വരുമാന വർദ്ധനവിനായി സ്വയംതൊഴിൽകണ്ടെത്തുകയും സംരഭങ്ങള് ആരംഭിക്കുകയും ചെയ്തിട്ടണ്ട്. 78ഓളം കോഴിയും കൂടും 10ലധികം പലഹാര യൂണിറ്റ്, 2 ഹോട്ടൽ, 2 പേപ്പർബാഗ് യൂണിറ്റ്, അപ്പാരൽ യൂണിറ്റ്, എന്നിവ നല്ല നിലവാരം പുലർത്തുന്ന സംരംഭങ്ങളാണ്.

ജെഎൽജികള് 350 എണ്ണം പ്രവർത്തിച്ചു വരുന്നു. ഓരോ യൂണിറ്റിനും 4,00,000 രൂപ വീതം ലോൺ ലഭ്യമാക്കാനും സാധിച്ചു.

അഗതി രഹിത കേരളം പദ്ധതിയിൽ നിലവില് 121 കുടുംബങ്ങള് ഉണ്ട്. അവർക്കു വേണ്ട സേവനങ്ങളും നടത്തി വരുന്നു.

`

മുൻകാല മാതൃകായ വിജയം കൈവരിച്ച പ്രൊജക്റ്റുകള് (Form 3)

| ക്ര. നം | മേഖല/ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സ്ത്രീകളും കുട്ടികളും | അങ്കണവാടി പോഷകാഹാര പരിപാടി (2012-2013) | GEN | 2300000 | സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം | പോഷക നിലവാരം മെച്ചപ്പെട്ടു. | ഗുരുതര തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണത്തിൽ കുറവ് |
| 2 | സ്ത്രീകളും കുട്ടികളും | അങ്കണവാടികൾക്ക് ചുമർചിത്രം (2015-2016) | GEN | 100000 | അങ്കണവാടികളെ ആകർഷകമാക്കി മാറ്റുക | അങ്കണവാടികളെ ശിശു സൌഹൃദമാക്കി മാറ്റുക വഴി കുട്ടികളുടെ എണ്ണം കൂടി. | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണത്തിലെ വ്യത്യാസം |
| 3 | സ്ത്രീകളും കുട്ടികളും | അങ്കണവാടികൾക്ക് ഫർണിച്ചര്, കളിയുപകരണങ്ങൾ (2014-2015) | GEN | 135000 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുക | മികവുറ്റ അങ്കണവാടി കേന്ദ്രങ്ങൾ | പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു. |

`

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | സ്ത്രീകളും കുട്ടികളും | അങ്കണവാടികൾക്ക് ചുമർചിത്രം വരയ്ക്കല് (2016-2017) | GEN | 100000 | അങ്കണവാടികളെ ശിശു സൌഹൃദമാക്കുക | അങ്കണവാടികൾ കൂടുതൽ ആകർഷകമാക്കി കുടികളെ എൻറോള് ചെയ്യിക്കാൻ സാധിച്ചു. | അങ്കണവാടിയിൽ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർധന |
| 5 | സ്ത്രീകളും കുട്ടികളും | അങ്കണവാടികൾക്ക് അലമാര (2016-2017) | GEN | 100100 | ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുക | പ്രവർത്തനം മികവുറ്റതാക്കുക | സൌകര്യം വർദ്ധിക്കുക വഴി പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു |
| 6 | സ്ത്രീകളും കുട്ടികളും | അങ്കണവാടി പോഷകാഹാര പരിപാടി (2017-2018) | GEN | 3312489 | സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം | പോഷണ നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചു. | ശിശുമരണനിരക്ക്, ഗുരുതര തൂക്കക്കുറവുള്ള കുട്ടികൾ എന്നിവരുടെ കണക്കിലുള്ള വ്യത്യാസം |
| ചുറ്റുമതിൽ ഉള്ളവ,<br>ശരിയായ അടുക്കള ഉള്ളവ, മതിയായ സ്റ്റോര് റൂം ഉള്ളവ - ഇല്ല | ചുറ്റുമതിൽ ഉള്ളവ -2<br><br>ഭാഗികം -3<br><br>ഇല്ല -6<br><br>അടുക്കള, സ്റ്റോറ് റൂം ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന മുഴുവന്ർ വിദ്യാലയങ്ങളിലും | സംസ്ഥാന സക്കാരിൻറെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ചുവട് പിടിച്ച് മിക്ക സ്കൂളുകളും ഹൈടെക് ആയി മാറിയിട്ടുണ്ട് |
| ലാബ് സൌകര്യമുള്ളവ – ഇല്ല<br><br>സ്മാര്ർട്ട് ക്ലാസ് റൂം ഉള്ളവ -ഇല്ല<br><br>കമ്പ്യൂട്ടറുകളുടെ എണ്ണം -ഇല്ല<br><br>ഇൻറർനെറ്റ് കണക്ഷന് ഉള്ളവ -ഇല്ല | ലാബ് സൌകര്യമുള്ളവ-7<br><br>സ്മാര്ർട്ട് ക്ലാസ് റൂം ഉള്ളവ -9<br><br>കമ്പ്യൂട്ടറുകളുടെ എണ്ണം-256 | |

`

# 2000 ലെ അവസ്ഥ:

സ്കൂളുകൾ

- വാഴക്കുണ്ടം ജി.എൽ.പി. സ്കൂൾ
- തിരുമേനി എസ്.എൻ.ഡി.പി എൽ.പി. സ്കൂള്
- ജി.എച്ച്.എസ് പ്രാപ്പൊയിൽ
- ജി.എച്ച്.എസ് തിരുമേനി
- ജി.എച്ച്.എസ്. എസ് കോഴിച്ചാല്
- ജി.എച്ച്.എസ് പുളിങ്ങോം
- സെൻറ് മേരീസ് എച്ച്.എസ് ചെറുപുഴ
- ജെ.എം.യു.പി സ്കൂൾ ചെറുപുഴ
- സെൻറ് അഗസ്റ്റിൻസ് എൽ.പി. സ്കൂള് കോഴിച്ചാല്
- സെൻറ് ജോസഫ് യു.പി. സ്കൂൾ ജോസ്ഗിരി

ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ

- ആർക്കെഞ്ചെൽസ് സ്കൂള്, കന്നിക്കളം
- സെൻറ് ജോസഫ്സ് സ്കൂള്, ചെറുപുഴ

വായനശാലകൾ

- മീന്തുള്ളി
- ചുണ്ട
- കക്കോട്
- MSAC ക്ലബ് & വായനശാല
- എ.വി. കുഞ്ഞമ്പു സ്മാരക വായനശാല തിരുമേനി

യുവജനനേട്ടം

കായിക വിനോദങ്ങൾ

- ഷൈനിംഗ് സ്റ്റാർ സ്പോട്സ് ആൻറ് ആട്സ് ക്ലബ്
- പ്രതീക്ഷ വയലായി

`

പൊതുവിദ്യാഭ്യാസ രംഗത്ത് 3എൽ.പി സ്കൂളും 2യു.പി.സ്കൂളുകളും 6 ഹൈസ്കൂളുകളും പ്രവർത്തിക്കുന്നു. 3 ഹൈസ്കൂളില് ഹയർസെക്കൻററി വിഭാഗം പ്രവർത്തിക്കുന്നു. പുളിങ്ങോം ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർസെക്കൻററി വിഭാഗം ഉണ്ട്. 11 വിദ്യാലയങ്ങളിലായി 2564 ആൺകുട്ടികളും 2244 പെൺകുട്ടികളും അടക്കം 4808 കുട്ടികള് പഠിക്കുന്നു. ആകെ 210 അധ്യാപകതസ്തികയില് 206 അധ്യാപകര് ജോലി ചെയ്യുന്നു.പ്രൈമറി മുതൽ ഹയര് സെക്കൻററി വരെ 53 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളും വിവിധ വിദ്യാലയങ്ങളിലായി ഉണ്ട്.

ഏതൊരു വിദ്യാലയത്തിൻറെയും അക്കാദമിക് നിലവാരം അവിടുത്തെ ഭൗതീക സാഹചര്യങ്ങളെയും അക്കാദമിക് സൌകര്യങ്ങളെയും കൂടി ആശ്രയിച്ചാണിരിക്കുന്നത്. ചെറുപുഴ പഞ്ചായത്തിലെ വിദ്യാലയങ്ങൾ ഭൌതിക സാഹചര്യത്തിൻറെ കാര്യത്തില് ഏറെക്കുറെ സ്വയംപ്യാപ്തമാണെന്ന് പറയാം. ആവശ്യത്തിന് കെട്ടിടങ്ങളും ഫർണ്ണിച്ചറുകളും ഇല്ലാത്ത വിദ്യാലയങ്ങളും ഉണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാദമിക സൌകര്യങ്ങളും വിലയിരുത്തപ്പെടേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറികളും ലാബുകളുമുണ്ടെങ്കിലും ആവശ്യത്തിന് പുസ്തകങ്ങളോ (കട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള) ഉപകരണങ്ങളോ ഇല്ല. ഉള്ളവ തന്നെ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന പരാതിയും ഉണ്ട്. ഓൺലൈന് പഠനം നിലവാരമുള്ളതാക്കാൻ സാധിക്കണം.

കൈറ്റ് എല്ലാ വിദ്യാലയങ്ങൾക്കും ലാപ്ടോപ്പുകളും പ്രൊജക്റ്ററുകളും വിതരണം ചെയ്തത് ഈ ഉദ്യമത്തിൻറെ തുടക്കമായി കാണാവുന്നതാണ്. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ കാരണം ആ ഈ അക്കാദമിക വർഷവും കൂടുതല് കുട്ടികള് പൊതു വിദ്യാലയങ്ങളില് പ്രവേശനം നേടിയിട്ടുണ്ട്.എസ്.എസ്.എൽ.സി, പ്ലസ് ടു വിജയശതമാനം വിലയിരുത്തിയാൽ അക്കാദമിക് നിലവാരം ഉയർന്നു വരുന്നതായി കാണാം. കഴിഞ്ഞ 5 വിഷത്തെ വിജയശതമാനം പട്ടികയില് നൽകിയിരിക്കുന്നു

| | വിദ്യാലയം | 2016-17 | 2017-18 | 2018 - 19 | 2019 -20 | 2020-21 |
|---|---|---|---|---|---|---|
| SSLC | GHSS പ്രാപ്പൊയില് | 100 | 100 | 100 | 100 | 100 |
| | GHSS പുളിങ്ങോം | 100 | 100 | 100 | 100 | 100 |
| | GHSS കോഴിച്ചാാല് | 98 | 98 | 99 | 100 | 100 |
| | GHSS തിരുമേനി | 95 | 94 | 100 | 100 | 100 |
| | ST. Marys HSചെറുപുഴ | 100 | 99 | 100 | 99 | 100 |
| | ST. Joseph's HS Cherupuzha | 100 | 100 | 100 | 100 | 100 |
| HSE | GHSS പ്രാപ്പൊയിൽ | 89.2 | 91.2 | 94.7 | 95 | 96.5 |

| | | | | | | |
|---|---|---|---|---|---|---|
| | GHSS കോഴിച്ചാല് | 91 | 92 | 92 | 98 | 98 |
| | GHSS തിരുമേനി | - | 73.8 | 72 | 90 | 92.5 |
| | GVHSS പുളിങ്ങോം | 63.56 | 98 | 89 | 89 | 98 |

മലയോര മേഖലയിലെ കായിക ക്ഷമതയുള്ള കുട്ടികൾക്ക് കളിസ്ഥലം അടക്കമുള്ള അടിസ്ഥാന സൌകര്യങ്ങളും വിദഗ്ധ പരിശീലനവും നൽകാന് സാധിച്ചാല് ഭാവിയില് ഈ രംഗത്ത് നിരവധി നേടുവാൻ കൊയ്തെടുക്കുവാന് സാധിക്കും. എന്നാൽ 50% ഹൈസ്ക്കൂളിലും മറ്റ് പ്രൈമറി വിദ്യാലയങ്ങളിലും കായികാധ്യാപകരില്ലാത്തത് പിറകോട്ടടിക്ക് കാരണമാകുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശക്തമായതോടെ വിദ്യാലയാന്തരീക്ഷത്തിലും അക്കാദമിക നിലവാരത്തിലും പുരോഗതി ഉള്ളതായി കാണാം. പൊതുസമൂഹത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള കാഴ്ച്ചപ്പാട് മാറ്റിയെടുക്കാൻ ഇതുവഴി സാധിച്ചു. സ്കൂൾ പ്രവേശനം സംബന്ധിച്ച കണക്കുകൾ ഇക്കാര്യം ബോധ്യപ്പെടുത്തുന്നു. സെക്കണ്ടറി തലം വരെ കൊഴിഞ്ഞുപോക്ക് തീരെയില്ലെന്ന് തന്നെ പറയാം. ഹയർ സെക്കണ്ടറി തലത്തില് പിന്നോക്ക വിഭാഗത്തിൽപ്പെട്ട മുഴുവന് കുട്ടികളും സ്കൂള് പ്രവേശനം നേടുന്നില്ല. എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ, മദർ പി.ടി.എ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാലയ സംരക്ഷണ സമിതി,ജാഗ്രത സമിതി തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനവും നല്ല നിലയിൽ ഉണ്ട്. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി പ്രവർത്തനം മെച്ചപ്പെടുത്തുന്നുണ്ട്.

അധ്യാപകർ

എല്ലാ വിദ്യാലയങ്ങളിലും ക്ലാസ്സുകളുടെ എണ്ണത്തിനനുസരിച്ചാണ് അധ്യാപകര്യ ഉള്ളത്. പരിശീലന ആവശ്യങ്ങൾക്കും വ്യക്തിപരമായ കാരണങ്ങള് കൊണ്ടും അധ്യാപകര് അവധിയിലാകുമ്പോൾ പഠനപ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നു. കലാ-കായിക പ്രവൃത്തി പരിചയപഠനത്തിന് എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരില്ല. ടീച്ചേർസ് ബാങ്ക് രൂപീകരിച്ച് മേല് പ്രവർത്തനങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

കെട്ടിടസൌകര്യം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ കാഴ്ച്ചപ്പാടിനനുസരിച്ചുള്ള മെച്ചപ്പെട്ട ക്ലാസ്സ് മുറികളും അനുബന്ധ കെട്ടിടങ്ങളും മിക്കവാറും എല്ലാ വിദ്യാലയങ്ങളിലും ഉണ്ടായിട്ടുണ്ട്. തിരുമേനി, പുളിങ്ങോം ഹൈസ്ക്കൂളിൽ പുതിയ കെട്ടിടം പണിയേണ്ടതുണ്ട്.

ചുറ്റുമതിൽ

ചുറ്റുമതിൽ ഉള്ള മൂന്ന് വിദ്യാലയങ്ങള് മാത്രമേ പഞ്ചായത്തിലുള്ളു. നാല് വിദ്യാലയങ്ങൾക്ക് ഭാഗീകമായി മാത്രം ചുറ്റുമതില് ഉണ്ട്. തീരെ ഇല്ലാത്ത നാല് വിദ്യാലയങ്ങളും ഉണ്ട്. ആകർഷമായ ഗേറ്റും ചുറ്റുമതിലും എല്ലാ വിദ്യാലയങ്ങൾക്കും ഉണ്ടാക്കിയെടുക്കാൻ സാധിക്കണം.

കളിസ്ഥലം

രണ്ട് വിദ്യാലയങ്ങളിൽ കളിസ്ഥലം തീരെയില്ല. മറ്റ് വിദ്യാലയങ്ങളിലും സ്ഥല പരിമിതി ഉണ്ട്. ഭൂമി ലഭ്യമാക്കി കളിസ്ഥലം വികസിപ്പിച്ചെടുക്കുവാൻ സാധിക്കണം. കളിയുപകരണങ്ങളുടെയും കായികാധ്യാപകരുടേയും ലഭ്യത ഉറപ്പ് വരുത്തണം.

ഓഡിറ്റോറിയം

മെച്ചപ്പെട്ട ഓഡിറ്റോറിയം എല്ലാ വിദ്യാലയങ്ങളിലും ഉണ്ടെന്ന് പറയാൻ സാധിക്കില്ല. രക്ഷാകർതൃ യോഗങ്ങള് അസംബ്ലി, കുട്ടികളുടെ വിവിധ മേളകൾ പൊതുജന സമ്പർക്ക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് ഓഡിറ്റോറിയം അത്യാവശ്യമാണ്. എല്ലാ വിദ്യാലയങ്ങളിലും മൾട്ടി പർപ്പസ് ഓഡിറ്റോറിയവും സ്റ്റേജും അനുബന്ധ സംവിധാനങ്ങളും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

സ്കൂൾ വാഹനം

GHSS പ്രാപ്പൊയിൽ, സെൻറ് ജോസഫ് ചെറുപുഴ എന്നീ വിദ്യാലയങ്ങള് സ്വന്തമായ വാഹനമുണ്ട്. കുട്ടികളുടെ സംരക്ഷിതത്വം കണക്കിലെടുത്തുകൊണ്ട് എല്ലാ വിദ്യാലയങ്ങൾക്കും വാഹനം ഏർപ്പെടുത്തേണ്ടതുണ്ട്.

ഉച്ച ഭക്ഷണം

മെച്ചപ്പെട്ടതും പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണം പാൽ, മുട്ട തുടങ്ങിയ പോഷകാഹാരവും എല്ലാ വിദ്യാലയങ്ങൾക്കും നൽകിവരുന്നു. (1 to 8 ക്ലാസ് വരെ) അടുക്കള, ഡൈനിംഗ് ഹാൾ സൌകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. ആവശ്യമായ വിദ്യാലയങ്ങളിൽ പഞ്ചായത്ത് സഹായത്തോടു കൂടി പ്രഭാത ഭക്ഷണവും ഒരുക്കേണ്ടതുണ്ട്. ബയോഗ്യാസ് പ്ലാൻറ്, കമ്പോസ്റ്റ് പിറ്റ് എന്നിവയും വേണ്ടതുണ്ട്.

കുടിവെള്ളം

പ്രാപ്പൊയിൽ ഗവഃ ഹൈസ്ക്കൂള് ഒഴികെ മറ്റെല്ലാ വിദ്യാലയങ്ങളിലും കുടിവെള്ള സൗകര്യമുണ്ട്. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന വിദ്യാലയങ്ങളുമുണ്ട്. മഴവെള്ള സംഭരണി കിണർ റീച്ചാർജിംഗ് എന്നീ സൗകര്യളുംഎല്ലാ വിദ്യാലയങ്ങളിലും ഒരുക്കണം. കുടിവെള്ള പരിശോധനയും എല്ലാ വർഷവും നടത്തണം.

ടോയലറ്റ്

പ്രാപ്പൊയിൽ ഹൈസ്ക്കൂള് ഹയർസെക്കണ്ടറി വിഭാഗത്തില് ആൺകുട്ടികൾക്ക് മൂത്രപ്പുര, കക്കൂസ് സൗകര്യം ആവിശ്യത്തിന് ഇല്ല. മറ്റെല്ലാ വിദ്യലയങ്ങളിലും ഇത്തരം സൌകര്യങ്ങൾ ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഇല്ല. എന്നതാണഅ വസ്തുത. ആധുനിക രീതിയിലുള്ള ടോയ്ലറ്റുകളും മൂത്രപ്പുരകളും

വാഷ്റൂമും ഗേൾസ് ഫ്രണ്ടിലി ടോയ്‌ലറ്റുകളും റെസ്റ്റ് റൂമുകളും എല്ലാ വിദ്യാലയങ്ങളിലും വേണ്ടതുണ്ട്.

ലാബ് &ലൈബ്രറി

ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി വിദ്യാലയങ്ങളില് ലാബ് സൌകര്യം ഉണ്ട്. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രേറിയൻ ആവശ്യത്തിന് പുസ്തകങ്ങള് ഉണ്ട്. എന്നാല് ആനുകാലിക പ്രസിദ്ധീകരണങ്ങൾ കുറവാണ്. കുട്ടികൾക്ക് സൌകര്യമായി ഇഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാനുതകുന്ന തരത്തില് സ്കൂള് ലൈബ്രറി പരിഷ്ക്കരിക്കേണ്ടതുണ്ട്.

പുതിയ കാലഘട്ടത്തിൽ ഡിജിറ്റല് ലൈബ്രറി കൂടി ഒരുക്കേണ്ടതുണ്ട്. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രേറിയന് തസ്തിക ഉണ്ടാക്കുന്നതും കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണ്. ലാംഗ്വേജ് ലാബ് ഇംഗ്ലീഷ് പഠനത്തിന്

പാഠപുസ്തകം

വിദ്യാലയ വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ സൊസൈറ്റികളില് പാഠപുസ്തകം എത്തുന്നുണ്ട്. അതുകൊണ്ട് സ്കൂള് തുറക്കുന്ന ദിവസം തന്നെ കുട്ടികൾക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു.

ഉന്നത വിദ്യാഭ്യാസം

ചെറുപുഴ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങള് ഒന്നും തന്നെയില്ല. ഹയർസെക്കണ്ടറി വിദ്യാഭ്യാസം പൂര്ത്തിയാക്കുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുവാൻ ഇതുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നിലവിൽ ചെറുപുഴ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ആശ്രയിക്കുവാന് രണ്ട് സ്ഥാപനങ്ങളാണുള്ളത്. കന്നിക്കളത്ത് പ്രവർത്തിക്കുന്ന കണ്ണൂര് യൂണിവേഴ്സിറ്റിയില് അഫിലിയേറ്റ് ചെയ്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായ നവജ്യോതി കോളേജുംസമാന്തര വിദ്യാഭ്യാസസ്ഥാപനമായ പീയെൻസ് കാമ്പസും.ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ആശ്രയിക്കുന്ന രണ്ട് ഗവൺമെന്റ് കോളേജുകള് സമീപ പഞ്ചായത്തുകളിലുണ്ട്. എളേരിത്തട്ട് ഗവൺമെന്റ് കോളേജ്, പെരിങ്ങോം ഗവൺമെന്റ് കോളേജ് എന്നിവയാണ്.

കമ്പ്യൂട്ടർ വിദ്യാഭ്യാസ രംഗത്ത് ശങ്കരാചാര്യ, എൻ ടി എസ്, ജി.ടെക് എന്നീ സ്വകാര്യ സ്ഥാപനങ്ങൾ പരിശീലനം നൽകി വരുന്നുണ്ട്. ചെറുപുഴ പീയെൻസ് കാമ്പസ് ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ഹിന്ദി അധ്യാപക പരിശീലന കോഴ്സുകളും സെൻറ് മേരീസ് കോളേജിൽ ഭാരത് സേവക് സമാജിൻറെ നഴ്സിംഗ് സഹായിക കോഴ്സുകളും നടത്തി വരുന്നു.

അനൌപചാരിക വിദ്യാഭ്യാസം

1990 ല് ആരംഭിച്ച ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം 3 ലക്ഷം സാക്ഷരതാ പ്രവർത്തനങ്ങളുടേയും ബഹുജനങ്ങളുടെയും പ്രവർത്തന ഫലമായി 1991ഏപ്രിൽ 18 ന്

`

ലക്ഷ്യം കൈവരിച്ചു. കേരളം ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരത സംസ്ഥാനമായിത്തീർന്നു. സമ്പൂർണ്ണ സാക്ഷരത യജ്ഞത്തിന് ശേഷം കേരളത്തിലെ എല്ലാ ജില്ലകളിലേയും 1998ൽ ആരംഭിച്ച പരിപാടിയാണ് തുടര് വിദ്യാഭ്യാസ പരിപാടി. സംസ്ഥാന സാക്ഷരതാ മിഷനാണ് തുടർ വിദ്യാഭ്യാസ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. 1998 ഒക്ടോബര് 2ന് എല്ലാ ബ്ലോക്ക് പഞ്ചായത്തിലും 2 വീതം വികസന വിദ്യാകേന്ദ്രങ്ങളും ഗ്രാമപഞ്ചായത്തില് 3 വീതം തുടർ വിദ്യാകേന്ദ്രങ്ങളും നിലവിൽവന്നു ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിൽപെട്ട് അക്ഷരങ്ങളിലൂടെയും അറിവിൻറെയും ലോകം ആസ്വദിക്കുവാന് കഴിയാതെ പോയ ജനസാമാന്യത്തിന് വെളിച്ചമേകാനുള്ള ശ്രമത്തിൻറെ ഭാഗമായി എല്ലാ തുടർ വിദ്യാകേന്ദ്രങ്ങളിലും സാക്ഷരതാ ക്ലാസ്സുകള് നിലവില് വന്നു. സാക്ഷരതാ ക്ലാസിന് പുറമേ ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ തുല്യതാക്ലാസ്സുകളും ബോധവത്ക്കരണ – വ്യക്തിത്വ വികസന പരിപാടികളും തൊഴിൽ പരിശീലനങ്ങളും സംഘടിപ്പിക്കുവാന് സാക്ഷരതാ മിഷന് സാധിച്ചിട്ടുണ്ട്.

സാക്ഷരതാമഷിൻറെ ഏറ്റവും പ്രധാനപ്പെട്ട പരിപാടിയാണ് തുല്യത പരിപാടി. ബ്ലോക്ക് പഞ്ചായത്തിൻറെ നേതൃത്വത്തിലുള്ള ഭാഗമായി പഞ്ചായത്ത് തല സംഘാടകസമിതി രൂപീകരിക്കുകയും പ്രവർത്തനങ്ങള് ഏറ്റെടുത്ത് നടത്തുകയും ചെയ്തു. പഞ്ചായത്തിൽ പ്രേരക്മാർക്ക് പുറമേ പ്രത്യേകം കോഡിനേറ്റർമാരെ നിയമിക്കുകയും ചെയ്തു.

അനൌപചാരികം

സർവ്വേയിലൂടെ ചെറുപുഴ പഞ്ചായത്തില് 50 വയസ്സിന് താഴെയുള്ള 220 പഠിതാക്കളെ കണ്ടെത്തി. ഇതിനാല് ആദ്യഘട്ടം 109 പേരും രണ്ടാംഘട്ടം 111 പേരും പരീക്ഷ എഴുതി പാസ്സായി. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ പഞ്ചായത്തായി ചെറുപുഴ പഞ്ചായത്ത് മാറി.

നാലാം തരം തുല്യത പരിപാടിക്ക് പുറമേ ഉപരിപഠനത്തിനും സ്ഥാനക്കയറ്റത്തിനും PSC നിയമനത്തിനും ഉപകരിക്കുന്ന ഏഴാം തരം, ഹയർസെക്കൻററി തുല്യതാ പരിപാടിയും ചെറുപുഴ പഞ്ചായത്തിൽ നടപ്പിലാക്കിയിരുന്നു.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പിൻറെ കീഴില് 35 അങ്കണവാടിയില് ഉണ്ട്. 230 ആൺകുട്ടികളുടേയും 250 പെൺകുട്ടികളുടെയും അങ്കണവാടിയില് രജിസ്റ്റര് ചെയ്തിട്ടുണ്ട്. അങ്കണവാടി വഴി ഗർഭിണികള്, നവജാത ശിശുക്കളുടെ ആരോഗ്യ നിരീക്ഷണം. പ്രീ സ്കൂൾ വിദ്യാഭ്യാസം, പോഷണങ്ങൾ അടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വിതരണം എന്നിവയും അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശക്തമായതോടെ വിദ്യാലയങ്ങളില് പി.ടി.എയുടേയും മറ്റും സഹായത്തോടെ പ്രി -പ്രൈമറി ആരംഭിച്ചത് അംഗൻവാടികളില് കുട്ടികളുടെ പ്രവേശനം കുറയാന് കാരണമായി.

പ്രശ്നങ്ങൾ

- എല്ലാ അംഗനവാടികളും ഭൗതീക സൗകര്യം ഉള്ളവയല്ല.
- മരുതംപാടി, വിളക്കുവട്ടം, പരുത്തിക്കല്ല് അഗൻവാടികള് കുടിവെള്ള ക്ഷാമം നേരിടുന്നു.

`

- ഭൂരിപക്ഷം അംഗനവാടികളിലും ചുറ്റുമതിൽ ഇല്ല.
- ജോസ്ഗിരി, കാനംവയൽ, മീന്തുള്ളി അംഗനവാടികളിലേക്ക് വളരെയധികം ദൂരം യാത്ര ചെയ്താലെ എത്തിച്ചേരുകയുള്ളു
- ഗതാഗത സൗകര്യത്തിൻറെ അപര്യാപ്തത
- കളി ഉപകരണങ്ങൾ (Indoor, Outdoor) വേണ്ടത്രയല്ല.

സാധ്യതകൾ

- അംഗൻവാടികളുടെ സൗകര്യം മെച്ചപ്പെടുത്തണം
- അംഗൻവാടികളുമായി ബന്ധപ്പെട്ട വെൽഫെയര് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കണം
- അംഗൻവാടികളിലേക്ക് വാഹന സൗകര്യം ഒരുക്കണം.
- അംഗൻവാടികള് തമ്മില് അകലം കൂടിയ സ്ഥലങ്ങളില് പുതിയവ നിർമ്മിക്കണം
- ചുറ്റുമതിൽ ഇല്ലാത്ത അംഗൻവാടികൾക്ക് ചുറ്റുമതില്
- മച്ചിയിലെ കെട്ടിടം പൊളിച്ചുപണിയണം
- അംഗൻവാടികളിലെല്ലാം ഹൈടെക് ആക്കണം
- കുടിവെള്ള സൌകര്യം ഉറപ്പുവരുത്തണം

`

## ഇന്നത്തെ അവസ്ഥ:

### സംസ്ക്കാരം

ഒരു സമൂഹത്തിൻറെ സ്വഭാവ രീതികള്, ജീവിത രീതികള്, കലാചാതുര്യം, വസ്ത്ര ധാരണം, ഭാഷ, ആചാരങ്ങള്, വിനോദങ്ങൾ, വിശ്വാസരീതികള് തുടങ്ങിയെല്ലാത്തിൻറെയും ആകെ തുകയെയാണ് സമൂഹത്തിൻറെ സംസ്ക്കാരം എന്ന് പറയുന്നത്. ഓരോ പ്രദേശങ്ങളിലേയും ജനങ്ങളുടെ സംസ്ക്കാരം ആ പ്രദേശത്തിൻറെ ഭൂപ്രകൃതിയേയും ആവാസ വ്യവസ്ഥയോടും രാഷ്ട്രീയപരവും ചരിത്ര പരവും സംഭവവികാസങ്ങളും ജാതിമതങ്ങളോടും അഭേദ്യമായ ബന്ധം പുലർത്തുന്നു. സംസ്ക്കാരം എന്നത് മനുഷ്യൻറെ വല്യ പ്രത്യേകതയാണ്. ഓരോ പ്രദേശത്തിൻറെയും സംസ്ക്കാരം വ്യത്യസ്തമാകാം. രാജ്യത്തിൻറെ പുരോഗതി, വികസനം, ശാസ്ത്രസാങ്കേതിക മേഖലയിലെ മുന്നേറ്റം വിദ്യാഭ്യാസ ആരോഗ്യം, സാമ്പത്തിക സ്ഥിതി എന്നിവയൊക്കെ സംസ്ക്കാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

പഴയ ചിറക്കൽ താലൂക്കിൻറെ ഭാഗമായി കർണ്ണാടക സംസ്ഥാനവും അതിർത്തിപങ്കിടുന്ന മലയോര ഗ്രാമമാണ് നമ്മുടെ ചെറുപുഴ ഗ്രാമപഞ്ചായത്ത്. മികച്ച സാംസ്ക്കാരിക പൈതൃകം അവകാശപ്പെടുന്ന നമ്മുടെ പഞ്ചായത്തിൻറെ ചരിത്രം. ജൻമിത്വത്തിന് എതിരായ സമരമുൾപ്പെടുന്ന നിരവധി പോരാട്ടങ്ങളും ഘടകങ്ങളായി ഉൾചേർന്നിട്ടുണ്ട്.

### കലാസാഹിത്യ രംഗം

ഗ്രാമജീവിതവുമായി ബന്ധപ്പെട്ട മഹത്തായ കലാസാംസ്ക്കാരിക രംഗം അവകാശപ്പെടുന്ന പ്രദേശമാണ് ചെറുപുഴ തെയ്യം, കോൽക്കളി, മംഗലം കളി തുടങ്ങിയ അനുഷ്ഠാനകലയും പൂതപാട്ട്, തുടികൊട്ടിപ്പാട്ട് തുടങ്ങിയ നാടോടി ഗാനങ്ങൾ ഉൾപ്പെടുന്ന നിരവധി നാടൻ കലാരൂപങ്ങൾക്ക് നല്ല വളക്കൂറുള്ള മണ്ണായിരുന്നു ചെറുപുഴ പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങൾ. പള്ളികൾ സ്ഥാപനങ്ങള്, കാവുകൾ തുടങ്ങിയവയായിരുന്നു പഴയകാലത്തെ സാസ്ക്കാരിക കേന്ദ്രങ്ങള്. ഇവയെ കേന്ദ്രീകരിച്ച് സംക്രമ അടിയന്തിരം, പത്താപത കളിയാട്ടം തുടങ്ങി നിരവധി ചടങ്ങുകളും ഉത്സവങ്ങളും ഉണ്ടായിരുന്നു അവയെല്ലാം ഒരു ജനതയുടെ കൂട്ടായ്മയുടേയും സഹവർത്തിത്വത്തിൻറെയും ചെറുത്ത് നിൽപിൻറെയുമൊക്കെ ആത്മാവിഷ്ക്കാരമായിരുന്നു. വിവിധ ക്ഷേത്രങ്ങളിലെ കളിയാട്ട മഹോത്സവങ്ങളും പുളിങ്ങോം മഖാം ഉറൂസ് പോലുള്ള ആഘോഷങ്ങളുമാണ് എല്ലാ വിഭാഗങ്ങളും ജനങ്ങളുടെയും കൂടിച്ചേരുകൾക്ക് വഴിയൊരുക്കിയത്. പുതിയകാലത്ത് പോലീസ് സ്റ്റേഷനുകളും കോടതിയും നിർവ്വഹിക്കുന്ന ജോലികള് ഒരു കാലത്ത് ഇത്തരം സാസ്ക്കാരിക കേന്ദ്രങ്ങളാണ് ചെയ്തിരുന്നത്. സമഭാവനയുടേയും മതനിരപേക്ഷതയുടേയും സമൂഹത്തിലുള്ള പ്രാധാന്യം മനസ്സിലാക്കിയ ഒരു ജനതയുടെ ജീവിത വീക്ഷണം പൊട്ടൻ ഉൾപ്പടെയുള്ള തെയ്യങ്ങളുടെ തോറ്റങ്ങളില് നിന്ന് വായിച്ചെടുക്കാം. ഗോത്ര ജീവിതത്തിൻറെ മുദ്രകൾ പതിഞ്ഞ നാടോടി വിജ്ഞാനത്തിൻറെ ഭൂമികയില് നിന്നാണ് പിൽക്കാലത്തെ അതി

ജീവിതത്തിൻറെ ഊർജ്ജം കൈവന്നതെന്ന് സ്മരണീയമാണ്. 1950 ഓടെ നിരവധി ക്ഷേത്രങ്ങളും ആരാധനാലയങ്ങളും ഉയർന്ന് വന്ന് അവിടങ്ങളിലെ ഉത്സവങ്ങളിലും ആഘോഷങ്ങളിലും ജാതി മത ഭേതമന്യെയുള്ള ജനപ്രവാഹവുമെല്ലാം നമ്മുടെ പഞ്ചായത്തിലെ കലസാസ്ക്കാരിക മേഖലയ്ക്ക് പുതിയ ഉണർവ്വ് നൽകിയ ഘടകങ്ങളാണ്..

പുളിങ്ങോം മഖാം മതമൈത്രിക്ക് വളരെ പ്രസിദ്ധമാണ്. ഉറൂസ് നടക്കുന്ന കാലത്ത് മുസ്ലീം ഇതര വിഭാഗങ്ങൾ പ്രത്യേകിച്ച് നാനാ ജാതി മതസ്തര് പള്ളിയില് പ്രവേശിക്കുന്നതും പ്രാർത്ഥനാ ചടങ്ങുകളില് പങ്കെടുക്കുന്നതും നാം ഉയർത്തി കാട്ടേണ്ട മതമൈത്രിയുടെ മാതൃകയാണ്. ദഫ്മുട്ട്, ഒപ്പന, കോൽക്കളി തുടങ്ങിയ നൃത്ത കലകള് മുസ്ലീം സമുദായത്തിൻറെ സാസ്ക്കാരിക പൈതൃകത്തിൻറെ നേര് സാക്ഷ്യമാണ്. നബിദിനം, ഉറൂസുകൾ, നേർച്ചകള്, ബലിപെരുന്നാൾ തുടങ്ങിയവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ ഭംഗിയായും തികഞ്ഞ അച്ചടക്കത്തോടെയും നടന്നുവരുന്നു.

1940 കളില് തുടങ്ങിയ കുടിയേറ്റ കാലഘട്ടത്തോടെ ക്രിസ്ത്യന് പള്ളികളും ഉയർന്ന് വരാൻ തുടങ്ങി. ഇന്ന് പഞ്ചായ്തതിൻറെ മിക്ക ഭാഗങ്ങളിലും തലഉയകർത്തി നിൽക്കുന്ന ക്രിസ്ത്യൻ പള്ളികള് കാണാം. പെരുന്നാൾ, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ ആഘോഷവും മാർഗ്ഗം കളി തുടങ്ങി നൃത്തകലാരൂപവും ഇക്കാലത്ത് വളർന്ന് വന്നു.

വിവിധ മതവിഭാഗക്കാരുടെ ആരാധനയാലങ്ങളുടെ എണ്ണം

| വാർഡ് നം | ഹിന്ദു ആരാധനാലയങ്ങൾ | മസ്ലീംആരാധനാലയങ്ങൾ | ക്രിസ്ത്യൻആരാധനാലയങ്ങൾ |
|---|---|---|---|
| 1 | 2 | 2 | 1 |
| 2 | 2 | 2 | 3 |
| 3 | | 1 | 2 |
| 4 | 2 | | |
| 5 | 1 | 2 | 1 |
| 6 | 1 | | |
| 7 | 2 | | 1 |
| 8 | | | 4 |
| 9 | | | 3 |
| 10 | | | 1 |
| 11 | 1 | | |

`

| | | | |
|---|---|---|---|
| 12 | 2 | | 5 |
| 13 | | | 1 |
| 14 | 4 | 1 | 1 |
| 15 | 2 | 1 | |
| 16 | 2 | 1 | |
| 17 | | | 3 |
| 18 | 1 | 1 | |
| 19 | 3 | 3 | |
| അകെ | 25 | 14 | 26 |

വിവിധ സാസ്ക്കരങ്ങളുടെ തനിമ നിലനിർത്തുന്ന വ്യത്യസ്ത ജീവിത രീതികള് നമ്മുടെ പ്രദേശങ്ങളിൽ കാണാം. ജാതീയവും മതപരവുമായ ആവശ്യങ്ങൾക്കിടയിലും ഒന്നായി കഴിയുവാനുള്ള സഹിഷ്ണുതാ മനോഭാവം എടുത്തുപറയേണ്ടാതാണ്. വിവിധ വിശ്വാസങ്ങൾ വച്ചുപലുർത്തുന്നവര് നമുക്കിടയിലുണ്ട്. വിവാഹം, മരണം ജനനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ ചടങ്ങുകൾ എല്ലാ ജനങ്ങളുടെയിടയിലുമുണ്ട്. മതവിശ്വാസവുമായി ബന്ധപ്പെട്ട പുല, ബാലായ്മ ഋതുവായാലുള്ള അശൌച്യം മുതലായവയും വാവ്, ബലി, വൃതാനുഷ്ഠാനങ്ങൾ എന്നിവയും വിവിധ ജനവിഭാഗങ്ങൾക്കിടയിലുണ്ട്. ക്ഷുരകവൃത്തി, കുട്ട,വട്ടി എന്നിവ നിർമ്മിക്കല് ജാതിയടിസ്ഥാനത്തിലാണ് നടന്നിരുന്നത്. വെളുത്തേടവൻറെ അലക്ക് തുടങ്ങി സമൂഹത്തില് നിലനിന്നിരുന്ന പല ദുരാചാരങ്ങളും അന്യംനിന്ന് പോയിട്ടുണ്ട്. ദേവാലയ നവീകരണങ്ങൾ, മണ്ഡലപൂജകൾ, മതപ്രഭാഷണങ്ങള്, സ്വർണ്ണ പ്രശ്നങ്ങള് ഉറൂസുകള്, നേർച്ചകള്, തിരുനാളുകൾ എന്നിങ്ങനെ മതപരമായ ചടങ്ങുകള് തുടർന്നുവരുന്നു.

പുതിയ കാലത്ത് കലസാസ്ക്കാരിക പ്രവർത്തനങ്ങള് വേണ്ടത്ര മെച്ചപ്പെട്ട നിലയിലല്ല നമ്മുടെ പഞ്ചായത്തിൽ നടക്കുന്നത്. 1980 കളുടെ ആദ്യ പാദത്തില് പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിൽ ആർട്സ് ക്ലബ്ബുകളും നാടകാവതരണവും നല്ല നിലയില് നടന്നിരുന്നു. പിന്നീട് ക്ലബ്ബിൻറെ പ്രവർത്തനം നിലച്ചതോടെ നാടകം ഉൾപ്പടെയുള്ള കലാ പ്രവർത്തനവും അവതരണവും നിലച്ചുപോയി. പിന്നീട് ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലെ ഉത്സവങ്ങളിൽ പ്രഫഷണല് നാടകങ്ങള് അവതരിപ്പിച്ചു വന്നിരുന്നു. അത് പിന്നീട് കുറഞ്ഞുവരുകയായിരുന്നു. പഞ്ചായത്ത് അതിർത്തിക്കുള്ളില് പ്രവർത്തിച്ചിരുന്ന ഷൈന് ആർട്സ് സൊസൈറ്റി പൂർണ്ണമായും നിലച്ചമട്ടാണ്. ചെറുപുഴ പുളിങ്ങോം എന്നിവിടങ്ങളിൽ 3 സിനിമാശാലകൾ ഉണ്ടായിരുന്നു. എങ്കിലും ഇപ്പോൾ ഓന്നായി ചുരുങ്ങിയിരിക്കുന്നു. ടെലിവിഷൻ, നവമാധ്യമങ്ങൾ വ്യാപകമായതും ടെലിവിഷന് പരിപാടികൾക്ക് പുറകെ ജനങ്ങള് ഒഴുകിയതും സനിമാ ശാലകളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

ഗ്രന്ഥശാലകൾ/വായനശാലകൾ

നാം ഇന്ന് കാണുന്ന പുതിയ കേരളത്തിൻറെ നിർമ്മിതിയില് നിർണ്ണായക പങ്ക് വഹിച്ച സാസ്ക്കാരിക സംഘടനയാണ് കേരളത്തിലെ ഗ്രന്ഥശാലപ്രസ്ഥാനം. നാടിൻറെ സാസ്ക്കാരിക മുന്നേറ്റത്തിൽ വായനശാലകളുടെ പങ്ക് വളരെ വലുതാണ്. മനുഷ്യൻറെ സാമൂഹ്യ പുരോഗതി നിർണ്ണയിക്കുന്നതില് വായനയും വായനാശാലകളും മുഖ്യ പങ്ക് വഹിക്കുന്നു. ടെലിവിഷൻ ഉൾപ്പടെയുള്ള ദൃശ്യമാധ്യമങ്ങളുടെയും ഇലക്ട്രോണിക് നവമാധ്യമങ്ങളുടെ കുത്തൊഴുക്കില് വായന അരികുവൽക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും നിരവധി കലാ സാസ്ക്കാരിക അനുബന്ധ പരിപാടികളിലുടെ നമ്മുടെ ഗ്രന്ഥശാലകൾ വളരെ സജീവമായി സാസ്ക്കാരിക രംഗത്ത് തലയുയർത്തിനിൽക്കുന്നു. പഞ്ചായത്തിൽ ആദ്യ വായന ശാല 1957 ൽ ചുണ്ടയില് സ്ഥാപിച്ച ജവഹർ വായനശാലയാണ്. സംസ്ഥാന ലൈബ്രറി കൌൺസില് അഫിലിയേറ്റ് ചെയ്ത 14 വായനശാലകൾ നിലവില് പഞ്ചായത്തില് പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ വായനശാലകളും പരിമിതികൾക്ക് അകത്ത് നിന്നുകൊണ്ട് നല്ല നിലയില് പ്രവർത്തിച്ചുവരുന്നു.

| ക്രമ നം | വായനശാലയുടെ പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | വാർഡ് |
|---|---|---|---|---|---|
| 1 | ഗ്രാമീണ വായനശാല, ചെറുപുഴ | 1964 | A+ | 17886 | 2 |
| 2 | ഇ.കെ.നായനാർസ്മാരക വായനശാല ചെറിപുഴ | 2005 | E | 4200 | 2 |
| 3 | ജവഹർ വായനാശാല | 1957 | A | 10099 | 4 |
| 4 | സിപി കൃഷ്ണൻ നായര് സ്മാരക വായനാശാല ഇടവരമ്പ് | 2018 | F | 1700 | 7 |
| 5 | ഗാന്ധി മെമ്മോറിയൽ വായനാശാല മീന്തുള്ളി | 1960 | D | 7000 | 8 |
| 6 | നവജ്യോതി ഗ്രന്ഥാലയം ജോസ്ഗിരി | 2003 | E | 2600 | 9 |
| 7 | എ വി കുഞ്ഞമ്പു സ്മാരക വായനശാല ചൂരപ്പടവ് | 1982 | B | 4769 | 11 |
| 8 | ഇ.കെ.നായനാർസ്മാരക വായനശാല ചെറിപുഴ | 2014 | F | 1632 | 11 |
| 9 | എ വി കുഞ്ഞമ്പു സ്മാരക വായനശാല തിരുമേനി | 1986 | A | 9233 | 13 |
| 10 | ഇ.എം.എസ് സ്മാരക വായനശാലആൻഡ് ട്രൈബൽ ലൈബ്രറി, എയ്യംകല്ല് | 2007 | E | 4123 | 14 |

`

| | | | | | |
|---|---|---|---|---|---|
| 11 | ഇ.എം.എസ് സ്മാരക വായനശാല, പ്രാപ്പൊയിൽ | 2008 | B | 6750 | 15 |
| 12 | എ.കെ.ജി സ്മാരക വായനശാല, കക്കോട് | 1992 | C | 5480 | 15 |
| 13 | ഗ്രാമീണ വായനശാല പാറോത്തുംനീർ | 1989 | D | 5560 | 16 |
| 14 | ഗ്രാമീണ വായനശാല കുണ്ടംതടം | 2010 | E | 2165 | 19 |

ചില വാരികകൾക്ക് പഞ്ചായത്തില് നല്ല പ്രചാരമുണ്ടായിരുന്നുവെങ്കിലും ടെലിവിഷന് സീരിയലുകളും മറ്റും വ്യാപകമായതോടുകൂടി ഇപ്പോൾ പ്രചാരം കുറഞ്ഞിട്ടുണ്ട്. താഴെ പറയുന്ന പട്ടിക നമ്മുടെ പഞ്ചായത്തിലെ വായനക്കാരുടെ അവബോധം എങ്ങിനെയെന്ന് ബോധ്യപ്പെടുത്തും.

| ക്രമ നമ്പർ | വാരിക/മാസിക | എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 300 |
| 3 | ദേശാഭിമാനി | 60 |
| 4 | മാതൃഭൂമി | 50 |
| 5 | ചിന്ത | 120 |
| 9 | തത്തമ്മ | 250 |
| 10 | ബാലഭൂമി | 200 |

പത്രവായനഭൂരിപക്ഷം ജനങ്ങളുടെയും ജീവിതത്തിൻറെ ഭാഗമാണ്. പഞ്ചായത്തിലെ നല്ലൊരു ഭാഗം ജനങ്ങളും വിവിധ ദിന പത്രങ്ങളുടെ വരിക്കാരാണ്. പഞ്ചായത്തിലെ പത്ര വിതരണത്തിൻറെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പത്രം | എണ്ണം |
|---|---|---|
| 1 | മലയാള മനോരമ | 1815 |
| 2 | മാതൃഭൂമി | 520 |
| 3 | ദേശാഭിമാനി | 1250 |
| 4 | മംഗളം | 200 |

| | | |
|---|---|---|
| 5 | കേരളകൗമുദി | 70 |
| 6 | ദീപിക | 950 |
| 7 | ചന്ദ്രിക | 50 |
| 8 | വീക്ഷണം | 25 |
| 9 | ജൻമഭൂമി | 60 |
| 10 | ഇന്ത്യൻ എക്സ്പ്രസ് | 30 |
| 11 | ദി ഹിന്ദു | 25 |

.

കാവുകൾ

ജൈവ വൈവിധ്യത്തിൻറെ ചെറുമാതൃകകളാണ് കാവുകൾ. വിശുദ്ധവനങ്ങൾ എന്നും ഇവയെ വിശേഷിപ്പിക്കുന്നു. നിത്യഹരിത വനങ്ങളുടെ ശുഷ്ക രൂപമാണ് കാവുകൾ. പ്രകൃതിയെയും വൃക്ഷങ്ങളെയും ആരാധിക്കുന്ന പതിവ് പണ്ട് മുതലേ നില നിന്നിരുന്നതിനാൽ വനത്തെ ഉപജീവന മാർഗ്ഗമായി കരുതിയിരുന്ന പണ്ട് കാലത്തെ ജനങ്ങള് കാവുകളേയും പുണ്യസ്ഥലങ്ങളായി കരുതിയിരുന്നു. ആചാരപരമായ ആവശ്യങ്ങളാൽ ജനങ്ങൾ സംരക്ഷിച്ചു പോരുന്ന കാടിൻറെ ലഘുരൂപങ്ങളാണ് കാവുകൾ. ദ്രാവിഡ രീതിയിലുള്ള ഇത്തരം ക്ഷേത്രങ്ങളിൽ സ്ത്രീ ദേവതകളായിരുന്നു പ്രതിഷ്ഠ. കേരളത്തിലെ പ്രാചീന ദേവതകളായ കാളി, വേട്ടക്കൊരുമകൻ, കരിങ്കാളി, പാമ്പ് (നാഗം), ചാമുണ്ഡി എന്നിവർ കുടികൊള്ളഉന്ന സ്ഥലങ്ങളെ മാത്രമേ കാവ് എന്ന് പറയാറുള്ളൂ.

ദേവതാ സങ്കൽപ്പങ്ങളുള്ള മരക്കൂട്ടങ്ങളെ കാവുകള് എന്ന് വിളിക്കുന്നു. മനുഷ്യൻറെ ഇടപെടലും ചൂഷണവും അനുവദിക്കാതെ വിശ്വാസത്തിൻറെ പിൻബലത്തില് കാവുകള് ഒരു വനം പോലെ സംരക്ഷിച്ചു വരുന്നു. ബാഹ്യ ഇടപെടൽ ഇല്ലാതെ പ്രകൃതി ദത്തമായ ആവാസ വ്യവസ്ഥ കാവുകളിൽ നിലനിൽക്കുന്നു. ആദിമ ഗോത്ര വർഗ്ഗങ്ങളുടെ ജീവിത രീതിയും ആചാര ക്രമങ്ങളും കാവുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൃഷി ഉപജീവനമാക്കിയ പൂർവ്വികര് കൃഷി നാശം, മൃഗശല്യം, രോഗ ബാധ മുതലായവ ഇല്ലാതാക്കാൻ പ്രകൃതി ശക്തികളേയും ദേവതകൾ, കുല ദൈവങ്ങൾ, നാഗങ്ങൾ തുടങ്ങിയവയേയും ആരാധിച്ചിരുന്നു. ഇതിനായി പ്രത്യേക ഭൂപ്രദേശങ്ങൾ സംരക്ഷിച്ചിരുന്നു. ഇവയുടെ ഭാഗമാണ് നാം ഇന്ന് കാണുന്ന കാവുകൾ. എന്നാല് ഇവയില് ഭൂരിപക്ഷവും പൂർണ്ണമായും നശിച്ചു കൊണ്ടിരിക്കുകയാണ്. ഭൂമി കയ്യേറ്റവും വന നശീകരണവും കാവുകളുടെ നാശത്തിന് പ്രധാന കാരണമാണ്. കാവുകളുടെ വിവരം ചുവടെ ചേർക്കുന്നു

`

| ക്രമനമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | കുണ്ടേരി കാവ് | 14 |
| 2 | ചട്ടിയൂർ കാവ് | 11 |
| 3 | മുളപ്ര കാവ് | 16 |
| 4 | അടുക്കാടൻ കാവ് | 19 |
| 5 | നരമ്പിൽ കാവ് | 19 |

കായിക രംഗം

ഓരോ പ്രദേശത്തിൻറെയും കായികരംഗം ആ മേഖലയുടെ ഭൂപ്രകൃതി ആശ്രയിച്ചാണ് വളർന്ന് വികസിക്കുന്നത്. ആദ്യ കാലത്ത് പല കായിക ഇനങ്ങളും വിനോദ ഉപാധികൾ എന്ന നിലയിലാണ് ഉപയോഗിച്ചു വന്നിരുന്നത്. നരികളി, സപ്ട, കോട്ടേകുത്ത്, ഗോലികളി (കോട്ടികളി), കിളിത്തട്ടുകളി, തലപ്പന്തുകളി തുടങ്ങി നിരവധി നാടൻ കളികളാല് സമൃദ്ധമായിരുന്നു നമ്മുടെ മലയോര ഗ്രാമം. എന്നാൽ ഇവയെല്ലാം പുതിയ കാലത്ത് പൂർണ്ണമായുംഅപ്രത്യക്ഷമായി.

ആധുനിക കാലത്ത് വോളിബോൾ ആണ് പഞ്ചായത്തില് കൂടുതല് പ്രചാരം നേടിയ ജനപ്രയ കായിക ഇനം. വളരെ ചെറിയ ഗ്രൌണ്ട് മതി എന്നതിനാൽ വോളിബോളിൻറെ പ്രചാരത്തിനും വികാസത്തിനും കൂടുതൽ സഹായകമായി. പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുടെ നേതൃത്വത്തില് വളരെ മികച്ച നിലയിൽ വോളിബോള് ടൂർണ്ണമെൻറ് സംഘടിപ്പിച്ചിരുന്നു. നിരവധി ദേശീയ, അന്തർ ദേശീയ, സംസ്ഥാന താരങ്ങൾ പഞ്ചായത്തില് നിന്ന് വളർന്നു വന്നിട്ടുണ്ട്. ഇന്ത്യൻ വോളീബോൾ ക്യാപ്റ്റൻ ആയിരുന്ന ചുണ്ട സ്വദേശി ജോബി മാത്യു, വനിതാ ബാഡ്മിൻ്റണിൽ ലോക എട്ടാം നമ്പർ താരം ട്രീസ ജോളി, ഇൻ്റർനാഷണൽ താരം ജിത്തു ബേബി (അത്‌ലറ്റിക്സ്), ഇന്ത്യൻ അത്‌ലറ്റിക് ടീം കോച്ച് മുഹമ്മദ് കുഞ്ഞിഎന്നിവർ പ്രമുഖ സ്ഥാനത്തു നിൽക്കുന്നു. 2022 ൽ റിട്ട. ക്യാപ്റ്റൻ ഒളിമ്പ്യൻ കെ എസ് മാത്യു ആരംഭിച്ച ക്യാപ്റ്റൻസ് അക്കാദമി പഞ്ചായത്തിന്റെ കായിക ഭാവിക്ക് പ്രതീക്ഷ നൽകുന്നതാണ്.

ഫുട്ബോൾ, കബഡി, ക്രിക്കറ്റ് എന്നീ കായിക ഇനങ്ങൾക്കും നിരവധി താരങ്ങള് ഉണ്ടെങ്കിലും വിശാലമായ കളിസ്ഥലങ്ങളോ മൈതാനമോ ലഭ്യമല്ലാത്തതിനാൽ ഫുട്ബോൾ, ക്രിക്കറ്റ് എന്നിവയ്ക്ക് വേണ്ടത്ര വികാസം പ്രാപിക്കാൻ കഴിഞ്ഞിട്ടില്ല.

സ്കൂൾ- കോളേജ് കായിക മേളകളില് നമ്മുടെ പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥികള് ഉയർന്ന നിലവാരവും മികവും പുലർത്തുന്നുണ്ടെങ്കിലും

`

വിദ്യാഭ്യാസ കാലത്തിനു ശേഷം അവരുടെ കായിക ഭാവി നഷ്ടപ്പെടുന്നതായാണ് പൊതുവേ കണ്ടു വരുന്നത്. കേരളോൽസവം പോലുള്ള കലാ കായിക പോതു വേദികളില് പഞ്ചായത്തിലെ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളെ പ്രതിനിധീകരിച്ച് നിരവധി കായിക താരങ്ങൾ പങ്കെടുക്കുകയും മികച്ച നിലയില് കായിക മികവ് പ്രകടിപ്പിക്കാറുമുണ്ട്.

ഇൻഡോർ സ്റ്റേഡിയങ്ങൾ :ചെറുപുഴ, പുളിങ്ങോം, ഇടവരമ്പ് പെരുന്തടം.

പഞ്ചായത്തിലെ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുടെ പട്ടിക

| ക്രമനമ്പര് | ക്ലബ്ബിൻറെ പേര് | വാർഡ് |
|---|---|---|
| 1 | ഷൈനിംഗ് സ്റ്റാർ ചുണ്ട | 4 |
| 2 | പ്രതീക്ഷ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് വയലായി | 3 |
| 3 | പ്രതിഭ കോലുവള്ളി | 3 |
| 4 | എം എസ് എ സി പാറോത്തുംനീർ | 16 |
| 5 | ഹിൽടോപ്പ് പാമ്പൻകല്ല് | 17 |
| 6 | ജൂബിലി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് മഞ്ഞക്കാട് | 17 |
| 7 | കൈരളി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കരിയക്കര | 7 |
| 8 | ചങ്ങാതിക്കൂട്ടം കലാ സാംസ്ക്കാരിക വേദി മച്ചിയിൽ | 19 |
| 9 | അമിഗോസ് സ്പോർട്സ് ക്ലബ്ബ് പ്രാപ്പോയില് | 15 |
| 10 | സ്ട്രൈക്കേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് ഊമല | 6 |
| 11 | ഡോൺ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് മീന്തുള്ളി | 8 |
| 12 | റയിനേഴ്സ് ക്ലബ്ബ് ചെറുപുഴ | 2 |
| 13 | കെ വി സുധീഷ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് എയ്യൻകല്ല് | 14 |
| 14 | ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് തിരുമേനി | 13 |
| 15 | ഹാശ്മി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കക്കോട് | 14 |
| 16 | റെഡ് ഫൈറ്റേഴ്സ് തിരുമേനി | 13 |

# അദ്ധ്യായം2

## ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

### മുൻകാല മാതൃകായ വിജയം കൈവരിച്ച പ്രൊജക്റ്റുകള് (Form 3)

| ക്ര. നം. | മേഖല/ഉപ മേഖല | പ്രൊജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ചയഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജ വില കാര തുട |
|---|---|---|---|---|---|---|---|
| 1 | വിദ്യാഭ്യാസം | വിദ്യാലയങ്ങൾക്ക്ഫർണിച്ചര് | GEN | 400000/- | ഭൌതീക സൌകര്യവികസനം | വിദ്യാഭ്യാസനിലവാരം ഉയർത്തല് | ബെ വിത |
| 2 | വിദ്യാഭ്യാസം | എസ്.സി കുട്ടികൾക്ക്ലാപ്ടോപ്പ് വിതരണം | SCSP | 209650/- | അടിസ്ഥാനസൌകര്യ വികസനം | വിദ്യാഭ്യാസനിലവാരം ഉയർത്തല് | ലാപ് |
| 3 | യുവജന ക്ഷേമം | ഗെയിം ഫെസ്റ്റിവൽ | GEN | 58210/- | കായികക്ഷമതയുടെ വികാസം | ഗെയിമുകളിൽപരിശീലനം നൽകി | ഫു കബ |
| 4 | സംസ്കാരം | വായനശാല/ ലൈബ്രറി | GEN | 49000/- | വായനയുടെപോഷണം അടിസ്ഥാന സൌകര്യ വികസനം | പുസ്തകങ്ങളുടെസംരക്ഷണം | വായ ബുക |
| 5 | യുവജന ക്ഷേമം | രജിസട്രേഡ്ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | GEN | 32000/- | കായികക്ഷമതയുടെ വികാസം | സ്പോർട്സ്ഉപകരണങ്ങൾ നൽകി | ക്ലബ്ബ കിറ്റു |

### പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രൊജക്റ്റുകള് (Form 4)

| ക്ര. നം. | മേഖല/ഉപമേഖല | പ്രൊജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | ലക്ഷ്യമിട്ട പ്ര ലഭിക്കാത്തതി കാരണങ്ങൾ നിഗമനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | വിദ്യാഭ്യാസംകാറ്റഗറി-3 | പട്ടികജാതിവിദ്യാർത്ഥികൾക്ക് പ്രതിഭാ പിന്തുണ | SCSP | | വിദ്യാഭ്യാസപുരോഗതി | | കോവിഡ്പ്രതി |

`

## 2025-2026 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രൊജക്റ്റുകളുടെ വിശദാംശങ്ങള് (Form 5)

| Project No | Project Name Mal | Impl Code | Fund Description | FundTotal | Expenditure |
|---|---|---|---|---|---|
| 20 | എസ്എസ്കെ വിഹിതം | HM(GLPS) | Development Fund(General) - 800000 | 800000 | 797194 |
| 21 | പഠനപരിമിതി പിന്തുണ സംവിധാനം | HM(GLPS) | Development Fund(General) - 500000 | 500000 | 266155 |
| 22 | കുട്ടികൾക്ക് തിയേറ്റര് പരിശീലനം | HM(GLPS) | Development Fund(General) - 100000 | 100000 | 0 |

# അദ്ധ്യായം 3

## വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം , പരിഹാര സാധ്യതകൾ

ഉന്നത വിദ്യാഭ്യാസം

പ്രശ്നങ്ങൾ:

- സയൻസ് വിഷയങ്ങളില് ബിരുദ, ബിരുദാന്തര ബിരുദ പഠനത്തിന് ഉതകുന്ന സ്ഥാപനങ്ങൾ ചെറുപുഴ പഞ്ചായത്തിലോ സമീപ പഞ്ചായത്തുകളിലോ ഇല്ല.
- തൊഴിൽ വൈദഗ്ധ്യം നേടുന്നതിന് തൊഴിലധിഷ്ഠിത പഠനകേന്ദ്രങ്ങള് ആവശ്യമാണ്. (സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ)

സാധ്യതകൾ

- ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വേണം.
- പഞ്ചായത്തിൽ ഗവ. തലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങള് ആരംഭിക്കണം.
- തൊഴിലധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാര് മേഖലയില് സ്ഥാപനങ്ങള് ആരംഭിക്കുക. (സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ)
- ചെറുപുഴ പഞ്ചായത്തിൻറെ പ്രത്യേകതയും വിഭവങ്ങളും ഉപയോഗപ്പെടുത്തി ടൂറിസം മേഖലയ്ക്ക് കരുത്ത് പകരുന്ന ഹ്രസ്വ-ദീർഘകാല കോഴ്സുകള് ആരംഭിക്കുക.

`

പൊതു വിദ്യാഭ്യാസം

- ഭൂരിഭാഗംസ വിദ്യാലയങ്ങളിലും മെച്ചപ്പെട്ട കളിസ്ഥലമില്ല.
- 3 വിദ്യാലയങ്ങൾക്ക് ചുറ്റുമതില് ഉണ്ട്. 4 വിദ്യാലയങ്ങൾക്ക് ഭാഗീകമായി മാത്രമേ ചുറ്റുമതിലുള്ളു. 4 വിദ്യാലയങ്ങൾക്ക് ചുറ്റുമതില് ഇല്ല.
- ഫർണിച്ചറുകളുടെ അപര്യാപ്ത ഭൂരിഭാഗം വിദ്യാലയങ്ങളിലുമുണ്ട്.
- ഓൺലൈന് പഠനം ഫലപ്രദമായി നടപ്പിലാക്കാനുതകുന്ന സാങ്കേതിക സംവിധാനങ്ങള് മിക്ക വിദ്യാലയങ്ങളിലും ഇല്ല.
- മലയോര മേഖലയിലെ കുട്ടികളുടെ പഠന നിലവാരത്തെ സ്കൂളിലേക്കുള്ള ദൂരം ബാധിക്കുന്നു.
- സംഗീതം, ചിത്രകല, ക്രാഫ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റ് തസ്തികകൾ ഇല്ല.
- കായിക പരിശീലനം വേണ്ടത്ര ലഭിക്കുന്നില്ല.
- കലാ- കായിക മത്സരങ്ങളില് മികവ് കാട്ടുന്ന കുട്ടികൾക്ക് തുടര് പരിശീലനവും പിന്തുണയും ലഭിക്കുന്നില്ല.

പരിഹാര സാധ്യതകൾ

- കായിക ക്ലബ്ബുകൾ ബഹുജനങ്ങള് ഇവരുടെ സഹകരണത്തോടെ കളിസ്ഥലങ്ങള് നിർമ്മിക്കണം.
- എല്ലാ വിദ്യാലയങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം
- ആവശ്യത്തിന് ഫർണിച്ചര് ലഭിക്കണം
- എല്ലാ വിദ്യാലയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തണം
- എല്ലാ വിദ്യാർത്ഥിക്കും യാത്രാ സൌകര്യം ഒരുക്കണം
- സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുവാൻ പഞ്ചായത്ത് തീരുമാനിക്കണം
- കലാ കായിക ഇനങ്ങൾക്ക് തുടര് പരിശീലനം നല്കുവാൻ സൊകര്യമൊരുക്കണം
- അധ്യാപക – വിദ്യാർത്ഥി അനുപാതം കാലോചിതമായി പരിഷ്ക്കരിക്കണം
- എച്ച് എസ് എസ് തലം വരെ ഉച്ചഭക്ഷണം
- പ്രഭാത ഭക്ഷണം, ടിഫിൻ
- ആർജിക്കേണ്ട കഴിവുകള് നേടിയോ എന്ന് സ്ഥിരം പരിശോധനയും പ്രത്യേക പരിശീലനം
- ആവശ്യമെങ്കൽ മാതാപിതാക്കൾക്ക് കൌൺസിലുകള് ഏർപ്പെടുത്തണം
- എല്ലാ സ്കൂളുകളിലേക്ക് കൊൺസിലേഴ്സിനെ നിയമിക്കണം.

## അനൌപചാരിക വിദ്യാഭ്യാസം

പ്രശ്നങ്ങൾ

`

- തുടർ വിദ്യാകേന്ദ്രങ്ങളും പ്രേരക്മാരും നിലവിലില്ല.  തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങള് അതുകൊണ്ട് തന്നെ നടത്താൻ സാധിക്കുന്നില്ല.

സാധ്യതകള്

- അപൂർവ്വമായെങ്കലും വിദ്യാലയങ്ങളില് കൊഴിഞ്ഞ് പോക്കുണ്ട്.  സർവ്വേ മുഖേന കൊഴിഞ്ഞ്പോയവരേയും നിരക്ഷരേയും കണ്ടെത്തി തുടർ വിദ്യാ കേന്ദ്രങ്ങളില് എത്തിക്കണം.
- കേവല സാക്ഷരതക്ക് പുറമെ തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസമായിരിക്കണം നൽകേണ്ടത്.
- തുടർ വിദ്യാകേന്ദ്രങ്ങള് അന്താരാഷ്ട്ര നിലവാരമുള്ളതാക്കണം

## കല സംസ്ക്കാരം

പ്രശ്നങ്ങള്

- മാർഗ്ഗംകളി, ചവിട്ടുനാടകം, മംഗലംകളി ഉൾപ്പടെയുള്ള പ്രാചീനകലകൾ അന്യംനിന്ന് പോകുന്നു.
- കലാസാസ്ക്കാരിക രംഗത്തെ നിലവാര തകർച്ച ആസ്വാദകര് കുറയുന്നു.
- ജനകീയ കൂട്ടായ്മകളിൽ താൽപര്യം കുറയുന്നു.
- ആർട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബുകളുടെ നിർജ്ജീവാവസ്ഥ
- നവമാധ്യമങ്ങളോടുള്ള ഭ്രമം പൊതുജനകീയ യുവജന പ്രസ്താനങ്ങളുടെ കലാസാസ്ക്കാരിക പ്രവർത്തനത്തോട് കാട്ടുന്ന വിമുഖത
- ദൃശ്യമാധ്യമങ്ങളുടെ നിലവാരം കുറഞ്ഞ റിയാലിറ്റി ഷോ പോലുള്ള പരിപാടികൾ

പരിഹാര സാധ്യതകള്

- കലാസാസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാന് പഞ്ചായത്ത് തലത്തില് ഒരു സ്ഥിരം സമിതി രൂപീകരിക്കുക
- നാടൻ കലകളെ മുന്തിയ പരിഗണന നൽകി പ്രോത്സാഹിപ്പിക്കുക
- മാർഗ്ഗംകളി, ഒപ്പന തിരുവാതിര തുടങ്ങിയ ജനപ്രയ നൃത്തകലകൾ പ്രോത്സാഹിപ്പ്ക്കുക
- നാടക ക്യാമ്പുകള് സംഘടിപ്പിക്കുക
- സ്കൂൾ തലത്തില് കലാസാസ്ക്കാരിക പ്രവർത്തനങ്ങള് നടത്തിയെടുക്കുക
- ഷോർട്ട് ഫിലിം നിർമ്മാണം പ്രോത്സാഹിപ്പിക്കുക
- കലാസാസ്ക്കാരിക സംഗമങ്ങൾ സംഘടിപ്പിക്കുക
- ഗോത്ര കലാമേളകൾ സംഘടിപ്പിക്കുക
- കേരളോത്സവങ്ങൾ ജനപങ്കാളിത്തത്തോടെ വാർഡ് തലം മുതല് നടത്തുക
- കേരളോത്സവത്തിൽ പങ്കെടുക്കുന്നതില് നിന്ന് സ്കൂള് കോളേജ് വിദ്യാർത്ഥികളെ ഒഴിവാക്കുക
- ആർടസ് ക്ലബ്ബുകള് കലാപ്രവർത്തനങ്ങൾക്ക് സഹായം നൽകുക

`

ഗ്രന്ഥശാല

പ്രശ്നങ്ങൾ

- ഗ്രന്ഥശാലകളിൽ ഭൂരിപക്ഷവും കെട്ടിടം, ഫർണ്ണിച്ചര് എന്നീ ഭൌതിക സാഹചര്യങ്ങളുടെ കുറവ് മൂലം പ്രയാസപ്പെടുന്നു.
- സ്വന്തമായി ഭൂമിയില്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിട സൌകര്യം ഒരുക്കുന്നതില് പ്രയാസം.
- വാരിക-മാസിക തുടങ്ങി ആനുകാലികങ്ങളുടെ ലഭ്യതക്കുറവ്
- വായനയെ ഗൌരവമായി എടുക്കാത്ത പുതിയ തലമുറയുടെ സമീപനം

പരിഹാര സാധ്യതകൾ

- കെട്ടിടം, ഫർണ്ണിച്ചര് എന്നിവ ഉൾപ്പെടെ ഭൌതിക സാഹചര്യം വർദ്ധിപ്പിക്കാന് നടപടികൾ സ്വീകരിക്കുക
- പത്ര മാസികകളും ആനുകാലികങ്ങളും അനുവദിക്കാൻ നടപടികള് സ്വീകരിക്കുക
- ഗ്രന്ഥശാലകളിൽ പി എസ് സി കോച്ചിംഗ്, തൊഴിൽ പരിശീലനം, വിദൂര വിദ്യാഭ്യാസ പരിശീലനകേന്ദ്രം എന്നിവ ആരംഭിക്കുക
- എല്ലാ ഗ്രന്ഥശാലകളും ഡിജിറ്റലൈസേഷൻ നടത്തുക
- ഇംഗ്ളീഷ് പത്രങ്ങൾ വായന ശാലയില് ഉറപ്പു വരുത്തുക
- വായനശാലകൾ ഇല്ലാത്ത വാർഡുകളില് പുതിയ വായനശാലകള് ആരംഭിക്കുവാന് പ്രോത്സാഹനം നൽകുക.

കായികം

പ്രശ്നങ്ങൾ

- കായിക പരിശീലനങ്ങൾക്ക് മികച്ച ഗ്രൌണ്ട് ഇല്ല.
- ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകളുടെ നിർജ്ജീവാവസ്ഥ
- നാടൻ കളികള് അന്യം നിന്നുപോകല്
- കായിക രംഗത്തെ മികച്ച പരിശീലകരുടെ ലഭ്യതക്കുറവ്
- കായിക മേഖലയിൽ വനിതകളുടെ പങ്കാളിത്തക്കുറവ്, വിദ്യാലയങ്ങളിൽ കായിക അദ്ധ്യാപകരുടെ ലഭ്യതക്കുറവ്

പരിഹാര സാധ്യതകള്

- സ്കൂൾ തലം തൊട്ട് കായിക പരിശീലനം നൽകുക.
- നാടൻ കളികളെ പ്രോത്സാഹിപ്പിക്കുക.
- ഒരു വാർഡില് ഒരു കളിസ്ഥലം എന്ന  നിലയില് സൌകര്യം ഒഴുക്കുക.
- നിലവിലുള്ള കളിസ്ഥലങ്ങൾ വികസിപ്പിക്കുക
- പ്രധാന കേന്ദ്രങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുക

`

- സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കുക
- കായിക മേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുക
- കേരളോത്സവത്തിൽ കായിക ഇനങ്ങൾക്ക് പ്രാധാന്യം നൽകുകയും കേരളോത്സവം കൂടുതൽ മെച്ചപ്പെട്ട  നിലയില് നടത്തുക.
- ക്ലബ്ബുകളുടെ പ്രവർത്തനം ഊർജിതമാക്കുക.

## കാവുകൾ

### പ്രശ്നങ്ങൾ

- ഭൂമികയ്യേറ്റം, വനനശീകരണംഇവകാവുകളുടെനാശത്തിന് കാരണമാകുന്നു.
- ക്ഷേത്രങ്ങളിലേക്കുള്ള പരിവർത്തനം
- കുടിയേറ്റവുമായി ബന്ധപ്പെട്ട ഭൂമിയുടെ കൈമാറ്റം

`

# പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും (Form 6)

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിൻറെ തീവ്രത | | | പ്രശ്ന ത്തിനുള്ള കാരണ ങ്ങൾ/ വെല്ലുവി ളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾപരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്നയ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം ? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശ സ്വയ്ഭരണസ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയ്ഭരണസ്ഥാപനത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | വിദ്യാഭ്യാസം | വിവര വിനിമയസങ്കേതിക വിദ്യയിലൂന്നിയ വിദ്യാഭ്യാസം | ഓരോകുട്ടികൾക്കും ലാപ്ടോപ്പ്/ ടാബ് | കുട്ടികൾക്ക്സ്വന്തമായി ലാപ്ടോപ്പ്/ ടാബ് ഇല്ല | | | | 1 | വിദ്യാഭ്യാസം | വിവര വിനിമയസങ്കേതിക വിദ്യയിലൂന്നിയ വിദ്യാഭ്യാസം | ഓരോകുട്ടികൾക്കും ലാപ്ടോപ്പ്/ ടാബ് |
| 2 | സംസ്കാരം | ലൈബ്രറിശാക്തീകരണം | എല്ലാലൈബ്രറികൾക്കും നല്ല കെട്ടിടങ്ങൾ | പരിമിതമായഅടിസ്ഥാന സൌകര്യങ്ങൾ | | | | 2 | സംസ്കാരം | ലൈബ്രറിശാക്തീകരണം | എല്ലാലൈബ്രറികൾക്കും നല്ല കെട്ടിടങ്ങൾ |
| 3 | കായികം | കായികക്ഷമയുടെ വികാസം | എല്ലാവാർഡിലും കളിക്കളങ്ങൾ / സ്റ്റേഡിയം | പരിമിതമായകളിസ്ഥലങ്ങൾ | | | | 3 | കായികം | കായികക്ഷമയുടെ വികാസം | എല്ലാവാർഡിലും കളിക്കളങ്ങൾ/ സ്റ്റേഡിയം |

| | | | | |
|---|---|---|---|---|
| 4 | സംസ്കാരം | നാടിൻറെചരിത്ര പശ്ചാത്തലത്തെക്കുറിച്ചുള്ള ബോധം | സാസ്കാരിക/ ചരിത്ര മ്യൂസിയം | ഇല്ല |
| 5 | കായികം | ഗെയിംസ്പരിശീലനം | വിവിധതരം ഗെയിമുകളിൽ പരിശീലനം | പരിശീലനം കുറവാണ് |
| 6 | വിദ്യാഭ്യാസം | ഗേൾസ്ഫ്രണ്ട്ലി ടോയ് ലറ്റ് | വ്യക്തിശുചിത്വം, ആരോഗ്യം | ഭൂരിഭാഗംവിദ്യാലയങ്ങളിലും ഇല്ല |

| | | | |
|---|---|---|---|
| 4 | സംസ്കാരം | നാടിൻറെചരിത്ര പശ്ചാത്തലത്തെക്കുറിച്ചുള്ള ബോധം | സാസ്കാരിക/ ചരിത്ര മ്യൂസിയം |
| 5 | കായികം | ഗെയിംസ്പരിശീലനം | വിവിധതരം ഗെയിമുകളിൽ പരിശീലനം |
| 6 | വിദ്യാഭ്യാസം | ഗേൾസ്ഫ്രണ്ട്ലി ടോയ് ലറ്റ് | വ്യക്തിശുചിത്വം, ആരോഗ്യം |

# അദ്ധ്യായം 4 : വികസന പരിപ്രേക്ഷ്യം

| ക്രമനമ്പർ | മേഖല ഉപമേഖല | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം 2032ലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വിദ്യാഭ്യാസം | വിവര വിനിമയസങ്കേതിക വിദ്യയിലൂന്നിയ വിദ്യാഭ്യാസം | ഓരോകുട്ടികൾക്കും ലാപ്ടോപ്/ ടാബ് | കുട്ടികൾക്ക്സ്വന്തമായി ലാപ്ടോപ്/ ടാബ് ഇല്ല | | എല്ലാ വിദ്യാലയങ്ങളിലും സമ്പൂർണ്ണസ്മാർട്ട് ക്ലാസ്സ് റൂം | പദ്ധതികൾ രൂപീകരിക്കുക |
| 2 | സംസ്കാരം | ലൈബ്രറിശാക്തീകരണം | എല്ലാലൈബ്രറികൾക്കും നല്ല കെട്ടിടങ്ങൾ | പരിമിതമായഅടിസ്ഥാന സൌകര്യങ്ങൾ | | ഹൈ ടെക് ലൈബ്രറി | പദ്ധതികൾ രൂപീകരിക്കുക |
| 3 | കായികം | കായികക്ഷമയുടെ വികാസം | എല്ലാവാർഡിലും കളിക്കളങ്ങൾ/ സ്റ്റേഡിയം | പരിമിതമായകളിസ്ഥലങ്ങൾ | | കളിസ്ഥലങ്ങളുടെ നിർമ്മാണം | സംയുക്ത പദ്ധതികൾനടപ്പിലാക്കുക |
| 4 | സംസ്കാരം | നാടിൻറെചരിത്ര പശ്ചാത്തലത്തെക്കുറിച്ചുള്ള ബോധം | സാസ്കാരിക/ചരിത്ര മ്യൂസിയം | ഇല്ല | സാസ്കാരിക /ചരിത്ര മ്യൂസിയം | | വിഭവ സമാഹരണം |
| 5 | കായികം | ഗെയിംസ്പരിശീലനം | വിവിധതരം ഗെയിമുകളിൽ പരിശീലനം | പരിശീലനംകുറവാണ് | | | ഗെയിം ഫെസ്റ്റിന് കായിക പരിശീലനം നല്കാനുതകും വിധം സ്പോർട്ട്സ് ഹബ്ബ് |
| 6 | വിദ്യാഭ്യാസം | ഗേൾസ്ഫ്രണ്ട്ലി ടോയ് ലറ്റ് | വ്യക്തിശുചിത്വം, ആരോഗ്യം | ഭൂരിഭാഗംവിദ്യാലയങ്ങളിലും ഇല്ല | | | സാധ്യതകൾ കണ്ടെത്തി പദ്ധതി രൂപീകരിക്കുക |

`

## പഞ്ചവത്സര പദ്ധതി കാലത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങള്

- എല്ലാ വിദ്യാലയങ്ങളിലും സ്മാർട്ട് ക്ലാസ്സ് റൂം.
- വിദ്യാലയങ്ങളില് പ്രഭാത ഭക്ഷണം
- നീന്തൽ യോഗ പരിശീലനം
- GVHSS പുളിങ്ങോം കളിസ്ഥല നവീകരണം പൂർത്തീകരിക്കല്
- പൊതു കളിസ്ഥലം നിർമ്മാണം (ഓരോ വാർഡിലും).
- വായനശാല/ഗ്രന്ഥാലയം - ഭൌതീക സൌകര്യം വർദ്ധിപ്പിക്കൽ.
- അങ്കണവാടി – പഴയ കെട്ടിടങ്ങള് മാറ്റി പുതിയ കെട്ടിടം പണിയുക.
- ശാസ്ത്രീയ കലകളില് പരിശീലനം.
- വിദ്യാലയങ്ങളിൽ ഓഡിറ്റോറിയം നിർമ്മിക്കുക.
- എല്ലാ കുട്ടികൾക്കും ലാപ് ടോപ്പ് / ടാബ് നൽകുക.
- ഗെയിം ഫെസ്റ്റിവൽ.
- വായന ശാലകൾക്ക് കെട്ടിട സൗകര്യം
- എല്ലാ വിദ്യാലയങ്ങളിലും ഗേൾസ് ഫ്രണ്ട് ലി ടോയ്ലറ്റുകൾ.
- എല്ലാ വിദ്യാലയങ്ങളിലുംപെൺകുട്ടികൾക്ക് റെസ്റ്റ് റും
- ചെറുപുഴ മിനിസ്റ്റേഡിയം വിപുലീകരണം
- എല്ലാ വിദ്യാലയങ്ങൾക്കും വാഹനം അനുവദിക്കല്
- കല കായിക ക്രാഫ്റ്റ് വിഷയങ്ങളിൽ പരിശീലനത്തിന് അദ്ധ്യാപകരെ നിയമിക്കുക.
- മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തീക സഹായം നൽകുക.
- വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണം ഒരുക്കുക.
- നീന്തൽ, യോഗ പരിശീലനം.
- സമ്പൂർണ്ണ ഇ സാക്ഷരത കൈവരിക്കാനുള്ള പ്രവർത്തനം.
- വിദ്യാലയങ്ങളിൽ ഹൈസ്പീഡ് ഇൻറർനെറ്റ് സംവിധാനം.
- ഷോർട്ട് ഫിലിം നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങള് നല്കുക.
- എല്ലാ പ്രി പ്രൈമറി കുട്ടികൾക്കും മുട്ട, പാൽ വിതരണം
- പ്രി പ്രൈമറി കുട്ടികൾക്ക് പാർക്ക്, കളി ഉപകരണങ്ങൾ എന്നിവ.
- എല്ലാ വിദ്യാലയങ്ങൾക്കും ചുറ്റുമതിൽ.
- ഹയർ സെക്കണ്ടറി തലം വരെ ഉച്ചഭക്ഷണം വിതരണം
- എല്ലാ വിദ്യാലയങ്ങളിലും കൌൺസിലർമാരുടെ സേവനം.
- എല്ലാ വിദ്യാലയങ്ങളിലും ഡിജിറ്റല് ലൈബ്രറി.
- ഗോത്ര സാരഥി പദ്ധതി വ്യാപിപ്പിക്കൽ
- പഞ്ചായത്ത് തലത്തിൽ ഇൻഡോര് സ്റ്റേഡിയം

`

- കാനംവയൽ സാംസ്കാരിക നിലയം പൂർത്തീകരണം
- ലാംഗ്വേജ് ലാബ് – ഇംഗ്ലീഷ് പഠനത്തിന്.
- പഞ്ചായത്തിൻറെ പ്രത്യേകതയും വിഭവങ്ങളും ഉപയോഗപ്പെടുത്തി ടൂറിസം മേഖലക്ക് കരുത്ത് പകരുന്ന ഹ്രസ്വ-ദീർഘകാല കോഴ്സുകള് ആരംഭിക്കുക.
- തുടർ വിദ്യാ കേന്ദ്രങ്ങള് ആരംഭിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുക.
- തുടർ വിദ്യാ കന്ദ്രങ്ങളില് കേവല സാക്ഷരതക്ക് പുറമെ തൊഴിലധിഷ്ഠിത
- വിദ്യാഭ്യാസമായിരിക്കണം നൽകേണ്ടത്.
- ചൂരപ്പടവ്, കാനംവയൽ പ്രദേശങ്ങളില് എല് പി വിദ്യാലയം ആരംഭിക്കുക.
- വിവിധ തൊഴിൽ മേഖലകളിലുള്ളവരുടെ ക്ലാസ്സുകള് കുട്ടികൾക്ക് നൽകുക
- ചരിത്ര മ്യൂസിയം ഉണ്ടാക്കൽ
- വായനശാലയ ഗ്രാന്ഥാലയം- ഭൌതിക സൌകര്യം വർധിപ്പിക്കല്
- അംഗൻവാടി- പഴയ കെട്ടിടങ്ങള് മാറ്റി പുതിയത് പണിയുക.
- ശാസ്ത്രീയ കലകളിൽ പരിശീലനം
- എല്ലാ വിദ്യാലയങ്ങൾക്കും വാഹനം
- കലാ കായിക ക്രാഫ്റ്റ് വിഷയങ്ങളിൽ പരിശീലനത്തിന് അധ്യാപകരെ നിയമിക്കുക.
- മത്സര പരീക്ഷകൾക്ക് പരിശീലനം – പി.എസ്.സി കോച്ചിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- സമ്പൂർണ്ണ ഇ -സാക്ഷരത കൈവരിക്കാനുള്ള പ്രവർത്തനം
- വിദ്യാലയങ്ങളിൽ ഹൈ-സ്പീഡ് ഇൻറർനെറ്റ്
- 7, 8 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് USS, NMMS സ്കോളർഷിപ്പിനായി പ്രത്യേക പരിശീലനം

`

# അദ്ധ്യായം 5 :സംയോജന സാധ്യതകൾ

സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികള് നിർമ്മാണം എന്നിവയ്ക്ക് ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ ഉപയോഗപ്പെടുത്തുന്നു. എല്ലാ വർഷം SSK വിഹിതം വിദ്യാഭ്യാസ പുനരജ്ജീവന പ്രവർത്തനങ്ങൾക്കായി നൽകി വരുന്നുണ്ട്. കുടുംബശ്രീ യൂണിറ്റ് വഴി ബാലസഭകളുടെ പ്രവർത്തനം ഊർജ്ജിതമായി നടത്തി വരുന്നു. വിവിധ ലൈബ്രറികളുടെ നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവ ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പദ്ധതിയായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു.

# പൊതുമരാമത്ത്

## വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള്

| ക്രമ. നം | പേരും,വിലാസവും | ഫോൺ നമ്പർ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/പുരുഷൻ | എന സ്.ടി/ |
|---|---|---|---|---|---|
| 1 | പ്രിൻസ് വെള്ളക്കട | 9496705398 | ചെയർമാൻ | പു | ജ |
| 2 | ബാബു പി വി | 9744200655 | വൈസ് ചെയർമാൻ | പു | ജ |
| 3 | ലാലിച്ചൻ മൈലാടുപാറ | 7306369907 | അംഗം | പു | ജ |
| 4 | ടി മോഹനൻ | 9495149179 | അംഗം | പു | ജ |
| 5 | ലക്ഷ്മണൻ പി | 9745295899 | അംഗം | പു | ജ |
| 6 | പത്മനാഭൻ ആർ കെ | 9495376028 | അംഗം | പു | ജ |
| 7 | സതീശൻ കെ ജി | 9446266865 | അംഗം | പു | ജ |
| 8 | ആന്റണി വളവനാട്ട് | 9447641132 | അംഗം | പു | ജ |
| 9 | ജോസഫ് തോമസ് ഉറുകുഴിയിൽ | 9847746875 | അംഗം | പു | ജ |
| 10 | രവീന്ദ്രൻ വി വി | 9995032006 | അംഗം | പു | ജ |
| 11 | ജോസഫ് പൊടിമറ്റത്തിൽ | 9497386597 | അംഗം | പു | ജ |
| 12 | വിനു തോമസ് | 9436918108 | അംഗം | പു | ജ |
| 13 | പ്രസാദ് പി എസ് | 90610742 | അംഗം | പു | ജ |

| | | | | | |
|---|---|---|---|---|---|
| | | 01 | | | |
| 14 | ഷിജു മാത്യു | 9400552803 | അംഗം | പു | ജ |
| 15 | വി ഭാർഗ്ഗവി | 9744545531 | അംഗം | സ്ത്രീ | ജ |
| 16 | വിനോദ് എം | 9747130894 | അംഗം | പു | ജ |
| 17 | ബേബി കോളാകോട്ട് | 8281452754 | അംഗം | പു | ജ |
| 18 | വിനോദ് നിരവത്ത് | 6282024121 | അംഗം | പു | ജ |
| 19 | ബാബു കണംകൊമ്പിൽ | 9446278298 | അംഗം | പു | ജ |
| 20 | സജി ജോസഫ് | 9446902444 | അംഗം | പു | ജ |
| 21 | മൺസൂർ | 9946461540 | അംഗം | പു | ജ |
| 22 | വർക്കി തുണ്ടിയിൽ | 7012717753 | അംഗം | പു | ജ |
| 23 | റോജി പൂഴിക്കനടക്കൽ | 9447488087 | അംഗം | പു | ജ |
| 24 | അസി. എഞ്ചിനീയർ | | | | കണ |

`

വികസന മേഖല :പൊതുമരാമത്ത്

`

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്:ചെറുപുഴ ഗ്രാമ പഞ്ചായത്ത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെമേൽവിലാസം:ചെറുപുഴ പി ഒ, കണ്ണൂർജില്ല.05/02/2026 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.

| | | |
|---|---|---|
| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
| വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് | വർക്കിംഗ് ഗ്രൂപ്പ് |
| ചെയർപേഴ്സണ് | വൈസ്ചെയർപേഴ്സണ് | കൺവീനര് |

# ആമുഖം

ചെറുപുഴഗ്രാമപഞ്ചായത്ത്രൂപീകൃതമായിട്ട്രണ്ടുദശാബ്ദങ്ങൾകഴിഞ്ഞിരിക്കുന്നു. ലോകംമുഴുവൻഅതിനൂതനശാസ്ത്രസാങ്കേതികവിദ്യകളുടെഅഭൂതപൂർവമായവളർച്ചദർശിച്ചഈകാലഘട്ടത്തിൽ, പുരോഗമനപരമായപലമാറ്റങ്ങളുംകൈവരിക്കുവാൻചെറുപുഴപഞ്ചായത്തിനുംസാധിച്ചു. അവിഭക്തപെരിങ്ങോം-വയക്കരപഞ്ചായത്തിൻ്റെസാമ്പത്തിക-സാമൂഹികമണ്ഡലത്തിൽഅതിനിർണായകമായസ്ഥാനംഅലങ്കരിച്ചിരുന്നു.ഇന്നത്തെചെറുപുഴഗ്രാമപഞ്ചായത്ത്ഉൾപ്പെടുന്നഭൂപ്രദേശം. ചെറുപുഴപഞ്ചായത്തിന്റെ ഇന്നത്തെസ്ഥിതിയെ, അതിന്റെശൈശവദശയുമായിതാരതമ്യംചെയ്താൽ, വികസനപരമായഒട്ടേറെമാറ്റങ്ങളും, ഭാവിയെസംബന്ധിച്ചശുഭസൂചനകളുംഎല്ലാരംഗത്തുംദൃശ്യമാണ് .

ഗതാഗതരംഗത്തുണ്ടായവളർച്ച, ഇതിൽഎടുത്തുപറയേണ്ടതാണ്. പുതിയറോഡുകൾ, കലുങ്കുകൾ, പാലങ്ങൾഎന്നിവയുടെനിർമാണവും, നിലവിൽഉണ്ടായിരുന്നവയുടെനവീകരണവുംവൻതോതിൽസാധ്യമായി.

`

നാമമാത്രമായിരുന്നപലപാതകളും, വിവിധപദ്ധതികളുടെഭാഗമായിടാർറോഡുകളും, കോൺക്രീറ്റ്റോഡുകളുമായിവളർച്ചപ്രാപിച്ചു.
പഞ്ചായത്തിന്റെഹൃദയഭാഗത്തുകൂടികടന്നുപോകുന്നമലയോരഹൈവേ, അയൽപഞ്ചായത്തുകളിലേക്കുംഅവിടെനിന്നുംഇങ്ങോട്ടുമുള്ളജനസഞ്ചാരംസുസാധ്യമാക്കുകയും, തന്മൂലം, ചെറുപുഴപട്ടണത്തിന്റെവളർച്ചയിൽനിർണായകമായസ്വാധീനംചെലുത്തുകയുംചെയ്തു.
ചെറുപുഴപട്ടണത്തേയും, ഈസ്ററ്എളേരിപഞ്ചായത്തിനെയുംബന്ധിപ്പിക്കുന്നറെഗുലേറ്റർകംബ്രിഡ്ജ്,, മലയോരഹൈവേയുടെഭാഗമായപാലം, എന്നിവപഞ്ചായത്തിന്റെവികസനവഴികളിലെനാഴികക്കല്ലുകളാണ്. ഉമയംചാൽ, പ്രാപ്പൊയിൽഎന്നിവിടങ്ങളിൽപണിതീർത്തറെഗുലേറ്റർകംബ്രിഡ്ജ്കളുംഈകാലയളവിലെ എണ്ണംപറഞ്ഞനേട്ടങ്ങളാണ്

എന്നിരിക്കിലും, മുഖ്യമായുംകാർഷികവരുമാനത്തെആശ്രയിക്കുന്നകിഴക്കൻമലയോരഗ്രാമങ്ങളിൽ, ക്രമാനുഗതമായവളർച്ചപലരംഗങ്ങളിലുംഇനിയുംഉണ്ടായിട്ടില്ലഎന്നകാര്യംനിസ്തർക്കമാണ്. ഇവിടെഎടുത്തുപറയേണ്ടുന്നവിഷയം, റോഡുകളുടെശോചനീയാവസ്ഥയും, തന്മൂലമുള്ളഗതാഗതപ്രശ്നങ്ങളുമാണ്. ഏത്അർത്ഥത്തിലുള്ളവികസനവും, ഗ്രാമാന്തരങ്ങളിലേക്ക്എത്തിച്ചേരുകറോഡുകളുംപാലങ്ങളുംവഴിയാണ്. ആയതിനാൽ, ഈഅടിസ്ഥാനആവശ്യങ്ങളെ, വിസ്മരിച്ചുകൊണ്ടുള്ളവികസനപദ്ധതികൾ, ഒരുപക്ഷെമഹത്തരമെന്ന്പ്രഥമദൃഷ്ട്യാതോന്നിയാലും, നിരർത്ഥകമാണ്.

# അദ്ധ്യായം 1

## 2000 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

### 2000 ലെ അവസ്ഥ:

ഒമ്പതാം പദ്ധതികാലത്ത് ചെറുപുഴ ഗ്രാമപഞ്ചായത്ത് നിലവിലില്ലായിരുന്നു.മാതൃപഞ്ചായത്തായ പെരിങ്ങോം ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയത്. അതു സംബന്ധിച്ചുള്ള കണക്കുകളും രേഖകളും പെരിങ്ങോം വയക്കര ഗ്രാമപഞ്ചാത്തിലാണുള്ളത്. ഗതാഗതമേഖലയിൽ നടപ്പിലാക്കിയി വികസനത്തെ കുറിച്ചുള്ള വിശദമായ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല. എങ്കിലും ലഭ്യമായ കണക്ക് അനുസരിച്ച് 98 പദ്ധതികളിലായി ആകെ 80,48,898 രൂപ ഗതാഗതതലമേഖലയില് ചെറുപുഴ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. അവസാന വർഷത്തെ പദ്ധതി പ്രവർത്തനം നടത്തിയത് ചെറുപുഴ ഗ്രാമപഞ്ചായത്തിലാണ്. അതിനെ സംബന്ധിച്ചുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

`

ഒമ്പതാം പദ്ധതിയിൽ ഗതാഗത മേഖലയെ സംബന്ധിച്ചുള്ള പൊതുവായ ഒരു അവലോകനം നടത്തിയാൽ താഴെ പറയുന്ന വസ്തുതകള് ബോദ്ധ്യപ്പെടും. ഗതാഗതമേഖലയിൽ ചിലവഴിച്ച തുക മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് നോക്കുമ്പോള് വലിയ തുകയാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ പ്രത്യേകസ്ഥിതി പരിഗണിക്കുമ്പോൾ ഈ തുക തീരെ മതിയാകുമായിരുന്നില്ല. അത്രയേറെ രൂക്ഷമായിരുന്ന ഗതാഗതമേഖലയിലെ പ്രശ്നങ്ങൾ ചിലവഴിച്ച തുകയ്ക്ക് ആനുപാതികമായി പ്രശ്നങ്ങള് പരിഹരിക്കാന് കഴിഞ്ഞെങ്കിലും ഒട്ടേറെ ഗതാഗത പ്രശ്നങ്ങള് ബാക്കികിടക്കുന്നു. ഗതാഗതമേഖലയിൽ ലക്ഷ്യമിട്ടതിനെക്കാൾ നേട്ടങ്ങള് കൈവരിക്കാന് കഴിഞ്ഞതായി കാണാം.

കൈവരിച്ച നേട്ടങ്ങൾ

- ഗതാഗതമേഖലയ്ക്ക് അനുവദിച്ച തുകയ്ക്ക് ഒട്ടും മൂല്യശോഷണം സംഭവിച്ചില്ല. മുഴുവൻ തുകയും പദ്ധതിക്കായി വിനിയോഗിച്ചു.
- അനുവദിച്ച തുകയുടെ 60 ശതമാനം വരെ അധിക തുക മനുഷ്യാദ്ധ്വാനവും പണവുമായി സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ടപ്രോജക്റ്റിൽ ഉദ്ദേശിച്ചതില് കൂടുതല് പ്രവർത്തികള് നടത്താനും വിഭവ സമാഹരണം നടത്തുവാനും കഴിഞ്ഞിട്ടുണ്ട്.
- ഗുണഭോക്തൃ കമ്മിറ്റികൾ വഴി വ്യാപകമായ ജനപങ്കാളിത്തം ഉറപ്പുവരുത്താന് കഴിഞ്ഞു.
- നടപ്പിലാക്കിയ പ്രവർത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാന് കഴിഞ്ഞു. ഉദാഹരണമായി ഗുണഭോക്തൃ കമ്മിറ്റികൾ ടാര് ചെയ്ത റോഡുകള് 4-5 വർഷം കഴിഞ്ഞിട്ടും യാതൊരു കേടുപാടും കൂടാതെ നിലനിൽക്കുന്നതായി കാണാം.
- പദ്ധതിനിർവ്വഹണം കാര്യക്ഷമമായും സമയനിഷ്ഠയോടെയും പൂർത്തിയാക്കാന് ഗുണഭോക്തൃ കമ്മിറ്റിക്ക് കഴിഞ്ഞു.
- ഗതാഗത സൗകര്യം മെച്ചപ്പെട്ടു. കണക്കുകൾ ലഭ്യമല്ലാത്തതിനാല് എത്ര കിലോമീറ്റര് ടാർ ചെയ്തു എത്ര കലുങ്കുള് പാലങ്ങള് എന്നിവ നിർമ്മിച്ചുവെന്ന് പട്ടികപ്പെടുത്താന് ആയിട്ടില്ല.
- ഗതാഗത സൗകര്യം മെച്ചപ്പെട്ടതോടുകൂടി കാർഷിക വിളകള് വിപണിയില് എത്തിക്കാനും വിത്തും വളവും കൃഷിയിടങ്ങളിൽ എത്തിക്കാനും എളുപ്പത്തില് സാധിക്കുന്നു.
- ഗുണഭോക്തൃ കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ ഐക്യം വളർത്താന് കഴിഞ്ഞു.

ഒമ്പതാം പദ്ധതികാലത്ത് ഊർജ്ജ മേഖലയില് നടപ്പാക്കിയ പദ്ധതികള് താരതമ്യേന കുറവായിരുന്നതായി കാണാം. ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കാന് സാധിച്ചുവെന്ന് കാണാം. വലിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാന് കഴിഞ്ഞില്ലെങ്കിലും സ്ഥായിയായ നേട്ടങ്ങള് ഉള്ള ബയോഗ്യാസ് പ്ലാൻറ്, കമ്മ്യൂണിറ്റി അടപ്പുകള് തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകാന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഊർജ്ജ മേഖലയില് പല പദ്ധതികൾക്കും പ്രൊജക്റ്റ് തയ്യാറാക്കി എങ്കിലും പാതി വഴിയിൽ ഉപേക്ഷിക്കുന്ന സാഹചര്യങ്ങളാണ് ഉള്ളത്.

## ഇന്നത്തെ അവസ്ഥ:

`

ചെറുപുഴപട്ടണത്തിലെബസ്സ്സ്റ്റാൻഡിന്റെവികസനം, ഗതാഗതരംഗത്ത്ഈപഞ്ചയാത്ത്കൈവരിച്ചമികച്ചനേട്ടമാണ്പഞ്ചായത്തിന്റെഏറ്റവുംകിഴക്കൻമലയോരഗ്രാമമായരാജഗിരി-ജോസ്ഗിരിഭാഗത്തേക്കുള്ളറോഡുകൾമുൻകാലങ്ങളെഅപേക്ഷിച്ച് കൂടുതൽയാത്രായോഗ്യമാവുകയും, വിനോദസഞ്ചാരത്തിനുള്ളസാധ്യതകൾതുറന്നിടുകയുംചെയ്തു. പ്രധാനപ്പെട്ടറോഡുകളുടെഒട്ടുമിക്കനാട്ടുകവലകളിലും, ചെറുപട്ടണങ്ങളിലും high mast/low mast തെരുവുവിളക്കുകൾസ്ഥാപിച്ചിട്ടുണ്ട്. ത്രിതലപഞ്ചായത്തുകളുടെയും, സർക്കാർ, സർക്കാർഇതരസംവിധാനങ്ങളുടെയുംധനസഹായത്തോടെഒട്ടനവധിനിർമ്മാണ, പുനരുദ്ധാരണപ്രവർത്തികൾഇതിനോടകംനടപ്പിലാക്കികഴിഞ്ഞു.

എങ്കിലും, റോഡുകളുടെപൊതുനിലവാരംപരിഗണിക്കുമ്പോൾ, സ്ഥിതിഇനിയുംമെച്ചപ്പെടേണ്ടതുണ്ട്എന്നതാണ്വസ്തുത. ഗുരുതരമായഗതാഗതപ്രശ്നങ്ങൾനേരിടുന്നറോഡുകൾഇപ്പോഴുംപഞ്ചായത്തിൽഉണ്ട്. ടാറിംഗ്, റീടാറിംഗ്തുടങ്ങിയപ്രവർത്തികൾസമയബന്ധിതമായിനടപ്പാക്കാൻകഴിയാത്തതുമുതൽ, അപകടകരമായ, വളവുകളിലെഅപായസൂചനാബോർഡുകളുടെയും, ദിശാസൂചികകൾ, തെരുവുവിളക്കുകൾമുതലായവയുടെയുംഅഭാവംവരെയുംഗതാഗതവുമായിബന്ധപ്പെട്ട്നിലനിക്കുന്നപ്രശ്നങ്ങളാണ്.

സമയാസമയംറീടാറിംഗ്, അറ്റകുറ്റപണികൾഎന്നിവനടത്താൻകഴിയാത്തതാണ്റോഡുകളുടെതകർച്ചക്ക്മുഖ്യമായകാരണങ്ങൾ. കോൺക്രീറ്റ്കാനകൾഉള്ളറോഡുകൾവളരെവിരളമാണ്എന്നതിനാൽ, മഴക്കാലത്തെവ്വെള്ളംറോഡിലൂടെഒഴുകിഒട്ടുമിക്കറോഡുകളുംതകരുന്നസ്ഥിതിനിലനിൽക്കുന്നു. കലുങ്കുകളുടെകുറവാണ്മറ്റൊരുകാരണം. മലയോരപ്രദേശങ്ങളിലെചെറുനീരൊഴുക്ക്, കേവലംഓവുചാലുകൾക്ക്പ്രധിരോധിക്കാവുന്നതിലുംഭീമമാണ്. ജനപങ്കാളിത്തത്തോടെനിർമിച്ചതാരതമ്യേനചെറുകലുങ്കുകളാണ്നിലവിൽഉള്ളവയിൽഏറെയും. റോഡിന്റെവശങ്ങളിൽതടികൾകൂട്ടിയിടുന്നതും, ഒഴുക്കുവെള്ളംതടസ്സപ്പെടുംവിധംആളുകൾഅവരുടെവീടുകളിലേക്ക്റോഡുകൾപഞ്ചായത്തുറോഡിൽനിന്നുംറോഡുകൾതുറക്കുന്നതുംകാനകൾമൂടിമഴക്കാലത്ത്റോഡുകൾതകർക്കുന്നതിന്ഇടവരുത്തുന്നുണ്ട്. ടാറിംഗ്, കോൺക്രീറ്റ്പണികളുടെഗുണനിലവാരവുംറോഡുകളുടെതകർച്ചയുമായിബന്ധപ്പെടുത്തിപരിശോധനകൾക്ക്വിധേയമാക്കേണ്ടവിഷയമാണ്. റോഡുകളുടെസ്ഥിതിമെച്ചപ്പെടാത്തിടത്തോളംകാലം, മറ്റേതൊരുക്ഷേമപ്രവർത്തനങ്ങളുംഫലപ്രദമായിജനങ്ങളിൽഎത്തിക്കുവാൻകഴിയുകയില്ല. കാർഷികരംഗംമുതൽകച്ചവടങ്ങൾവരെ, റോഡുകളുടെനിലവാരത്തകർച്ചയിൽഭീഷണിനേരിടുന്നുണ്ട്.

